# ആത്മീയ വിഭവങ്ങൾ

ഡിസംബർ 2010

## ഇടയ വിളിയെകുറിച്ചുള്ള വിശ്വാസം



## ഉള്ളടക്കം

**1-ശുശ്രൂഷക്കാർ എന്ന നിലയിൽ പ്രാപ്തരായവർ** 3
സ്റ്റീഫൻ ഫിലിപ്പ് ഗ്രീൻ

**2- വെല്ലുവിളികളുടെ കാലത്തേക്കുള്ള ആത്മധൈര്യമുള്ളതും വിശ്വാസയോഗ്യവുമായ നേതൃത്വം** 6
കെന്റ് ജെ. ഇംഗിൾ
രൂപാന്തരപ്പെടുത്തുന്നവൻ അഥവാ വ്യത്യസമുണ്ടാക്കുന്നവൻ എന്നു നാം ചിന്തിക്കുന്ന ഒരു നേതാവിന്റെ അടുത്തു നിന്നു നാം പ്രതീക്ഷിക്കുന്നത് എന്താണ്? ആത്മധൈര്യത്തോടുകൂടിയ വ്യത്യാസപ്പെടുത്തുന്ന നേതൃത്വത്തിന് ഉൾപ്പെട്ടിരിക്കുന്ന കാര്യങ്ങൾ.

**3-നിങ്ങളുടെ സാന്മാർഗികതയെ മറ്റുള്ളവരിലേക്ക് ചെലുത്തുവാൻ നിങ്ങൾ ആരാണ്?** 11
പോൾ കോപാൻ

**4- തിമൊഥെയോസിനെ തേടിക്കൊണ്ട്** 15
ടോണി. കുക്
മേന്മയുള്ളതും ആദരവുനൽകുന്നതുമായ ശുശ്രൂഷയ്ക്ക് ആവശ്യമായ കുറിപ്പുകൾ

**5- ശ്രേഷ്ഠരായ ആത്മീയ നേതാക്കളെ ഉരുവാക്കുന്ന മാർഗദർശനം നൽകൽ** 20
ജെ . ഡോൺ ജോർജ്
പ്രപഞ്ചത്തിന്റെ മാതൃകാ പൂർവമായ മാർഗദർശി എന്നു പറയുന്നത് യേശുവാണ്. യേശുവിന്റെ മാർഗദർശന തത്വങ്ങളെ നാം നന്നായി പരിഗണിക്കേണ്ടതുണ്ട്.

**6- ഒഴിഞ്ഞു മാറ്റത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കേണ്ട സമയം ഇത് .** 25
പോൾ വാട്ടർമാൻ
ജീവിതത്തിൽ പ്രലോഭനങ്ങളോടു പോരാടുമ്പോൾ അവയുടെമേൽ ജയംകൊള്ളേണ്ടതിന് വിശ്വസനീയനായ ഒരു സ്നേഹിതനാവശ്യമാണ്.

**7- വിശ്വസ്തരെ ശിഷ്യരാക്കുക അവിശ്വസ്തർക്ക് ശുശ്രൂഷ ചെയ്യുക** 29
ഹാർവേ. എ. ഹെർമൻ

**8-ശക്തിയായി തീർക്കുക** 32
ജോർജ് ഒ. വുഡ്,

Life Publishers International

**പ്രപഞ്ചം എത്രമാത്രം ബൃഹത്തായതാണെന്ന് ചിന്തിച്ചു നോക്കുക.**

**ഒരു പേപ്പർ കഷണത്തിന്റെ കനം ഭൂമിയിൽ നിന്നും സൂര്യനിലേക്കുള്ള ദുരത്തിന്റെ 93 മില്യൻ മൈൽ അളവിന്റെ തോതായി കണക്കാക്കുക. പ്രകാശം എട്ടു സെക്കന്റുകൊണ്ട് 186,282 മൈൽ/ സെക്കന്റിൽ യാത്ര ചെയ്യുന്നു മുമ്പു പറഞ്ഞതുപോലെ പേപ്പറുകൾ 71 അടി ദൂരത്തിൽ അടുക്കി വെച്ചാലുള്ള കനത്തിന്റെ തോത് നോക്കിയാൽ ഭൂമിയോട് ഏറ്റവും അടുത്ത നക്ഷത്രത്തിലേക്കുള്ള ദൂരമാകും. അതായത് 26 ത്രില്യൻ മൈലുകൾ. നമ്മുടെ ഗ്യാലക്സിയുടെ ഡയാമീറ്റർ 310 മൈൽ ഉയരത്തിൽ വെച്ചിരിക്കുന്ന പേപ്പറിന്റെ തോതിന് അനുസരിച്ച ദൂരമുണ്ട്. ദൂരദർശിനിയിലൂടെ നിങ്ങൾക്കു കാണാവുന്ന പ്രപഞ്ച ദൂരത്തിന് മുപ്പത്തിയൊന്നു മില്യൻ മൈൽ ഉയരമുള്ള പേപ്പറിന്റെ അടുക്കിന്റെ അളവ് തോതാകും. നമ്മുടെ ഭൂമി ഈ പ്രപഞ്ചവുമായി തട്ടിച്ചു നോക്കുമ്പോൾ ഒരു വൻ കാട്ടിലെ ചെറിയ ജീവിപോലെയാണ്. ഞാനും നിങ്ങളും ആ ചെറിയജീവിയുടെ മേലുള്ള കാണാൻ പോലും പ്രയാസമായ ചെറിയ പുള്ളികളാണ്. എന്നാൽ നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മെ പരിഗണിക്കാതിരിക്കുന്നില്ല. നമ്മെ അവിടുന്ന് എത്രമാത്രം സ്നേഹത്തോടെ കാത്തുസൂക്ഷിക്കുന്നുവെന്നത് നാം ചിന്തിച്ചു നോക്കേണ്ട കാര്യമാണ്. നാം വീഴുമ്പോൾ കർത്താവ് നമ്മെ താങ്ങുന്നു. ഇടറുമ്പോൾ നമ്മെ എഴുന്നേൽപ്പിച്ചു നടത്തുന്നു. തക്കസമയത്ത് നമുക്ക് ഭക്ഷണം നൽകുന്നു. അവിടുത്തെ കൈകൾ തുറന്ന് നമ്മുടെ വാഞ്ഛകളെ തൃപ്തിപ്പെടുത്തുന്നു (സങ്കീ. 145: 14–16). സ്തുതികളാൽ നിറഞ്ഞ ഹൃദയത്തോടെ നമുക്കു ദൈവത്തിൽ വിശ്വാസമർപ്പിക്കാം.**

**ജോർജ്ജ് ഒ. വുഡ്സ്**

*A Psalm Of Your Heart*

**Life Publishers International**

© Copyright Life Publishers 2009
Published by Life Publishers, Springfield, Missouri USA
All rights reserved.

എൻറിച്ചുമെന്റ് ജേർണൽ ഇപ്പോൾ നിങ്ങൾക്ക് 12 ഭാഷകളിൽ ഓൺ ലൈനിൽ വായിക്കാവുന്നതാണ്. എൻറിച്ചുമെന്റ് ജേർണലിന്റെ വെബ്സൈറ്റിന്റ ചെന്ന് യോജ്യമായ പതാകയിന്റ ക്ലിക്ക് ചെയ്യുക. മലയാളം, തമിഴ്, ബംഗാളി, ഹിന്ദി,ഫ്രഞ്ച്, റഷ്യൻ, റുമേനിയൻ, ഹംഗേറിയൻ, ക്രൊയേഷൻ, ജർമ്മൻ, സ്പാനിഷ്, ഉക്രേനിയൻ, എന്നിങ്ങനെ 12 ഭാഷാ തെരഞ്ഞെടുപ്പുകൾ അവിടെ ലഭ്യമാണ്. ഇങ്ങനെ നിങ്ങൾക്ക് ഓൺ ലൈനിൽ ജേർണലുകൾ വായിക്കുവാനും സൗകര്യാർത്ഥം ഡൗൺലോഡ് ചെയ്യുവാനും സാദ്ധ്യമാണ്.

കടുതൽ വിവരങ്ങൾക്ക് : http://www.enrichmentjournal.ag.org സന്ദർശിക്കുക.
EnrichmentJournal@lifePublishers.org. എന്ന ഈമെയിലിൽ ഞങ്ങളുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.



# ശുശ്രൂഷക്കാർ എന്ന നിലയിൽ പ്രാപ്തരായവർ

സ്റ്റീഫൻ ഫിലിപ്പ് ഗ്രീൻ

*ഞങ്ങളിൽ എന്തെങ്കിലും മേന്മയുള്ളതായി അവകാശപ്പെടാൻ ഞങ്ങൾക്കു യോഗ്യതയില്ല. ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നു വരുന്നു. അവിടുന്ന് ഞങ്ങളുടെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരായിരിപ്പാൻ പ്രാപ്തരാക്കി.( 2 കൊരി.3: 5,6).*

**വി**ജയത്തെക്കുറിച്ചും പ്രാപ്തമാക്കലിനെക്കുറിച്ചും പ്രതീക്ഷ നിറഞ്ഞ ലോകത്തിൽ പര്യാപ്തതയെക്കുറിച്ചും കഴിവിനെക്കുറിച്ചുമുള്ള ചോദ്യങ്ങൾ നമ്മുടെ ശുശ്രൂഷയ്ക്ക് വെല്ലുവിളിയായിത്തീരുന്നു. പൗലോസിനും ഇതുപോലെയുള്ള ചേദ്യ സംബന്ധമായ പോരാട്ടമുണ്ടായിരുന്നു. ഈ ജനങ്ങൾക്ക് ശുശ്രൂഷ ചെയ്യുവാൻ ഞാൻ യോഗ്യനാണോ ? ഈ കർത്തവ്യം ഞാൻ ചെയ്തു തീർക്കുന്നത് എങ്ങനെയാണ്? പൗലോസിന്റെ മറുപടി ആത്മധൈര്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വ്യക്തിപരമായ പോരാട്ടങ്ങളെയും അപ്പൊസ്തോല ഉത്തരവാദിത്വങ്ങളെക്കുറുച്ചുള്ള പൊതുവായ പോരാട്ടങ്ങളെയും വെളി പ്പെടുത്തുന്നു.

ഒരു സന്തോഷകരമായ, ആരോഗ്യകരമായ, വിശ്വാസത്താൽ നിറയപ്പെട്ട ശുശ്രൂഷയുടെ താക്കോൽ നമ്മിൽ അല്ല, ക്രിസ്തുവിൽ നാം യോഗ്യരായവർ അഥവാ പ്രാപ്തർ എന്നത് മനസിലാക്കുന്നതിലാണ് നിലകൊള്ളുന്നത്. ഒന്നാമതായി, ശുശ്രൂഷകന്മാരെ ദൈവം തന്റെ കൃപയിൽ അഥവാ കരുണയിൽ പങ്കാളികളാക്കിയിരിക്കുകയാണ്. രണ്ടാമതായി, നാം പാപങ്ങളാൽ വഷളായിപ്പോയ ഉലകത്തിന് പ്രത്യാശയും സൗഖ്യവും നൽകുന്ന ശുശ്രൂഷക്കാരായിരിക്കുന്നു. ദൈവം ശുശ്രൂഷക്കാരെ വിളിച്ച് അവരെ ഒരുക്കിയെടുത്ത് അവർ തന്റെ സുവിശേഷത്തെ ഭൂമിയുടെ അറ്റങ്ങളോളം പ്രഘോഷിക്കുന്നതിന് പ്രാപ്തരായവർ എന്ന് അറിയിക്കുകയാണെന്ന് പൗലോസ് തന്റെ ജീവിതത്തിൽ എടുത്തുകാട്ടി.

വിശനിനരിക്കുന്നവർ രുചികരമായ ഭക്ഷണത്തിന്റെ വാസന നിമിത്തം ആകർഷിക്കപ്പെടുന്നതുപോലെ ദൈവത്തിനുവേണ്ടി എരിവോടെ ഇരിക്കുന്ന ജനങ്ങൾ ആത്മീയ ദാഹമുള്ള ജനങ്ങളെ ആകർഷിക്കുവാനിടയാകും. ക്രിസ്ത്യാനികൾ ജീവനിൽ നിന്ന് ജീവനിലേക്കുള്ള വാസനയായിരിക്കുന്നുവെന്ന് പൗലോസ് രേഖപ്പെടുത്തുന്നു. ( 2 കൊരിന്ത്യ. 2: 16). ഇത് ബലിപീഠത്തിൽ ചെലുത്തപ്പെടുന്ന ദഹനബലിയുടെ വാസന ജനങ്ങളിൽ വിശ്വാസത്തെ ഊട്ടി ഉറപ്പിക്കുന്നു. ജനങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും കുടുംബങ്ങൾ ദൈവവുമായി ബന്ധം

പുനസ്ഥാപിക്കുകയും ചെയ്യുന്നു. എന്നാൽ ഇതിന് ആരാണ് പ്രാപ്തൻ ? (2 കൊരിന്തി. 2: 16). ബലിപീഠത്തിൽ ബലിയിടപ്പെടുന്ന ബലിമൃഗം തങ്ങളുടെ പാപത്തിനോ അഥവാ യിസ്രയേലിന്റെ പാപത്തിനോ പരിഹാരമുണ്ടാക്കുന്നതിന് മതിയായതല്ലാ എന്ന് ചിലർക്ക് ബോധ്യപ്പെട്ടിരുന്നിരിക്കാം എന്നാൽ ഒരു കാളയെ യാഗം കഴിക്കുവാനാണ് ദൈവം യിസ്രയേൽ മക്കൾക്ക് കല്പന കൊടുത്തത്. ദൈവം അതിനെ സ്വീകരിക്കുന്നു എന്നത് തികച്ചും എടുത്തു പറയതക്ക കാര്യമാണ്. ജനങ്ങളുടെ ബലഹീനതയുടെ മദ്ധ്യത്തിലും ദൈവം അവരെ തനിക്കു ശുശ്രൂഷ ചെയ്യുവാൻ വിളിക്കുന്നു. ശുശ്രൂഷ ചെയ്യുവാനുള്ള ഒരു ക്രിസ്ത്യാനിയുടെ വിളിക്ക് എതിരായി അന്തരംഗത്തിൽ നിന്നും ബഹിരംഗത്തിൽ നിന്നും വെല്ലുവിളികൾ വരിക പതിവാണ്. എന്നാൽ ദൈവത്തിന്റെ കൃപയിലും പൗലോസ് പറയുന്ന ഈ പ്രചോദനത്തിലും നടക്കുന്നവർ യഥാർത്ഥമായും പ്രാപ്തിയുള്ള ശുശ്രൂഷക്കാരായി തീരുന്നു.

പൗലോസ് തന്റെ യോഗ്യതയെക്കുറിച്ച് മാനസീക പോരാട്ടമുള്ളവ നായിരുന്നിട്ടും ( ഫിലി. 3: 5, 1 കൊരി. 15: 9) പുതിയ നിയമത്തിന്റെ ശുശ്രൂഷക്കാരായിരിക്കുവാൻ അവിടുന്ന് ഞങ്ങളെ പ്രാപ്തരാക്കി എന്നു പറഞ്ഞുകൊണ്ട് (2 കൊര. 3 : 5,6) പൗലോസ് അതിനെ അതിജീവിക്കുകയാണ് ചെയ്തത്. നമ്മുടെ യോഗ്യത അഥവാ പ്രാപ്തി നമ്മുടെ വ്യക്തിപരമായ താലന്തുകളിലോ അഥവാ മനോഭാവങ്ങളിലോ കാണപ്പെടുന്നില്ല. എന്നാൽ ദൈവകൃപമാത്രമാണ് കാണപ്പെടുന്നത് . നമ്മുടെ സ്വന്ത കഴിവുകളെക്കാൾ തികച്ചും ഉപരിയായ ഒരു ശുശ്രൂഷ ചെയ്യുവാൻ തക്കവണ്ണം ദൈവം നമ്മെ വിളിച്ച് ചുമതല ഏല്പിച്ചിരിക്കുകയാണ്.

**ശുശ്രൂഷ ചെയ്യുവാനുള്ള ഒരു ക്രിസ്ത്യാനിയുടെ വിളിക്ക് എതിരായി അന്തരംഗത്തിൽ നിന്നും ബഹിരംഗത്തിൽ നിന്നും വെല്ലുവിളികൾ വരിക പതിവാണ്. എന്നാൽ ദൈവത്തിന്റെ കൃപയിലും പൗലോസ് പറയുന്ന ഈ പ്രചോദനത്തിലും നടക്കുന്നവർ യഥാർത്ഥമായും പ്രാപ്തിയുള്ള ശുശ്രൂഷക്കാരായി തീരുന്നു.**

ഈ ആത്മവിശ്വാസത്തിന്റെ നിലയിലെത്തുവാൻ ശുശ്രൂഷകന്മാർക്ക് മൂന്ന് നിർമ്മാണ കല്ലുകൾ ആവശ്യമാണ്. ഒന്നാമതായി, ദൈവത്തിന്റെ വ്യക്തിപരമായ വിളിയിൽ അവർ ഉറപ്പും വിശ്വാസവും ഉള്ളവരായിരിക്കണം. രണ്ടാമതായി, അവർ യേശുക്രിസ്തുവിനുവേണ്ടി ജീവചൈതന്യപരമായ ഒരു സമർപ്പണം കാത്തുകൊള്ളുന്നവരായിരിക്കണം. മൂന്നാമതായി, തങ്ങൾക്കു ചുറ്റുപാടുമുള്ള ജനങ്ങളെക്കുറിച്ചുള്ള ആത്മഭാരം വർദ്ധിപ്പിക്കേണം. ഈ ഓരോ ഉറപ്പിക്കിലനേയും പ്രാപിക്കേണമെങ്കിൽ ശുശ്രൂഷകന്മാർ ദൈവത്താൽ താങ്ങപ്പെടുകയും നവീകരിക്കപ്പെടുകയും വേണം.

### നമ്മുടെ വിളിയുടെ ധൈര്യം

ദൈവത്തിന്റെ വിളി അവിടുതെത രാജ്യത്തിന്റെ ശുശ്രൂഷ ചെയ്യുന്നതിനുള്ള ചുമതലയാണ്. അവിടുന്ന് ശുശ്രൂഷകന്മാരുടെ കഴിവുകൾക്കുപരിയായി അവരെ വിളിച്ചിരിക്കുന്നു. ഇതുനിമിത്തം അവിടുന്ന് അവരിലൂടെ ക്രിയ ചെയ്യുവാൻ സാദ്ധ്യമാകുന്നു. ഏലിയാവ് തന്റെ പുതപ്പ് എലീശയുടെ മേൽ ഇട്ടപ്പോൾ എലീശ വയലിൽ ഉഴുതുകൊണ്ടിരിക്കുകയായിരുന്നു. പ്രവാചകനെ അനുഗമിക്കുന്നതിനുള്ള വിളിക്ക് അദ്ദേഹം ചെവികൊടുത്തു. ഏലിയാവ് പരലോകത്തിലേക്ക് എടുക്കപ്പെട്ടശേഷം എലീശ ഏലിയാവിന്റെ പുതപ്പുകൊണ്ട് യോർദ്ദാൻ നദിയെ അടിച്ച് ഏലിയാവിന്റെ ദൈവമായ യഹോവ എവിടെയെന്ന് ചോദിച്ചുകൊണ്ട് ദൈവത്തിന്റെ വിളിയെ ശോധന ചെയ്തു. (2 രാജാ. 2: 16) അവിടെ വെള്ളം രണ്ടായി പിളർന്നു. അങ്ങനെ ഏലീശക്ക് തന്റെ ചോദ്യത്തിന് ഉത്തരം ലഭിച്ചു. ഏലിയാവ് അദ്ദേഹത്തിന്റെ കൂടെ ഇല്ലായിരുന്നുവെങ്കിലും ദൈവം യോർദ്ദാൻ നദിയിൽ ഏലിശായോടുകൂടെ ഉണ്ടായിരുന്നു. ഏലിയാവിന്റെ നിഴൽ വിട്ട് പുറത്തു വന്നപ്പോൾ എലീശായുടെ വിശ്വാസം വർധിച്ചു. തന്റെ സ്വന്ത കഴിവുകളെ മനസിലാക്കുന്നതിലുപരിയായി അദ്ദേഹം തന്റെ ശുശ്രൂഷചെയ്യേടുത്തു. മിക്ക ശുശ്രൂഷകരും അപര്യാപ്തതാ ബോധത്തോട് പോരാടേണ്ടിയിരിക്കുന്നു. അവർ പൊതുവായ ലോകസമസ്യകളോട് പോരാടിക്കൊണ്ടിരിക്കുകയാണ്. അവർ ആലോചന പറയുമ്പോഴും ദൈവവചനം പ്രഘോഷിക്കുമ്പോഴും തങ്ങൾ പാപികളുടേതിനു സമമായ ശരീരത്തിൽ വസിക്കുന്ന വിശുദ്ധന്മാർ എന്നതുപോലെ അവർക്കു തോന്നാം. ഒരു ശുശ്രൂഷകന്റെ വിശ്വാസം തന്നിൽ ഒതുക്കുവാൻ കഴിയാത്തത് ആണെന്നുള്ളതാണ് സത്യം. അത് നമ്മുടെ അയൽക്കാർക്കും ലോകത്തിനും ശുശ്രൂഷക നായിരിക്കത്തക്കവണ്ണം നമ്മെ പ്രാപ്തനാക്കിയ ദൈവത്തിന്റെ അടുത്താണുള്ളത്. ശുശ്രൂഷകന്മാർ തികവില്ലാത്തവരായിരുന്നാലും ദൈവം വിളിച്ചവരുടെമേൽ അവിടുത്തെ മുദ്ര ഉണ്ട്.

### നമ്മുടെ ലക്ഷ്യത്തിന്മേലുള്ള സമർപ്പണം

ഒരു ശുശ്രൂഷകന്റെ ലാക്ക് മനുഷ്യകുലത്തിന്റെ പാപത്തിനുവേണ്ടി മരിച്ച് അങ്ങനെ ദൈവത്തെയും മനുഷ്യനെയും നിരപ്പിച്ച യേശുക്രിസ്തുവിന്മേലായിരിക്കുന്നു. പാപിയായ മനുഷ്യന്റെ മേൽ ദൈവം ചൊരിഞ്ഞ സ്നേഹമാണ് നമ്മുടെ ഏറ്റവും വലിയ ദൂതായിരിക്കുന്നത്. ദൈവത്തോട് നിരപ്പു പ്രാപിക്കുന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ വിശ്വാസ നങ്കൂരം. *അതുകൊണ്ട് ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളായി ക്രിസ്തുവിനുവേണ്ടി നിങ്ങളോട് അപേക്ഷിക്കുന്നു. അത് ദൈവം തന്നെ ഞ്ഞങ്ങളിലൂടെ അപേക്ഷിക്കുന്നതാണ്* എന്ന് പൗലോസ് പറയുന്നു. (2 കൊരി . 5: 20) പാപ ലോകത്തിന്റെ പാപാന്ധ

കാരത്തിൽ നിന്നും വിടുവിക്കപ്പെവർ ദൈവത്തിന്റെ സ്വർഗീയ ഭാരത്തെ ഏറ്റെടുക്കുകയാണ്. യേശുവിന്റെ മാതൃകയെ പിൻപറ്റി അവർ ജനങ്ങളെ മാനസാന്തരത്തിലേക്കും ദൈവത്തോട് നിരപ്പു പ്രാപിക്കുന്നതിലേക്കും കൊണ്ടുവരുന്നു. ശുശ്രൂഷകന്മാർ അറിയിക്കുന്ന തങ്ങളുടെ ലക്ഷ്യത്തിനായി അത്യധികം വിലകൊടുത്ത് സമർപ്പിക്കേണ്ടിയിരിക്കുന്നു. സിവിശേഷം സ്വീകരിക്കുന്നതോ നിരാകിരിക്കുന്നതോ നിത്യമായ ഫലമുണ്ടാക്കുന്നതാണ്. എന്നാൽ സുവിശേഷം അറിയിക്കുന്നവരും തന്റെ വിളിയെ സത്യത്തോടും അനുസരണത്തോടും കൂടെ നിവേറ്റണ്ടതുണ്ട്. ദൈവത്തിന്റെ വിളി മറ്റെല്ലാ താല്പര്യങ്ങൾക്കും മുമ്പിൽ നിൽക്കണം. ദൈവത്തോടുള്ള ശുശ്രൂഷകന്റെ അടുപ്പം അവന്റെ ജീവിതത്തിലെ മുൻഗണന ആയിരിക്കേണം. ഒരു ശുശ്രൂഷകൻ ഭൂമിയിൽ കഷ്ടപ്പെടുന്ന കഷ്ടപ്പാട് അവൻ സ്വർഗത്തിനുവേണ്ടി കഷ്ടപ്പെടുന്നതാണ്. അദ്ദേഹത്തിന്റെ വാക്കുകൾ അദ്ദേഹത്തിൻെ ഉഴവ് ഉപകരണമായും അദ്ദേഹത്തിന്റെ പേന അരിവാളായും ഇരിക്കുന്നു. മനുഷ്യകുലത്തിന്റെ കളപ്പുരയിൽ നിന്ന് താൻ തന്റെ ഫലം പ്രാപിക്കുവാനിടയാകുന്നു.

ദൈവത്തിന്റെ ശ്രേഷ്ഠമായ വിളിയെക്കുറിച്ച് ഒരു ശുശ്രൂഷകന്റെ സമർപ്പണം ആടിയുലയുമ്പോൾ അവിശ്വാസികൾക്ക് അദ്ദേഹം നൽകുന്ന ദൂതും നിശ്ചയ ദാർഢ്യവും നഷ്ടമായിപ്പോകുന്നു. ശുശ്രൂഷകന്മാർ ലോകത്തിന്റെ ലാക്കുകളെ ധൈര്യത്തോടെ എതിർത്തു നിൽക്കണം. സുവിശേഷത്തെ ധൈര്യമായ l പ്രഘോഷിക്കേണം. ദൈവത്തോടു പ്രാർത്ഥനയോടെ വ്യക്തിപരമായ ബന്ധം പുലർത്തുകയുംവേണം. സമർപ്പണം ഒരുവന്റെ വിളിക്ക് ദർശനത്തെയും അവർ കൊടുക്കുന്ന ദൂതിന് മതിപ്പെയും സഹായത്തിനായും വിശ്വാസത്തിനായും ശുശ്രൂഷകനെ പിൻപറ്റുന്ന ആത്മാക്കൾക്ക് വിടുതലും നൽകുന്നു.

**ജനതതികളോടുള്ള അനുകമ്പ**

യേശു ജനക്കൂട്ടങ്ങളോട് സ്നേഹം കാട്ടി. അവിടുന്ന് ഇഹത്തിൽ വസിച്ച നാളുകളിൽ മിക്കസമയങ്ങളും ജനങ്ങളെ പ്രബോധിപ്പിക്കുകയും അവരെ സ്പർശിക്കുകയും അവരോട് സംസാരിക്കുകയും ചെയ്യുന്നതിന് സമയം ചെലവഴിച്ചു. ജനങ്ങളുടെ വികാരങ്ങളെ മനസിലാക്കി അവരോട് അനുകമ്പ കാട്ടി. അവിടുന്ന് ഉപദേശിക്കുകയും ശിക്ഷ്യരാക്കുകയും ചെയ്ത് അവരുടെ തെറ്റായാഗതികളെ ശരിയാക്കുകയും ചെയ്തു. അവിടുന്ന് അവരോടുകൂടെ കരയുകയും സകലത്തിനുംമീതെ അവരോട് സ്നേഹം കാട്ടുകയും ചെയ്തു. യേശു നമ്മുടെ അക്രമങ്ങളുടെ ബോധങ്ങൾക്ക് ഉപരിയായി നിൽക്കുന്ന ഒരു മഹാപുരോഹിതനല്ല (എബ്രാ. 4:15 ).*നമ്മുടെ ബലഹീനതയിൽ സഹതപിക്കുവാൻ കഴിയാത്ത ഒരു മഹാപുരോഹിതനല്ല നമുക്കുള്ളത്. പിന്നയോ സകലത്തിലും നമ്മെപ്പോലെതന്നെ പരീക്ഷിക്കപ്പെട്ടവനാണ്. എങ്കിലും അവിടുന്ന് പാപരഹിതനായിരുന്നു.* അവിടുത്തെ കരുണ നിമിത്തം മനുഷ്യകുലത്തിന്റെ രക്ഷക്കായി പാപനിവാരണ ബലി നല്കപ്പെട്ടു . കാളകളുടെയും പക്ഷികളുടെയും യാഗം മനുഷ്യന്റെ പാപത്തെ മൂടുകമാത്രമാണ് ചെയ്തത്. എന്നാൽ യേശുവോ മനുഷ്യ കുലത്തിന്റെ പാപത്തെ തന്റെ മേൽ ചുമന്ന് നാം പാപത്തിനു മരിച്ച് നീതിക്കായി ജീവിക്കുന്നതിനുവേണ്ടി പാപത്തിനുള്ള മുഴു മറുവിലയും കൊടുത്തുതീർത്തു(1 പത്രൊ. 2 : 24). ജനങ്ങളെ ദൈവത്തിനുവേണ്ടി ആദായപ്പെടുത്തുന്നതിൽ ശുശ്രൂഷകന്മാർക്കുള്ള പ്രാപ്തി അഥവാ യോഗ്യത ഈ മാതൃകയിൽ നാം കാണുന്നു. മനുഷ്യ ജന്മമെടുത്തവൻ ജഡത്തിന്റെ ബലഹീനങ്ങൾക്കുപരിയായി ചെന്ന് പാപകരമായ ജഡത്തിനാൽ ബന്ധിക്കപ്പെട്ടിരുന്ന ജനങ്ങൾക്ക് ആത്മീകമായ ശുശ്രൂഷ ചെയ്തു. പിരിശുദ്ധാത്മാവ് ആത്മാവിന് ശുശ്രൂഷ ചെയ്യുന്ന ഈ ശ്ലാഘ്യത്തിന് സഹായിയായിരിക്കുന്നു.

നമ്മുടെ സ്വാധീന വലയത്തിനുള്ളിലെ ആത്മീയ ദാഹംകൊണ്ട് ആളുകൾക്ക് ദൈവത്തിന്റെ കൃപയെയും ശക്തിയെയും പ്രായോഗികമായി കാട്ടുന്നതിന് പരിശുദ്ധാത്മാവ് നമ്മുടെ ബലഹീനങ്ങളിൽ ശക്തിയായി വിളങ്ങി ക്രിയ ചെയ്യുന്നു. തന്റെ അടുക്കൽ വരുന്നവരെ തന്നോടു നിരപ്പിക്കുന്ന ശുശ്രൂഷയെ ചെയ്യേടുക്കുവാൻ ദൈവം മനുഷ്യനെ പ്രയോജനപ്പെടുത്തുന്നു. പൗലോസിന് തന്നെക്കുറിച്ചുള്ള വീക്ഷണത്തിൽ വലിയ പോരാട്ടമുണ്ടായിരുന്നു. (2 കൊരി. 12 : 7-12 ) പൗലോസിന് നല്ല കാഴ്ചശക്തിയും വാക്ചാതുര്യവും കൊടുത്തിരുന്നെങ്കിൽ അത് തനിക്ക് കൂടുതൽ ആത്മധൈര്യം കൊടുക്കുമെന്ന് അദ്ദേഹം കരുതി. എന്നാൽ പൗലോസിന്റെ ശുശ്രൂഷക്ക് ഇത് അത്യാവശ്യ മായവയെന്ന് ദൈവം കരുതിക്കാണുകയില്ല. പകരം അദ്ദേഹത്തിന്റെ ജീവിതത്തിൽ ദൈവം തന്റെ കൃപയെയും ശക്തിയേയും ഉറപ്പിച്ചു കൊടുത്തു. പൗലോസിന്റെ ബലഹീനതയെ ഒരു ലക്ഷ്യത്തിനുവേണ്ടി അവിടുന്ന് പ്രയോജനപ്പെടുത്തി. അവിടുന്ന് പൗലോസിനോട് ഇപ്രകാരം പറഞ്ഞു. എന്റെ കൃപ നിനക്കു മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാൻ അധികം സന്തോഷത്തോടെ എന്റെ ബലഹീനതകളെക്കുറിച്ച് പ്രശംസിക്കും. (2 കൊരിന്ത്. 12: 9) എന്നാണ് പൗലോസ് അതിന്റെ മറുപടിയായി പറയുന്നത്. തങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ വിളിയെ നിറവേറ്റുന്ന തിനുള്ള തങ്ങളുടെ പ്രാപ്തിയെക്കുറിച്ച് ശുശ്രൂഷകന്മാർ സംശയാലുക്കളോ ? തങ്ങളുടെ ശുശ്രൂഷയെ ജനങ്ങൾ എങ്ങനെ ഏറ്റെടുക്കുന്നുവെന്ന് വൈഷമ്യപ്പെടുന്നുവോ ? തന്റെ വിശ്വാസം ദൈവത്തിന്റെ ലക്ഷ്യങ്ങളിലും ഉദ്ദേശങ്ങളിലും സമർപ്പിക്കപ്പെട്ടതുകൊണ്ട് ദൈവത്തിനുവേണ്ടി അത്യധികം ശുശ്രൂഷ ചെയ്യുവാൻ പൗലോസിനു കഴിഞ്ഞില്ല. തന്റെ വിളിയെ നിറവേറ്റുന്നതിന് ആവശ്യമായ എല്ലാറ്റെയും ദൈവം ശുശ്രൂഷകന്മാർക്കു കൊടുത്തിരിക്കുന്നു. ദൈവം അവരെ ദൈവത്തിന്റെ ജനങ്ങൾക്ക് ശുശ്രൂഷ ചെയ്യുവാൻ പ്രാപ്തരാക്കിയിരിക്കുന്നു. ■



**സ്റ്റീഫൻ ഫിലിപ്പ് ഗ്രീൻ**
മിസ്സോറിയിലെ സ്പ്രിങ്ഫീൽഡിലുള്ള ഒരു പാസ്റ്ററാണ്



# വെല്ലുവിളികളുടെ കാലത്തേക്കുള്ള

## ആത്മധൈര്യമുള്ളതും വിശ്വാസയോഗ്യവുമായ നേതൃത്വം

**ആത്മാവിനാൽ വഴിനടത്തപ്പെടുന്ന രൂപാന്തരപ്പെടുത്തുന്ന ശുശ്രൂഷയെ നിങ്ങളുടെ സഭക്കാർക്കു പരിചയപ്പെടുത്തുന്നതിന് ക്രിസ്തുവിനോടൊപ്പമുള്ള നിങ്ങളുടെ നടപ്പ് സ്പഷ്ടമായ പ്രചോദനം നൽകുന്നു**

**കെന്റ് ജെ. ഇങ്കിൾ**



**ഒരു പുതിയ ഉലകത്തെ ഉരുവാക്കിക്കൊണ്ടിരിക്കുന്ന വ്യത്യാസ ബലത്തിന്റെ കാലത്താണ് നാം ആയിരിക്കുന്നത്.** രൂപാന്തപ്പെടുത്തുന്ന മാറ്റത്തെ ഊട്ടിഉറപ്പിക്കുന്നവരായിരുന്ന് സഭയ്ക്കു നേരായി വരുന്ന വെല്ലുവിളികളെ നേരിടത്തക്കവണ്ണമുള്ള ആത്മധൈര്യത്തെയും ജ്ഞാനത്തെയും വെളിപ്പെടുത്തുന്ന നേതാക്കൾ നമുക്കാവശ്യമാണ്. സംസ്ക്കാരത്തെ നേർക്കു നേർ നോക്കി ജനങ്ങളെ ക്രിസ്തുവിനുവേണ്ടി ആദായപ്പെടുത്തുന്നതിന് ആ സംസ്ക്കാരത്തെ ഒരു സ്വാധീനശക്തിയായി ഉപയോഗിക്കുന്ന നേതൃത്വങ്ങൾ നമുക്ക് ആവശ്യമാണ്. ഇന്ന് നമ്മുടെ സംസ്ക്കാരത്തിൽ ഫലപ്രദമായ ശുശ്രൂഷ മാറ്റം കൊടുക്കുന്ന നേതൃത്വത്തെ ആശ്രയിച്ചിരിക്കുന്നു.

മാറി വരുന്ന കാലങ്ങളിൽ ഫലപ്രദനായ നേതാവായിരിക്കുന്നത് എപ്രകാരം ? വഴി നടത്തൽ എന്നത് അപായകരമായ ഒരു ജീവിതശൈലിയാണ്. നിങ്ങൾ ജനങ്ങളെ മാറ്റങ്ങളിലേക്ക് വഴി നടത്തുമ്പോൾ , ജനങ്ങൾ അധികമായി മതിക്കുന്ന കാര്യങ്ങളെ നിങ്ങൾ വെല്ലുവിളിക്കുകയാണ്. അവരുടെ ശീലങ്ങൾ , അവരുടെ ചുറ്റുപാടുകൾ , അവരുടെ ചിന്തകൾ , അങ്ങനെ അവർ ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് അവരെ മാറ്റുമ്പോൾ ഉണ്ടാകുന്ന ഉലച്ചിൽ നിമിത്തം അവർ നിങ്ങളെ എതിർത്തേക്കാം. നേതൃത്വത്തെ ക്രിയാബദ്ധമാക്കുന്നതിന് അവസരം കിട്ടുമ്പോൾ നേതാക്കൾ മടി കാണിക്കുന്നതിൽ അത്ഭുതം ഇല്ല. നിങ്ങളുടെ നേതൃത്വശൈലി എത്രത്തോളം മേന്മയുള്ളതായിരുന്നാലും നിങ്ങളുടെ പദ്ധതികൾ എത്ര ശ്രദ്ധാപൂർമായിരുന്നാലും നിങ്ങൾ ശരിയായ പാതയിലാണെന്നുള്ള ഉറപ്പ് നിങ്ങൾക്കുണ്ടായിരുന്നാലും നേതൃത്വം എന്നത് ഒരു വെല്ലുവിളി തന്നെയാണ്. എന്നാൽ ജനങ്ങളെ രൂപാന്തരപ്പെടുത്തുന്ന യാത്രയിൽ നേതൃത്വം നൽകുവാനും വഴികാട്ടുവാനും താല്പര്യമുള്ള , ആത്മധൈര്യമുള്ള നേതാവായി നിങ്ങൾ തീരുമെങ്കിൽ ഇടർച്ചകൾ ഉണ്ടായാലും നിങ്ങൾ വിഷാദിച്ചു പോകുകയില്ല എന്നുള്ളത് മനസിലാക്കണം. എന്തുകൊണ്ടെന്നാൽ അതിന്റെ കലാശം എന്നു പറയുന്നത് ദൈവരാജ്യത്തെ വിസ്തൃതിപ്പെടുത്തുക എന്നുള്ളതാണ്. ദൈവത്തെക്കുറിച്ച് നിങ്ങൾ ഭക്തിവൈരാഗ്യമുള്ളവനാണ്. ജനങ്ങൾ ദൈവത്തിനുവേണ്ടി ജീവിക്കുന്നതിന് എന്തു ത്യാഗവും ചെയ്യുവാൻ നിങ്ങൾ തയ്യാറുമാണ്. രൂപാന്തരപ്പെടുത്തുന്ന നേതാവിന് കേന്ദ്രമായിരിക്കുന്നത് എന്താണ്?

രൂപാന്തരപ്പെടുത്തുന്നവൻ അഥവാ വ്യത്യസമുണ്ടാക്കുന്നവൻ എന്നു നാം ചിന്തിക്കുന്ന ഒരു നേതാവിന്റെ അടുത്തു നിന്നു നാം പ്രതീക്ഷിക്കുന്നത് എന്താണ് ? ആത്മധൈര്യത്തോടുകൂടിയ വ്യത്യാസപ്പെടുത്തുന്ന അഥവാ രൂപാന്തരപ്പെടുത്തുന്ന നേതൃത്വത്തിന് തുടർന്നു പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നു

## നേതാവിന്റെ യഥാർത്ഥ ഫലദായകത്വം അദ്ദേഹത്തിന്റെ അകമെയുള്ള ജീവിതത്തിൽ നിന്നും വരുന്നു.

നേതാക്കൾ ഫലപ്രദരാകുവാനാഗ്രഹിക്കുന്നു. യേശുക്രിസ്തുവിനുവേണ്ടി സ്വാധീനമുണ്ടാക്കുന്നതിൽ തങ്ങൾക്കു സഹായകമായിരിക്കുന്ന ഉപകരണങ്ങളെയും സമീപന രീതികളെയും പ്രാപിക്കുവാനവർ ആഗ്രഹിക്കുന്നു. അവർ സഭയുടെ വളർച്ചയെക്കുറിച്ചുള്ള സമ്മേളനങ്ങളിൽ പങ്കെടുക്കുവാനും തദനുസരണമായ പുസ്തകങ്ങളും മറ്റും വായിക്കുവാനും ആഗ്രഹിക്കുന്നു. എന്നാൽ മാറ്റമുണ്ടാക്കുന്ന അഥവാ വ്യത്യാസമുണ്ടാക്കുന്ന ശുശ്രൂഷയിലെ ശരിയായ അടിസ്ഥാനം നേതാവിനുള്ളിലാണുള്ളത്. അതായത് അദ്ദേഹത്തിന്റെ സ്വഭാവത്തിലും വാഞ്ഛകളിലും സത്യസന്ധതയിലും അത് നമുക്കു കാണുവാൻ കഴിയും.

ശുശ്രൂഷയിലായിരിക്കുന്ന ഓരോ നേതാവും ആത്മാവിലും ഫലദായകത്വത്തിലും മന്ദമായിരിക്കുന്ന സമയങ്ങളെയും അവ നൽകുന്ന ഉത്സാഹക്കുറവുകളെയും സന്ദേഹങ്ങളെയും അനുഭവിക്കുന്നവരാണ്. ഓരോ സമ്മേളനങ്ങൾ കഴിഞ്ഞുവരുമ്പോഴും , മാറ്റമുണ്ടാക്കുന്ന ഒരു വലിയ ശുശ്രൂഷ ചെയ്യേണമെന്നാൽ ഒരു പുതിയ വെളിപാടിന്റെ ആവശ്യകതയും വിലമതിക്കേണ്ടുന്ന കാര്യങ്ങളെ

വിലമതിക്കുന്ന അവസ്ഥയും ശരിയായ സ്ഥലത്ത് ഒരു സഭ സ്ഥാപിക്കുന്നതിനെക്കുറിച്ചും ഒരു ആരാധനാസംഘത്തെക്കുറിച്ചും ഒക്കെ നാം അറിവുള്ളവരായിരിക്കണമെന്ന ചിന്തയിൽ നാം എത്തുന്നു.

## വിശ്വാസ്യത ഉള്ളവരായിരിക്കുക എന്നാലെന്താണ് ?

ഫലപ്രദമായ ശുശ്രൂഷയ്ക്ക് ക്രിയാത്മകമായ ഇടപെടലുകൾ, അധികനേരത്തെ അധ്വാനം , ചുമതലപ്പെടുത്തൽ തുടങ്ങിയവ മതിയാകുമോ ? എന്റെ ശുശ്രൂഷയുടെ തുടക്കകാലത്ത് നേതാക്കളുടെ വിന്യാസം നേതാവിന്റെ വ്യക്തിത്വത്തെ ബാധിക്കുന്നവയാണെന്നു നാം കരുതി. സഭ നേതാവിനെയാണ് പിൻതുടരുവാനാഗ്രഹിക്കുന്നതെങ്കിൽ നേതാവിന്റെ സ്വകാര്യലോകം അഭിവൃദ്ധിപ്പെടുകയും പരിരക്ഷിക്കപ്പെടുകയും ഉയർച്ചപ്പെടുകയും ചെയയേണ്ടത്

***നാം ദൈവത്തിന്റെ ശക്തിയിലാശ്രയിക്കാതെ നമ്മുടെ സ്വന്ത വിവേകത്തിൽ ആശ്രയിച്ചാൽ മാറ്റമുണ്ടാക്കുന്ന ശക്തി നമ്മിൽ നിന്നും നഷ്ടമാകും.***

ആവശ്യമല്ലേ ? എനിക്ക് അറിവു പകർന്നു തരുന്ന എന്റെ സുഹൃത്തുക്കളിൽ ഒരാൾ സംശയാസ്പദമായ സ്വഭാവവും ചോദ്യം ചെയ്യത്തക്ക പ്രകൃതവുമുള്ള ആത്മീയ വിഷയത്തിൽ കുറവുമുള്ളവനെ ദൈവം അനുഗ്രഹിക്കുകയില്ല എന്നുള്ളത് എന്നോടു പറഞ്ഞിട്ടുണ്ട്. തങ്ങളുടെ സാന്മാർഗികവും ആത്മീകവും ബുദ്ധിപരവുമായ ജീവിതമേഖലകളെ ഒരുമിച്ചുകൊണ്ടുപോകുന്നവർക്കാണ് ദൈവാനുഗ്രഹമുണ്ടാകുന്നത്. ദൈവത്തിന്റെ അനുഗ്രഹവും ജീവിത വ്യതിയാനമുണ്ടാക്കുന്ന ശുശ്രൂഷയും ശുശ്രൂഷാ നേതാവിന്റെ സ്വകാര്യ ജീവിതത്തെ ആശ്രയിച്ചിരിക്കുന്നു. വ്യക്തിപരമായ വിശ്വാസ്യത ഇല്ലാത്ത നേതാവിന്റെ ഫലദായകത്വം അധികനാൾ നീണ്ടുനിൽക്കുകയില്ല. നമ്മുടെ ശുശ്രൂഷയുടെ അളവുകോൽ പുറത്ത് കാട്ടപ്പെടുന്ന നമ്മുടെ കരിസ്മ അല്ല നമ്മുടെ ഉള്ളിലുള്ള സ്വഭാവമാണ്. ആയിരിക്കേണ്ട ഇടങ്ങളിൽ ആയിരിക്കേണ്ട സമയത്ത് ആയിരിക്കുക എന്നുള്ളതിനുപരി ജീവിതകാലം മുഴുവനും ആരും പരിഗണിക്കുന്നില്ലെങ്കിൽപോലും അർപ്പണബോധമുള്ള ഒരു സേവനം ചെയ്യുന്നതാണ് നല്ലത്.

ദൈവത്താൽ വിളിക്കപ്പെട്ടവരെല്ലാം വ്യത്യാസം ഉളവാക്കുന്ന ഒരു ശുശ്രൂഷയ്ക്ക് പ്രയോജനപ്പെടാത്തതെന്തുകൊണ്ടാണ് ? രണ്ട് ആളുകൾ ഒരു സ്ഥാപനത്തിൽ നിന്ന് ഒരേ ബിരുദമെടുത്ത് പുറത്തു വന്നാലും അവരുടെ ഫലങ്ങൾ വ്യത്യാസമായിരിക്കും. ഒരേ സ്ഥലത്തുള്ള ഒരേ ഉപദേശമുള്ള രണ്ടു സഭകൾ വ്യത്യസ്ത ഫലങ്ങൾ പുറപ്പെടുവിക്കുന്നതാവാം. എന്തുകൊണ്ട് ? ചില ശുശ്രൂഷാ നേതാക്കൾ തങ്ങളുടെ വിശ്വാസ്യതയെ നഷ്ടമാക്കി കളയുന്നു. അതു ചിലപ്പോൾ പ്രചോദനത്തിന്റെയോ താല്പര്യത്തിന്റെയോ കുറവ് ആയിരിക്കയില്ല, എന്നാൽ ഫലദായകത്വം ഉള്ളിൽ നിന്ന് പുറത്തേക്കു വരുന്നത് അവർ മനസിലാക്കാത്തതുകൊണ്ടുമാത്രമാണ്.

## ഗഹനമായ ആത്മയതയെ വളർത്തിയെടുക്കുന്നത്

നമ്മുടെ ആത്മീയ ജീവിതത്തെ നാം വളർത്തിയെടുക്കുന്നതിലൂടെ നമ്മുടെ അന്തരംഗ ജീവിതത്തെയും നാം വളർത്തിയെടുക്കുന്നു. കഴിവുകളും താലന്തുകളും നമുക്ക് അധികകാലം താണ്ടുവാൻ കഴിയുകയില്ല. ജീവിതശേലിയിലും ഇടപാടുകളിലും ആത്മീയകതയെ പ്രകാശിപ്പിക്കുന്നവരെ പിൻതുടരുവാനാണ് കൂടുതലും ആളുകൾ ആഗ്രഹിക്കുന്നത്.

യേശുക്രിസ്തുവിന്റെ ആഹ്വാനത്തിൽ നിന്നും ആഴമായ ആത്മീകതയെന്തെന്ന് നമുക്കു മനസിലാക്കുവാൻ കഴിയും. *ക്ഷീണിതരും അദ്ധ്വാനിക്കുന്നവരുമായ ഏവരുമേ നിങ്ങൾ എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങൾക്ക് ആശ്വാസം നൽകും . ഞാൻ സൗമ്യനും വിനയശീലനുമാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിക്കുവിൻ എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് നിങ്ങൾ വിശ്രമം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവുമാകുന്നു* (മത്താ. 11: 28-30). യേശുക്രിസ്തു യോഹന്നാൻ സ്നാപകന്റെ കൈക്കീഴിൽ സ്നാനമേറ്റശേഷം അവൻ ഉപവസിക്കുകയും മരുഭൂമിയിൽ വെച്ചു സാത്താനാൽ പരീക്ഷിക്കപ്പെടുകയും ചെയ്തു. യേശുക്രിസ്തുവിന്റെ ശുശ്രൂഷയുടെ കൂടുതൽ സമയങ്ങളും അവിടുന്ന് പ്രാർത്ഥനയിൽ ചെലവഴിച്ചു. തന്റെ അനുഗാമികളുടെ ആവശ്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിലുപരി അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിലായിരുന്നു യേശു മുഖ്യത്വം കൊടുത്തിരുന്നത്. മരുഭൂമിയിൽ വെച്ചുള്ള ഒരുക്കപ്പെടലിനുശേഷം യേശു ഫലദായകത്വമുള്ളവനായി കാണപ്പെട്ടു. നിങ്ങൾ ജീവിതത്തിൽ ആത്മീയതക്കു മുൻതൂക്കം കൊടുത്തെങ്കിൽ മാത്രമേ അനുദിന ജീവിതത്തിൽ ഫലദായകത്വവും മാറ്റമുളവാക്കുന്നതുമായ ശുശ്രൂഷ ചെയ്യേടുക്കുവാനാകും.

ജീവനുള്ള ദൈവത്തിന്റെ സാന്നിദ്ധ്യത്തെ നാം അറിയേണ്ടതിനുള്ള ഏകവഴി യഥാർത്ഥ ആത്മകതയാണ്. നാം ഈ ബോധത്തെ വളരെ ജീവ ചൈതന്യത്തോടെ കാത്തുകൊള്ളേണം. അ പ്പോൾ യേശുക്രിസ്തുവിന്റെ ആത്മാവിൽ നാം രൂപപ്പെടുത്തപ്പെടും. കൃപ വ്യാപരിക്കുന്നത് പ്രാർത്ഥനയിലൂടെയും (മർക്കൊ. 14: 35,36) തിരുവത്താഴത്തിലൂടെയും (ലൂക്കൊ. 22 :14) വചനം ധ്യാനിക്കുന്നതിലൂടെയും ( ലൂക്കൊ. 2: 46,47) ആത്മീയ വിനിമയത്തിലൂടെയും (മത്താ . 7: 28,29) ആലയത്തിൽ ആരാധിക്കുന്നതിലൂടെയുമാണെന്ന് യേശു തന്റെ പൊതു ജീവിതത്തിലൂടെയും

സ്വകാര്യ ജീവിതത്തിലൂടെയും വെളിപ്പെടുത്തി കാണിച്ചു. ഈ അകമെയുള്ള പ്രകാരങ്ങൾ പുറമെയുള്ള ചിലതിലേക്കു നമ്മെ നയിക്കുന്നു. അതായത് കരുണാർദ്രമായ പ്രവൃത്തികൾ (സാമൂഹിക ശുശ്രൂഷകൾ ) മറ്റുള്ളവർക്കു ദോഷം ചെയ്യാതിരിക്കുക, സഭയുടെ സേവനങ്ങളിൽ ഭാഗഭാക്കാകുക എന്നിത്യാദികളിലേക്ക്. ഈ നടപടിക്രമങ്ങളിൽ നാം നമ്മെത്തന്നെ ദിനവും നിമിഗ്നമാക്കുമെങ്കിൽ ദൈവത്തിന്റെ ആത്മാവ് നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുകയും നമ്മെ വ്യത്യസ്തപ്പെടുത്തുകയും ചെയ്യും. വ്യത്യാസപ്പെടുത്തുന്ന ശുശ്രൂഷയെയും ആത്മീക നിലവാരത്തെയും തുല്യപ്പെടുത്തി നോക്കരുത്. ശുശ്രൂഷ ആത്മാവിന്റെ ശക്തിയെ എടുക്കുമ്പോൾ ആത്മീകത ആത്മാവിന് ശക്തി കൊടുക്കുന്നു. വളരെ ചൈതന്യ പൂർവം മാറ്റങ്ങൾ കൊണ്ടുവരത്തക്ക നേതാക്കൾ നമുക്കാവശ്യമാണ്. എ ന്നാൽ ദൈവത്തോടുള്ള അടുപ്പം നാം അവഗണിച്ചു കളയുന്നു. ക്രിസ്തുവിനോടുള്ള നിങ്ങളുടെ ബന്ധം ആത്മീക ജീവിതത്തിനു മാതൃയായിരിക്കുന്നതു മാത്രമല്ല , ആത്മാവിനാൽ നയിക്കപ്പെടുന്ന മാറ്റമുണ്ടാക്കുന്ന ശുശ്രൂഷയിൽ നിങ്ങൾ നിങ്ങളുടെ സഭക്കാരെ കൊ ണ്ടു ചെല്ലുന്നതിന് അത് ഹേതുകമായിരിക്കുന്നു.

### ആത്മീക ശക്തിയിൽ ആശ്രയിക്കുന്നത്

വിശ്വാസ്യതയുള്ളവരും വ്യത്യാസമുളവാക്കുന്നവരുമായ നേതാക്കൾക്ക് ആ ത്മീയ ശക്തി നഷ്ടപ്പെടുത്തുവാനാകില്ല. ദൈവം നമുക്ക് ലഭ്യമാക്കിയിരിക്കുന്ന വിഭവങ്ങളിൽ നിന്ന് നമുക്ക് ആ ശക്തി ചോർത്തിയെടുക്കാവുന്നതാണ്. ആത്മീക ശക്തി വളരെ വേഗം ചോർന്നു പോകാവുന്നതാണെന്നുള്ളത് നാം മനസിലാക്കിയെടുക്കണം. ഏലിയാവിന്റെ പ്രവാചക പഠനശാലയിലെ പ്രവാചക ശിഷ്യന് തന്റെ ശക്തി നഷ്ടപ്പെട്ടത് പഴനിമം വെളിവാക്കുന്നു (2 രാജാ. 6 :1-7). പ്രവാചക പഠന ശാലയിൽ ആളുകൾ വർധിച്ചപ്പോൾ അവർക്ക് തങ്ങളുടെ പാർപ്പിടത്തിന്റെ വിസ്താരം വർധിപ്പിക്കേണ്ടതായി വന്നു. അതിനായി പ്രവാചക ശിഷ്യന്മാർ തങ്ങളുടെ സേവനം നൽകാമെന്നു പറയുകയും ചെയ്തു. ഒരു യവ്വനക്കാരൻ ആറ്ററികത്തുള്ള ഒരു മരം വെട്ടുന്നതിനുവേണ്ടി കോടാലി കടം വാങ്ങിച്ചു. അവൻ തന്റെ പ്രവർത്തി ഉത്സാഹത്തോടെ ചെയ്യുവാൻ തുടങ്ങി. എന്നാൽ പെട്ടെന്ന് കോടാലി ഊരി നദിയിൽ വീണു. ഉടൻതന്നെ അവൻ, *യജമാനനെ , ഞാൻ അതു കടംവാങ്ങിയതാണെന്നു* ഏലിയാവിനോട് വിളിച്ചു കരഞ്ഞു. ഏലിയാവ് ഒരു കൊമ്പു വെട്ടി വെള്ളത്തിലേക്കെറിഞ്ഞു. മഴു വെള്ളത്തിൽ പൊങ്ങിവന്നു. ഈ മഴു മുകളിലേക്കു പൊങ്ങിവന്നതിന്റെ ആത്മീക അർത്ഥം മനസിലാക്കുവാൻ നമ്മൾ അധികം മിനക്കടേണ്ടതില്ല. അനേക നേതക്കളും വളരെ തീവ്രമായി കർത്താവിന് സേവനം ചെയ്യുന്നുണ്ടെങ്കിലും നമ്മുടെ സമൂഹത്തിൽ വ്യത്യാസം വരുത്തുന്ന ഒരു സ്വാധീനശക്തിയായി തീരുവാൻ കഴിയാതെ പോകുന്നതിനാൽ അവർ വിഫലരായിത്തീരുന്നു. അവർ മങ്ങിയവരും ജീവചൈതന്യമില്ലാത്തവരുമാ യി ത്തീ രു ന്നു . ത ങ്ങ ളു ടെ സംസ്ക്കാരത്തിലെ മാറ്റത്തിന്റെ വക്താക്കളായി തീരേണ്ടവർ നിർവീര്യരായിത്തീർന്നു പോകുന്നു. നാം ദൈവത്തിന്റെ ശക്തിയിലാശ്രയിക്കാതെ നമ്മുടെ സ്വന്ത വിവേകത്തിൽ ആശ്രയിച്ചാൽ മാറ്റമുണ്ടാക്കുന്ന ശക്തി നമ്മിൽ നിന്നും നഷ്ടമാകും. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ശക്തിക്കു പകരമായി നാം മനുഷ്യനാൽ ഉണ്ടാക്കപ്പെടുന്ന പദ്ധതികളെയും നടപടികളെയും ആശ്രയിക്കുന്നുവോ ? നടപടിക്രമങ്ങളും പ്രവർത്തന പദ്ധതികളും നമ്മുടെ ജീവിതത്തിലും സഭാ ജീവിതത്തിലുമുള്ള പദ്ധതികളുടെ വളർച്ചയുമൊക്കെത്തന്നെ പരിശുദ്ധാത്മാവിന്റെ ക്രിയയില്ലാതെ ചെയ്യെടുക്കാനാവില്ല. മാറ്റം വരുത്തത്തക്കവരായി നാം ആയിരിക്കുംവണ്ണം ആവശ്യമായ ശക്തിയെ ദൈവാത്മാവാണ് നമുക്കു തരുന്നത്. ആദ്യകാല ശിഷ്യന്മാർ ആത്മധൈര്യമുള്ളവരും വിശ്വാസ്യതയുള്ളവരും മാറ്റത്തെ ഉളവാക്കുന്നവരും ആയിരുന്നു. കാരണം ദൈവത്തിന്റെ ശക്തി അവരിൽ വ്യാപരിച്ചിരുന്നു. പത്രൊസിന്റെയും യോഹന്നാന്റെയും ആത്മധൈര്യം അന്നത്തെ മതനേതാക്കൾ മനസിലാക്കിയിരുന്നു. നീ ഏതു ശക്തിയാലാണ് ഇതൊക്കെയും ചെയ്യുന്നതെന്ന് അവർ ചോദിക്കത്തക്ക സ്വാധീനത അതിനുണ്ടായിരുന്നു. പത്രൊസ് പരിശുദ്ധാത്മാവിൽ നിറഞ്ഞ് അവരോട് ഇപ്രകാരം ഉത്തരം പറഞ്ഞു. *അപ്പോൾ പത്രൊസ് പരിശുദ്ധാത്മാവ് നിറഞ്ഞവരായി അവരോടു പറഞ്ഞു . ജനത്തിന്റെ അധികാരികളും മൂപ്പന്മാരുമായുള്ളോരെ, മുടന്തനായ ഒരു മനുഷ്യനോടു കാണിച്ച കരുണയെയും അവന് സൗഖ്യം ലഭിച്ചത് എങ്ങനെ എന്നതിനെയും സംബന്ധിച്ചാണ് ഞങ്ങളെ ഇന്നു വിസ്തരിക്കുന്നതെങ്കിൽ നിങ്ങൾ ക്രൂശിച്ചവനും ദൈവം മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചവനുമായ നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്താൽ തന്നെ, ഇവൻ പൂർണസൗഖ്യമുള്ളവനായി നിങ്ങളുടെ മുമ്പിൽ നിൽക്കുന്നു എന്ന് നിങ്ങളും എല്ലാ യിസ്രായേൽ ജനവും അറിഞ്ഞു കൊൾവിൻ* (അപ്പൊ .പ്ര. 4: 8-10) . ദൈവത്തിന്റെ ശക്തിയില്ലാതെ നമ്മെക്കൊണ്ട് ദൈവരാജ്യത്തിലേക്കുള്ള ജീവിത മാറ്റത്തെ ഉണ്ടാക്കിയെടുക്കുവാൻ കഴിയുകയില്ല.

**ഒരു സ്വപ്നം കണ്ടുകൊണ്ട് അതിനെ ആത്മധൈര്യം കൊണ്ടും പ്രചോദനം കൊണ്ടും സ്വജീവിതത്തിൽ രൂപപ്പെടുത്തുന്ന വ്യക്തി ലോകത്തെ മാറ്റുവാൻ തക്കവണ്ണം ശക്തിയുള്ളവനാണ്.**

### വികാരപരമായ വിവേകത്തിന്റെ ശക്തിയെ മനസിലാക്കുന്നത്

മാറ്റം ഉളവാക്കുന്ന നേതാക്കൾ നമ്മുടെ വാഞ്ഛയെ പ്രചോദിപ്പിച്ച് നമ്മുടെ ഉള്ളിലുള്ള ഉത്തമമായതിനെ ഉണർത്തിയെടുക്കുന്നു. അവർ എന്തുകൊണ്ടാണ് ഫലപ്രദരായിരിക്കുന്നത് എന്നുള്ളത് നാം വിശദീകരിക്കുവാൻ ശ്രമിക്കുമ്പോൾ, പ്രവർത്തന പദ്ധതി , ദർശനം, എന്നിത്യാദി ശക്തമായ ചിന്താധാരകളെക്കുറിച്ച് നാം സംസാരിക്കുന്നു. മിക്കപ്പോഴും വലിയ നേതൃത്വം എന്നുള്ളത് വൈകാരികമായ പാതയിലൂടെ മുന്നേറുന്നതാണ്.

സ്വാഭാവ സംബന്ധിയായ ശാസ്ത്രപഠനം നടത്തുന്ന ദാനിയേൽ ഗോൾമാൻ പറയുന്നത് , ഒരു നേതാവിന്റെ ഫലദായകത്വത്തിൽ മൂന്നിലൊരുഭാഗം മാത്രമേ അദ്ദേഹത്തിന്റെ അറിവിനെയും സാങ്കേതിക പരിചയത്തെയും ആശ്രയിച്ചിരിക്കുന്നുള്ളൂ എന്നാണ് . ബാക്കിവരുന്ന മൂന്നിൽ രണ്ടു ഭാഗങ്ങൾ വൈകാരിക ബുദ്ധിപരത എന്നാണ് അറിയപ്പെടുന്നത്. ഇത് സ്വയബോധം, വൈകാരിക വേലിയേറ്റത്തെ നിയന്ത്രിക്കുന്നത് , തുടർന്നു ക്രീയ ചെയ്യുന്നത്, വൈരാഗ്യം ,സ്വയപ്രചോദനം , എന്നിത്യാദികളാണ്. ഈ നേതൃത്വ ഗുണങ്ങളാൽ നേതാവുമാത്രമല്ല, അദ്ദേഹത്തെ അനുഗമിക്കുന്നവരും ഫലം പ്രാപിക്കുന്നു. വികാരപരമായ ബുദ്ധികൂർമ്മതയുള്ള നേതാവ് ആത്മധൈര്യവും ജിതേന്ദ്രിയത്വവും ആത്മവിശ്വാസവും പ്രകടമാക്കുകയും അങ്ങനെ സ്വാഭാവദാർഢ്യതയുടെയും മനഃസാക്ഷിയുടെയും വിശ്വാസ്യതയുടെയും ഒരു അടിസ്ഥാനം ഇടുകയും ചെയ്യുന്നു. നേതാവിന്റെ വൈകാരികമായ ബുദ്ധിപരത അദ്ദേഹത്തിന്റെ മാനസീക നിലകളെ പ്രതിഫലിപ്പിക്കുമ്പോൾ അത് ശുശ്രൂഷാസ്ഥാപനങ്ങൾക്ക് അധികമായ ഫലം നൽകുന്നതായി തീരുന്നു. ആളുകൾക്ക് അന്യോന്യം വികാരപരമായ ബന്ധം ഉള്ളതുപോലെ ഒരു സഭ മുഴുവനും നേതാവിന്റെ വികാരപരമായ വീക്ഷണം ബാധിക്കുവാനിടയാകും.

നേതാവിന്റെ ചൈതന്യം, ശുഭാപ്തി വിശ്വാസം, ഊർജ്ജം എന്നിവ അവരുടെ സ്വാധീനതയിലൂടെ ബാധിക്കപ്പെടുന്നു.

### എന്നും സ്വപ്നം കാണുന്നവനായിരിക്കുക

നിങ്ങൾ സ്വപ്നം കാണാത്തതുകൊണ്ട് വ്യത്യാസപ്പെടുത്തുന്ന ശക്തി നിങ്ങൾക്ക് നഷ്ടമായേക്കാം. ഭാവിയെ പ്രതീക്ഷയോടെ കാണുന്ന ഒന്നാണ് സ്വപ്നം കാണുക എന്നത്. നാം മറുക്രീയയിനാലല്ല പിന്നയോ, പ്രതീക്ഷയാലെയാണ് മാറ്റം ഉളവാക്കുന്ന ശ്രുശ്രൂഷ ചെയ്യുന്നത്. ഒരു സ്വപ്നം കണ്ടുകൊണ്ട് അതിനെ ആത്മധേര്യംകൊണ്ടും പ്രചോദനംകൊണ്ടും സ്വജീവിതത്തിൽ രൂപപ്പെടുത്തുന്ന വ്യക്തി ലോകത്തെ മാറ്റുവാൻ തക്കവണ്ണം ശക്തിയുള്ളതാണ്. സദൃശ്യവാക്യങ്ങളിൽ ഇപ്രകാരം പറയുന്നു, *ദർശനം ഇല്ലാത്തിടത്ത് ജനം നിയന്ത്രണം വിട്ടു ന ടക്കും* (സദൃശ്യ. 29 18). കടിവാളമില്ലാത്ത കുതിരയെപോലെ വളരെ പ്രാധാന്യം കുറഞ്ഞ കാര്യങ്ങളിൽ നേതാക്കൾ തങ്ങളുടെ സമയം ചെലവഴിച്ചു കളയുന്നു. തങ്ങൾക്ക് ദിശാബോധമില്ലാത്തതുകൊണ്ട് അവർ മുൻഗണനകളെ അസ്ഥാനത്താക്കുന്നു.

ആത്മധൈര്യമുള്ളതും വിശ്വാസ്യയോഗ്യമായതും മാറ്റമുളവാക്കുന്നതുമായ ശുശ്രൂഷ ദൂരവ്യാപകമായ ചിന്തയോടുകൂടെയുള്ളതായിരിക്കേണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ ശരിയായ ദർശനമുള്ള ആളുകൾ അവർ എവിടേക്കു പോകുന്നു എന്നുള്ള ദിശാബോധമുള്ളവരായിരിക്കണം. അവർ എവിടേക്കാണ് പോകുന്നതെന്നും തങ്ങളുടെ ലാക്കിലെത്തുവാൻ എന്തു ചെയ്യേണമെന്നും അവർക്കറിയാം. ദൈവം എന്ത് ആഗ്രഹിക്കുന്നുവെന്ന് ഒരു നേതാവ് മനസിലാക്കി ആ സ്വപ്നത്തിനൊത്തവണ്ണം മുന്നോട്ടു നീങ്ങുമ്പോൾ അവൻ ഫലപ്രദനായിത്തീരുന്നു. ദൈവത്തിന്റെ വ്യവസ്ഥാപിതമായ സ്വപ്നത്തെ നിറവേറ്റുന്നവർക്കു മാത്രമേ സ്വാധീനശക്തിയുള്ള നേതാക്കന്മാരായിരിക്കുവാൻ കഴിയുകയുള്ളൂ.

### ഉപസംഹാരം

മാറ്റം ഉളവാക്കുന്ന സ്വാധീനതയും ഫലദായകത്വവും ശുശ്രൂഷാനേതാക്കന്മാരിൽ എപ്രകാരം എന്നതിനെക്കുറിച്ച് ഉള്ള എന്റെ ഈ പഠനത്തെ ഞാൻ ഇവിടെ ഉപസംഹരിക്കുകയാണ്. ആത്മധൈര്യമുള്ളവരും വിശ്വാസ്യതയു ഉവാക്കുന്നവരുമായ നേതാക്കന്മാർ സ്വാധീനത ഉണ്ടാക്കുകയും ദൈവത്തിന്റെ ആന്തരീക ക്രമത്തെ പരിപൂർത്തി ചെയ്യുകയും തങ്ങളുടെ ശുശ്രൂഷയെ പരിശോധിക്കുക മാത്രമല്ല, അതിനെ രൂപപ്പെടുത്തുകയും ചെയ്യുന്നു. മാറ്റം ഉളവാക്കുന്ന വ്യക്തികൾ ആർക്കും എതിർക്കാനാവാത്ത ഉൾയോഗ്യതകളുള്ളവരാണ്. വിശ്വാസ്യതയുള്ളവരും മാറ്റമുളവാക്കുന്നവരും വിശ്വാസ്യതയുള്ളവരുമായ നേതാക്കൾ മുന്നോട്ടു വരുവാൻ യേശു ആഗ്രഹിക്കുന്നു. സ്വാധീനശക്തിയായിത്തീർന്നുകൊണ്ട് ദൈവത്തോട് ആഴമായി അടുക്കുവാനും അവിടുത്തെ ആത്മശക്തിപ്രാപിക്കുവാനും നിങ്ങളുടെ വൈകാരിക നേതൃത്വ പ്രകടനത്തെ അഭിവൃദ്ധിപ്പെടുത്തുവാനും നിങ്ങളുടെ സ്വപ്നത്തെ വിഭവ സമൃദ്ധമാക്കുവാനും നിങ്ങളെത്തന്നെ ഒരുക്കുവാൻ നിങ്ങൾ സന്നദ്ധമാകേണം.



**കെന്റ് ജെ. ഇങ്കിൾ** വാഷിംഗ്ടണിലെ നോർത്ത് വെസ്റ്റ് യൂണിവേഴ്സിറ്റിയുടെ ഡീൻ ആണ്.

# നിങ്ങളുടെ സാന്മാർഗികതയെ മറ്റുള്ളവരിലേക്കു ചെലുത്തുവാൻ നിങ്ങൾ ആര് ?

**പോ‍ാം കോപാൻ –**



സാംസ്ക്കാരിക സംബന്ധമായ നരവംശ പഠിതാക്കൾ ചുറ്റുപാടിന്റെ സ്വാധീനംകൊണ്ടുള്ള സാന്മാർഗികതയ്ക്ക് പ്രാധാന്യം കൊടുക്കുന്നു. ക്രിസ്തീയ മിഷനറികൾ മുഖ്യ എതിരാളിയായി കരുതപ്പെടുന്നു. എന്തുകൊണ്ട് ? തന്റെ സാന്മാർഗിക ചിന്തകളെ മറ്റ് സമുദായസ്ഥരുടെമേൽ അയാൾ ചെലുത്തുന്നു. തങ്ങളുടെ ജീവിതപാതയെ നശിപ്പിക്കത്തക്ക അവരുടെ പാശ്ചാത്യ സംസ്ക്കാ രത്തെ ചെലുത്തപ്പെടാതവണ്ണം നാം അവരെ പരിഗണിക്കാതിരിക്കുന്നതു ശരിയാണോ ?

മറ്റൊരു സംസ്ക്കാരം തെറ്റാണെന്നു പറയുവാൻ നിങ്ങൾ ആര് എന്ന ചോദ്യം പലനൂറ്റാണ്ടുകൾക്കു മുമ്പ് ഉയർന്നു വന്നിട്ടുള്ളതാണ്. എടുത്തു പറഞ്ഞാൽ, ജോഹാൻ ഗോഡ് ഫ്രീഡ് ഫണ്ട് ഹെർദർ എന്ന തത്വജ്ഞാനിയുടെ കാലംമുതൽ .

സംസ്ക്കാരങ്ങൾ ഒന്നിൽ നിന്ന് മറ്റൊന്ന് അത്യധികം വ്യത്യസ്തത ഉള്ളതായതിനാൽ നാം അതിൽ ഏതാണ് തെറ്റ് ഏതാണ് ശരി എന്ന് ആരായുവാൻ പാടില്ല എന്ന് ഹെർദർ പറയുന്നു. ആരും തന്നിൽ തന്നെ മനുഷ്യനായിത്തീരുന്നില്ല എന്ന് അദ്ദേഹം വാദിക്കുന്നു. നമ്മുടെ മുൻതലമുറകാരെക്കാളും നാം മേന്മയുള്ളവരെന്നു വിചാരിക്കരുത്. നമുക്കു മുമ്പുള്ളവരെ നാം ന്യായം വിധിക്കുകയും ചെയ്യരുത്. എന്തുകൊണ്ടെന്നാൽ നമുക്കു പിൻ വരുന്നവർ നമ്മെ ന്യായം വിധിക്കുവാനിടയുണ്ട്. നമ്മുടെ പിതാക്കന്മാർ മൂഢന്മാരെന്നും

നാം ബുദ്ധിയുള്ളവരെന്നും നാം പലപ്പോഴും ചിന്തിക്കുന്നു. ബുദ്ധിമതികളായ നമ്മുടെ കുഞ്ഞുങ്ങളും നമ്മെക്കുറിച്ച് അങ്ങനെ ചിന്തിക്കുമെന്ന് അലക്സാണ്ടർ പോപ്പ് എഴുതിയിരിക്കുന്നു. നൊം ആരുംതന്നെ നമ്മുടെ സ്വന്ത സംസ്ക്കാരംകൊണ്ട് മറ്റു സമുദായങ്ങളെ ന്യായം വിധിക്കുവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ നാം എല്ലാവരും ചരിത്രപരമായ വിപത്തിന്റെയും സാമൂഹ്യബലത്തിന്റെയും ഉല്പന്നങ്ങളാണ്.

## മറ്റുള്ളവരുടെമേൽ സാന്മാർഗികതയെ ചെലുത്തുന്നത്

സംസ്ക്കാര സംബന്ധമായ പഠനം നടത്തുന്ന ആന്ത്രോപോളജിസ്റ്റുകൾ താഴ്മയെക്കുറിച്ചു പറയുന്നത് ശരിയാണ്. എന്നാലും അവർ മിഷണറിമാരെ നോക്കി കല്ലെറിയുമ്പോൾ, തങ്ങളുടെ തർജ്ജനത്തിന് അടിസ്ഥാനം കണ്ടുപിടിക്കുന്നത് ദുഷ്കരമായി കാണുന്നു. തികച്ചും പൈശാചികമായ സർവ്വാധികാരിയെ അഥവാ ജനങ്ങളെ എല്ലാം കൊന്നൊടുക്കുന്നവനെ നിങ്ങൾക്ക് എപ്രകാരം കുറ്റം ചാർത്തുവാൻ കഴിയും ? അവനും അവന്റെ ചുറ്റുപാടിന്റെ ഉല്പന്നമായല്ലയോ ആയിരിക്കുന്നത് ? ആന്ത്രോപോലജിസ്റ്റുകൾ മറ്റു സംസാക്കാരങ്ങളെ നാം വിലമതിക്കേണമെന്ന് ശബ്ദമുയർത്തുമ്പോൾ എന്തുകൊണ്ട് ചുറ്റുപാടിന്റെ സാന്മാർഗിക സ്വാധീനത്തെക്കുറിച്ച് സംസാരിക്കുന്നവർക്ക് അധികമുഖ്യത്തം കൊടുക്കുന്നത് എന്തിന് എന്ന് ഞങ്ങൾ ചോദിക്കുന്നു?

സാർവ ലൗകീകമായി സാന്മാർഗികതയെ അളക്കുവാൻ മാനദണ്ഡമില്ലാത്തപ്പോൾ നമുക്ക് എപ്രകാരം കുറവു പറയുവാനാകും? ഓരോരുത്തരും ഇതര സംസ്ക്കാരത്തെ മതിക്കേണം എന്നത് എപ്പോഴും പറയുന്ന കാര്യമാണ്. സാന്മാർഗിക സ്വാധീനത്തെക്കുറിച്ച് സംസാരിക്കുന്നവർ സാന്മാർഗികതയെ സംബന്ധിച്ച് ഒരു തികവ് ഇല്ല എന്നു പറയുമ്പോൾ തങ്ങളുടെ സ്വന്ത സാന്മാർകതയുടെ പൂർണ അവസ്ഥയിൽ അവർ വഴുതി വീഴുകയാണ്. ആരേയും സ്വാധീനിക്കാതെ സഹിച്ചുകൊള്ളേണം. എന്നാൽ അവർ മിഷണറിമാരുടെ ക്രിയകളെയും ചൂഷണം എന്ന് വിളിക്കുകയും ചെയ്യുന്നു.

സാന്മാർഗിക സ്വാധീനത്തെക്കുറിച്ച് സംസാരിക്കുന്നവർ സാന്മാർഗികതയെക്കുറിച്ചുള്ള നമ്മുടെ ആഴമായ വികാരങ്ങൾക്ക് എതിരായി സംസാരിക്കുന്നവരായി കാണപ്പെടുന്നു. 2008 സെപ്റ്റംബർ മാസത്തിൽ നടന്ന ഒരു സംഭവത്തെ ഇവിടെ കുറിക്കട്ടെ. ബ്രസീലിലെ ആമസോൺ പ്രദേശത്തുള്ള ആദിവാസികളുടെ മദ്ധ്യത്തിൽ ശുശ്രൂഷ ചെയ്യുവാൻ ക്രിസ്തീയ മിഷണറിമാർ അവിടെയുള്ള ശിശുക്കളെ കൊന്നുകളയുന്ന സംസ്ക്കാരം ഗവൺമെന്റുപോലും കണ്ടില്ല എന്നു നടിക്കുന്നത് തെറ്റാണെന്ന് എടുത്തു കാട്ടി. ഈ ആദിവാസികൾ അംഗവൈകല്യമുള്ള ശിശുക്കളെയും അവിവാഹിതയ്ക്ക് ഉണ്ടാകുന്ന ശിശുക്കളെയും ജീവനോടെ അടക്കുന്ന സംസ്ക്കാരമുള്ളവരാണ്. പുരാതന സാംസ്ക്കാരിക ശീലങ്ങൾക്ക് എതിർ നിൽക്കരുത് എന്നോ അഥവാ ഈ സംസ്ക്കാരത്തിൽ ഇതിനെ കൊലപാതകം എന്നല്ല എന്നു പറഞ്ഞോ ചിലർ ഈ ദുശ്ശീലത്തിന് അനുകൂലമായി വാദിച്ചുവന്നു. ഈ തർക്കത്തെയും വാദത്തെയും നാം പിൻതുടരുകയാണെങ്കിൽ നാസികൾ യഹൂദന്മാരെ കൊല്ലുന്നത് പുറമെയുള്ള നാം എപ്രകാരം തടുക്കുവാൻ കഴിയും? സത്യത്തിൽ എല്ലാ നാസികളും അതിനെ കൊലപാതകം എന്നു കരുതുന്നില്ലായിരുന്നുവല്ലോ ? ഇന്ത്യയിൽ സതിയെ ഒരു കൊലപാതകമായി ചിലർ കരുതിയിരുന്നില്ല. എന്നാൽ മിഷണറിയായ വില്യംകേറി ഈ ദുർശ്ശീലത്തിന് വിരാമം കൊണ്ടുവന്നതിനായി നാം അദ്ദേഹത്തോടെ നന്ദിയുള്ളവരായിരിക്കണം. സർക്കാർ ഈ തിന്മയെ നിർത്തലാക്കി. ഇതുപോലെ കൽക്കട്ടായിലെ ഹൂഗ്ലിനദിയിലും മറ്റ് ഇടങ്ങളിലും ശിശുക്കളെ ബലികഴിക്കുന്നതും കുഷ്ഠരോഗികളെ എരിച്ചു കളയുന്നതും ആയിരക്കണതക്കിന് യവ്വനക്കാരത്തികളെ വിധവകളാക്കി മാറ്റിയ ശൈശവ വിവാഹം നിർത്തലാക്കിയതും ഇതിന്റെ ഫലമായാണ്. നിരീശ്വരവാദികളായാലും ശരി, ദൈവീകവാദികളായാലും ശരി ഇതിന്റെ രണ്ടിന്റെയും നടുവിലുള്ളവരായും ശരി മനുഷ്യരായ നാം ചില കാര്യങ്ങളെ വെറുക്കതക്കവണ്ണമാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്ന്ത്. നേരംപോക്കിനുവേണ്ടി ചെറിയകുട്ടികളെ ഉപദ്രവിക്കുന്നത്, പലർ ചേർന്ന് ബലാൽസംഗം ചെയ്യുന്നത് , കുരുടന്മാരെ ഉപദ്രവിക്കുന്നത് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നതുതന്നെ നാം വെറുക്കുന്ന കാര്യമാണ്.

മനഃസാക്ഷിയെ ഞെരുക്കുന്നതിനാലും ഹൃദയത്തിന്റെ കാഠിന്യത്തിനലും ചില സംസ്ക്കാരങ്ങളിൽ സാംസ്ക്കാരികമായ തിന്മകൾ കാണുവാൻ കഴിയും. അടിസ്ഥാനപരമായ സാന്മാർഗികതകളെ നമുക്ക് അവഗണിക്കുവാൻ കഴിയുകയില്ല. നാം ഇവകളെ പുനഃസ്ഥാപിക്കേണ്ടവരാണ്.നിരീശ്വരവാദിയായ കായി നിയൽസൺ ഇതിനെ അടിസ്ഥാന ശിലകൾ എന്നു വിളിക്കുന്നു. കുഞ്ഞുങ്ങളെ ഉപദ്രിവിക്കക,ഭാര്യയെ ഉപദ്രവിക്കുക തുടങ്ങിയവയെ തിന്മകൾ എന്നു വിശ്വസിക്കുവാൻ വിവേചനപരമായ അടിസ്ഥാനം ഇല്ല എന്നു പറയുന്നത് വിശ്വസിക്കുന്നതിനെക്കാൾ ഇവകൾ തിന്മ എന്നു വിശ്വസിക്കുന്നതാണ് സ്വാർത്ഥകമായുള്ളത്. ഇത് അടിസ്ഥാനപരമായ ശിലകളാണെന്ന് അദ്ദേഹം പറയുന്നു.

> ***സഹിഷ്ണുത എന്ന മന്ദഹാസം മുഖത്തുള്ള പലരും സാന്മാർഗികതയെക്കുറിച്ച് പറയാറുണ്ടെങ്കിലും മിക്കപ്പോഴും തങ്ങളുടെ വിചാരങ്ങളെ മറ്റുള്ളവരുടെമേൽ ചെലുത്തുവാനാണ് അവർ ശ്രമിക്കുന്നത്.***

ഇപ്രകാരമുള്ളവരാൽ വിപ്ലവകരമായ മാറ്റത്തെ ഉണ്ടാക്കിയെടുക്കുവാൻ തുനിയുന്നവരെ സഹായിക്കുവാൻ കഴിയുകയില്ല. എന്തിനെക്കുറിച്ചും സാന്മാർഗിക വ്യതിയാനം വേണമെന്നു പറയുന്നത് എന്തിനാണ് ? പാശ്ചാത്യ നാടുകളിൽ അടിമവ്യാപാരത്തെ നിർത്തലാക്കിയത് വാസ്തവമായും മനുഷ്യകുലത്തിനു ലഭിച്ച ഒരു വലിയ വിശാലതയാണ്. അമേരിക്കയിലെ കറുത്തവർഗക്കാർക്ക് തുല്യാവകാശം നൽകിയത് ഒരു വലിയ സാന്മാർഗിക നേട്ടമായിതുന്നു. 1858 കാലത്ത് ഏബ്രഹാം ലിങ്കനും ഡഗ്ലസും തമ്മിൽ നടന്ന വിവാദത്തിൽ ഏബ്രഹാം ലിങ്കൺ തെക്കൻ പ്രവിശ്യകളിൽ ത ന്റെ സാംസ്ക്കാരിക

ചിന്തകളെ എന്തിനാണ് അടിച്ചേല്പ്പിക്കുന്നത് എന്ന പരാതി ഉയർന്നു വന്നു. എന്നാലിത് ഏബ്രാഹാം ലിങ്കന്റെ സ്വന്തം സാംസ്ക്കാരിക ചിന്തയല്ല പിന്നെയോ സാർവലൗകികമായി കെട്ടിയുറപ്പിക്കപ്പെട്ട ഒരു സാംസ്ക്കാരിക ധാരണയായിരുന്നു.

സാന്മാർഗികതയെക്കുറിച്ചു സംസാരിക്കുന്നവർക്കിടയിൽ ഒന്നിനൊന്നു യോജ്യമല്ലാത്ത സാന്മാർഗിക ചിന്തകളുള്ളതിനാൽ ഏതുശരി ഏതു തെറ്റ് എന്നുള്ള ധർമ്മ സങ്കടത്തിലാണ് ആളുകൾ. ഏതു സംസ്ക്കാരത്തിലും കുറവുകളുണ്ട് എന്നുള്ളത് വാസ്തവമായ കാര്യമാണ്. ഈ കുറവുകളെക്കുറിച്ചു പറയുമ്പോൾ നാം നമ്മുടെ സ്വന്തവിശ്വാസങ്ങൾ മറ്റുള്ളവരുടെമേൽ ചെലുത്തുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന,് വിവാഹത്തിന്റെ നിർവചനത്തെ മാറ്റുവാൻ ശ്രമിക്കുമ്പോൾ പിറക്കാത്ത ശിശുക്കളുടെ മരണത്തിന് അതു ഹേതുകമായിത്തീരുകയാണ്. സ്ക്കൂളുകളിൽ ലൈംഗീക വിദ്യാഭ്യാസം സാന്മാർഗിക ചോദ്യങ്ങൾക്ക് ഇടയാക്കുംവിധം പരിശീലിപ്പിക്കപ്പെടുമ്പോൾ അത്തരക്കാർക്ക് നാം സമ്മതം മൂളുകയാണ്. സഹിഷ്ണുത എന്ന മന്ദഹാസം മുഖത്തുള്ള പലരും സാന്മാർഗികതയെക്കുറിച്ച് പറയാറുണ്ടെങ്കിലും മിക്കപ്പോഴും തങ്ങളുടെ വിചാരങ്ങളെ മറ്റുള്ളവരുടെമേൽ ചെലുത്തുവാനാണ് അവർ ശ്രമിക്കുന്നത്.

സാന്മാർഗിക വിലമതിപ്പുകൾ ചെലുത്തുന്നു എന്ന് കുറ്റം പറയുമ്പോൾതന്നെ ഒരു സാന്മാർഗിക യോഗ്യതാമാനദണ്ഡം ആവശ്യമല്ലേ ? തീർച്ചയായും. സാന്മാർഗിക സ്വാധീനത്തെക്കുറിച്ച് സംസാരിക്കുന്നവർ, നിങ്ങളുടെ സാന്മാർഗിക വിലമതിപ്പുകളെ മറ്റുള്ളവരുടെമേൽ അടിച്ചേല്പ്പിക്കുന്നത് തെറ്റാണ ് എന്ന ചിന്താഗതിക്കാരാണ്. എന്നാൽ മറ്റുള്ളവരുടെമേൽ നമ്മുടെ സാന്മാർഗികതയെ നാം ചെലുത്തുന്നതിൽ എന്താണ് തെറ്റ്? മറ്റുള്ളരുടെമേൽ തങ്ങളുടെ സാന്മാർഗിക വിലമതിപ്പുകളെ ചെലുത്തന്നവരോട് നിങ്ങൾ എങ്ങനെ പ്രതികരിക്കും? തന്റെ വിലമതിപ്പുകളെ മറ്റുള്ളവരിലേക്കു ചെലുത്തുവനാഗ്രഹിക്കുന്ന വ്യക്തിയുടെമേൽ നിങ്ങളുടെ ചിന്തകളെ നിങ്ങൾ അടിച്ചേല്പ്പിക്കുവാൻ ശ്രമിക്കുമോ ? എന്നിങ്ങനെ നമുക്കും അവരോട് മറുചോദ്യം ചോദിക്കാനാകും ? തങ്ങളുടെ സാന്മാർഗികതകളെ മറ്റുള്ളവരുടെമേൽ ചെലുത്തണം എന്ന് വിചാരിക്കുന്നവരിലേക്ക് ഇക്കൂട്ടർ തങ്ങളുടെ സാന്മാർഗികതയെ ബദിലായി ചെലുത്തുവാനാഗ്രഹിക്കുന്നു. ഇത്തരക്കാർ തങ്ങളുടെ സൗകര്യത്തിനൊത്ത തങ്ങളുടെ സ്വന്ത വിചാരങ്ങളെ മറ്റുള്ളവരുടെ മേൽ ചെലുത്തുവാൻ ശ്രമിക്കുന്നത് നമുക്കു കാണുവാൻ കഴിയും.



## സാന്മാർഗികതയെ നിങ്ങൾക്ക് നിയമാനുസൃതമാക്കുവാനാകില്ല

1992-ാം വർഷത്തിൽ നടന്ന ഒരു കേസിൽ അമേരിക്കയിലെ സുപ്രീം കോർട്ടിലെ മിക്ക നായാധിപന്മാരും താഴെ പറയുംപ്രകാരം ഉറപ്പു നൽകി. *നമ്മിൽ വ്യക്തിപരമായി ചിലർ ഗർഭഛിദ്രം നമ്മുടെ തികച്ചും അടിസ്ഥാനപരമായ സാന്മാർഗിക ചിന്തക്ക് വിരോധമായതാണെന്ന് മനസിലാക്കുന്നു. എന്നാൽ അത് നമ്മുടെ തീരുമാനത്തെ നിയന്ത്രിക്കുന്ന ഒന്നല്ല. അത് നമ്മുടെ സാന്മാർഗിക വിധികളെ നിറവേറ്റുന്നതുമല്ല. എല്ലവർക്കും വിമോചനം നൽകുകയാണ് നമ്മുടെ കടമ. ഈ വിമോചനത്തിന്റെ കേന്ദ്രസ്ഥാനമായി ഒരു വ്യക്തിക്ക് ആയിരിക്കുന്ന അവസ്ഥ, അർത്ഥം, പ്രപഞ്ചം, മനുഷ്യജീവിതത്തിന്റെ മർമ്മം, എന്നിവയോടുള്ള ചിന്താഗതിയും അടങ്ങിയിരിക്കുന്നു.*

***മനഃസാക്ഷിയെ ഞെരുക്കുന്നതിനാലും ഹൃദയത്തിന്റെ കാഠിന്യത്തിനലും ചില സംസ്ക്കാരങ്ങളിൽ സാംസ്ക്കാരികമായ തിന്മകൾ കാണുവാൻ കഴിയും. അടിസ്ഥാനപരമായ സാന്മാർഗികതകളെ നമുക്ക് അവഗണിക്കുവാൻ കഴിയുകയില്ല. നാം ഇവകളെ പുനഃസ്ഥാപിക്കേണ്ടവരാണ്.***

ഒരാളുടെ ചിന്താഗതിയെ മറ്റുള്ളവരുടെമേൽ അടിച്ചേല്പ്പിക്കുവാൻ കഴിയുകയില്ല എന്നുള്ളത് ഇത് കൂടുതലായി വിശദീകരിക്കുന്നു. സാന്മാർഗികതയെ നിയമാനുസരണമാക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല എന്ന ധാരണയ്ക്ക് ഇത് ഉറപ്പു നൽകുന്നു. എന്നാൽ നാം മുൻകണ്ടതുപോലെ വളരെ മോശമായിട്ടുള്ള തിന്മകളെ തടുത്തു നിർത്തുന്നതിനും കുറ്റവാളികളെ ശിക്ഷിക്കുന്നതിനും തെറ്റുചെയ്യാത്തവരെ അനീതിയിൽ നിന്നും വിടുവിക്കുന്നതിനും നിയമപരമായ നടപടികൾ ആവശ്യമാണ്. അത് ഒഴിവാ ക്കാനാവില്ല. ഈ പ്രത്യേക കേസിൽ മോചനാവകാശമെന്നത് ജനിക്കാത്ത മനുഷ്യജിവിതത്തിന് മുമ്പിൽ തികച്ചും മുൻഗണന ഉള്ളതാണ്. മനുഷ്യ ജീവിതത്തിന്റെ മർമ്മത്തെക്കുറിച്ച് ചിലർ പറയുന്ന വിശദീകരണം ഇനിയും ജനിക്കുവാനുള്ളവർക്ക് സംരക്ഷണം ലഭിക്കേണമെന്നുള്ള അവകാശം നൽകുന്ന തരമല്ല. ദുഖകരമായ കാര്യമെന്തെന്നാൽ ജനിക്കാനുള്ളവർക്ക് ഇതിനെതിരായി യാതൊന്നും സംസാരിക്കാനാവില്ലല്ലോ. ഇതെക്കുറിച്ച് നാം ചുരുക്കമായി അന്വേഷണം നടത്തുമ്പോൾ താഴെപറയുന്ന കാര്യങ്ങളെക്കുറിച്ച് നമുക്ക് മനസിലാക്കുവാൻ കഴിയും.

ഒന്നാമതായി, നിങ്ങളാൽ സാന്മാർഗികതയെ നിയമാനുസൃതമാക്കുവാൻ കഴിയുകയില്ല എന്ന ചിന്താധാര ഒരിക്കലും തെളിയക്കപ്പെടാനാവാത്തതാണ്. യഥാർത്ഥത്തിൽ ഈ പ്രസ്താവന തന്നെ സാന്മാർഗികതയുടെ ഒരു പര്യായമാണ്. ഇങ്ങനെ ഒരു

കാര്യം ചെയ്യുവാൻ പാടില്ല എന്നത് അതു നമ്മോടു പറയുന്നു.

നാം സാന്മാർഗികതയെ നിയമാനുസൃതമാക്കുമ്പോൾ അത് മിക്കപ്പോഴും സമുദായത്തിന്റെ നന്മയായി ത്തന്നെ കാണപ്പെടുന്നു. ഇപ്പോൾ ആരുടെ സാന്മാർഗികതകളെയാണ് നാം നിയമാനുസൃതമാക്കേണ്ടത് എന്ന് ചോദ്യം ഉയർന്നു വരുന്നു. പല വർഷങ്ങളായി നല്ലത് ഏത് തീയത് ഏത് എന്നതു സംബന്ധിച്ച പൊതുവായ സാന്മാർഗിക തീർപ്പ് സംസ്കാരങ്ങളിൽ നാം കാണുന്നു എന്നുള്ളതാണ് ഇതിനു മറുപടി. വിജാതിയുടെ ഹൃദയങ്ങളിൽ സാന്മാർഗിക പ്രമാണം എഴുതപ്പെട്ടിരിക്കുന്നുവെന്ന് റോമാലേഖനം 2 14,15 ഉം പറയുന്നു. ഇതു ശരി ഇതു തെറ്റ് എന്ന് വിവേചിച്ചു പറയുന്നതിനെ എതിർക്കുന്നവരോട് നമുക്ക് താഴെ പറയുന്ന ചോദ്യങ്ങൾ ചോദിക്കാനാവും.

*ഒരു പാപവും ചെയ്യാത്ത മനുഷ്യ ജിവിനെ എടുത്തു കളയുന്നത്, സ്ത്രീകളോടുള്ള ലൈംഗിക പീഢനം കുഞ്ഞുങ്ങളെ ലൈംഗികമായി പീഢിപ്പിക്കുന്നത്,പരിഹസത്തിനായി കുഞ്ഞുങ്ങളെ ഉപദ്രവിക്കുന്നത് എന്നിത്യാദികൾ തെറ്റാണ് എന്ന് ഉറക്കുന്നതിൽ താങ്കൾക്ക് എന്തെങ്കിലും പ്രശ്നമുണ്ടോ ?* ഇതിൽ പ്രശ്നമുണ്ട് എന്നു മനസിലാക്കുവാൻ കഴിയാത്തവർ സത്യത്തിൽ ഹൃദയകാഠിന്യമുള്ളവരാണ്. അവരുമായി വിവാദിക്കുന്നതിൽ അർത്ഥമില്ല. അവർക്ക് മാനസീകവും ശാരീരികവുമായ ചികിത്സ ആവശ്യമാണ്.

ഏതു ശരി ഏതു തെറ്റ് എന്ന നിലപാടില്ലാതെ ഒരു നടുനില എടുത്തുകൊള്ളുന്നു എന്നു പറയുന്നത് അംഗീകരിക്കാനാവാത്ത കാര്യമാണ്. ഗർഭഛിദ്രത്തെക്കുറിച്ചും വിവാഹത്തെക്കുറിച്ചുമൊക്കെ ഒരു നടുനില നിലപാട് എടുക്കുവാൻ സമൂഹത്തിന് കഴിയുകയില്ല. സർക്കാരിനും അപ്രകാരം ഒരു നടുനില എടുക്കുവാൻ കഴിയുകയില്ല. സർക്കാർ എന്തെങ്കിലും ചെയ്യേണം എന്നു പറയുന്നതും സാന്മാർഗിക അവകാശവാദമാണ്. അത് നടുനിലയായ ഒന്നല്ല, ഒരു വിവാഹത്തെ സംബന്ധിച്ചിടത്തോളം ഭാര്യയും ഭർത്താവും ഒരേ ശരീരമായി ഇണയ്ക്കപ്പെടുന്ന ഒന്നാണെന്ന് സർക്കാർ ഒന്നുകിൽ അംഗീകരിക്കേണം. അല്ലെങ്കി ൽ നിരാകരിക്കേണം. ഗർഭഛിദ്രത്തെ സംബന്ധിച്ചിടത്തോളം പിറക്കാത്ത ശിശുവിന്റെ അവസ്ഥയെ സംബന്ധിച്ച് മനസിലാക്കതെയിരുന്നാലും ആ പ്രവൃത്തിക്ക് ഒരു നടുനില നിലപാട് എടുക്കുവാൻ ആർക്കും കഴിയുകയില്ല. ഗർഭത്തിലുള്ള ഭ്രൂണത്തിന്റെ അവസ്ഥ നാം അറിയാത്തതു കൊണ്ട് അതു വ്യക്തിപരമായ തെരഞ്ഞെടുപ്പാണെന്ന് പറയുന്നവരുണ്ട്. ഇത് വേട്ടക്കു ചെല്ലുന്നവൻ ഏതു മൃഗമാണെന്നറിയാതെ വെടുവെയ്ക്കുന്നതുപോലെയാണ്.

ഗർഭഛിദ്രത്തെ അനുകൂലിക്കുന്നവൻ സർക്കാർ തങ്ങളുടെ ചിന്താഗതിയെ ജനങ്ങളുടെമേൽ അടിച്ചേല്പിക്കരുത് എന്നു പറയുന്നു. പിറക്കാത്ത ശിശുവും ഒരു മനുഷ്യജീവിയാണെങ്കിൽ , ചില ആവശ്യങ്ങളുടെ മുഖത്ത് ഗർഭഛിദ്രമനുവദിക്കുന്നത് ഒരുവൻ തന്റെ ചിന്താഗതിയെ പിറക്കാത്ത ശിശുവിന്റെമേൽ അടിച്ചേല്പിക്കുന്നതായി വരില്ലെ? അത് ആ ശിശുവിന്റെ നാശത്തിനു കാരണമായിത്തീരുന്നുവല്ലോ ? അറിയുവാനുള്ള അവകാശമെന്നത് ഒരു നടുനിലയായ കാര്യമല്ല. അത് ജിവനോ മരണമോ എന്ന നിലയാണ്. (ഗർഭിണിയായിരിക്കുന്ന മാതാവിന് ഗർഭഛിദ്രത്തിനു പകരം സഹായവും അനുകമ്പാപൂർവമായ സാമൂഹികപരിചരണവുമാവശ്യമാണ്)

മൂന്നാമതായി, നമ്മുടെ സമൂഹത്തിൽ സ്വാതന്ത്ര്യം അഥവാ അവകാശം എന്നീ പദങ്ങൾ കേവലം പൊരുളില്ലാത്തവകളായി തീർന്നിരിക്കുന്നു. തെരഞ്ഞെടുക്കുവാനുള്ള അവകാശം എന്ന ശൈലിതന്നെ നോക്കുക. ഇത് നമ്മോട് ഒന്നും വ്യക്തമാക്കുന്നില്ല. എന്ത് അറിയുവാനുള്ള അവകാശം. അഥവാ എന്തു തെരഞ്ഞെടുക്കുവാനുള്ള അവകാശം. എന്ന ചോദ്യം ഇവിടെ ഉയരുന്നു. ഗർഭഛിദ്രത്തെയും ,ബലാൽസംഗത്തെയും, കൊലപാതകത്തെയും , പരിഹാസത്തിനായി കുഞ്ഞുങ്ങളെ ഉപദ്രവിക്കുന്നതിനെയുമൊക്കെ നാം ഏറ്റുകൊള്ളേണമോ ? തെരഞ്ഞെടുക്കുവാനുള്ള അവകാശമെന്നുള്ളത് ശരിയായതിനെ തെരഞ്ഞെടുക്കുവാനുള്ള അവകാശമാണ്. തെരഞ്ഞെടുപ്പ് എന്നത് സാന്മാർഗികത ഇല്ലാത്തതായും വരാം. അഥവാ സാന്മാർഗികത ഉള്ളതായും തീരാം. എന്നാൽ ഒരു നടുനിലപാട് എടുക്കുവാൻ കഴിയുകയില്ല.

നാലാമതായി, സമുദായം എന്നത് കൂടെക്കൂടെ ശരിയായ മുറയിൽസാന്മാർഗികതയെ നിയമനാസൃതമാക്കിതീർക്കുന്നു.ഹിറ്റ്ലർ പിന്നെയും ഉലകത്തിൽ ഉന്മൂലനം ഉണ്ടാക്കാതെ തടുക്കുന്നു. കുഞ്ഞുങ്ങളെ പീഢിപ്പിക്കുന്നതിൽ നിന്നും അവരെ രക്ഷിച്ചു കാക്കുന്നു. കുഞ്ഞുങ്ങളെ കൊല്ലുന്നവരെ ജയിലിലടയ്ക്കുന്നു. നാം എപ്രകാരം പ്രവർത്തിക്കണമോ അപ്രകാരം പ്രവർത്തിക്കുമ്പോൾ, വിധവകളെ ചുട്ടെരിക്കുക, ഭാര്യമാരെ ഉപദ്രവിക്കുക, അഭിമാനത്തിനുവേണ്ടി കൊലപാതകം ചെയ്യുക, ജാതിവ്യത്യാസം കാട്ടുക തുടങ്ങിയവകൾക്ക് എതിരായി ഉള്ള നിയമത്തെ നാം അംഗീകരിക്കുകയാണു ചെയ്യുന്നത്. ഒരു സാന്മാർഗിക ജീവിയായി ജീവിക്കുന്നതിൽ നിന്നും നമുക്ക് മാറി നിൽക്കാനാവില്ല. ഒരുവൻ നമ്മെ അന്യായമായി നടത്തുകയാണോ അതൊ നമ്മുടെ അവകാശങ്ങളെ ചൂഷണം ചെയ്യുകയാണോ എന്ന് നമുക്കു മനസിലാക്കുവാൻ കഴിയും. നാം നമ്മുടെ പ്രവർത്തിക്ക് സാഹചര്യത്തെയോ മറ്റുള്ളവരെയോ കുറ്റം ചാർത്താതെ അതിന്റെ ഉത്തരവാദിത്വം നാം ഏറ്റെടുക്കേണ്ടവരാണ്. മനുഷ്യർ തങ്ങളുടെ സാന്മാർഗിക തെരഞ്ഞെടുപ്പുകൾക്ക് ഉത്തരവാദികളെന്ന ത് നമ്മുടെ നീതിന്യായ വ്യവസ്ഥകൾ നമുക്കു വ്യക്തമാക്കിതരുന്നു. നമുക്ക് അന്തസ്സും മതിപ്പും സാന്മാർഗിക ഉത്തരവാദിത്വവും നൽകുന്നത് എന്തൊക്കെയാണ്? നാം ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു (ഉല്പ. 1 26,27) എന്ന സത്യമാണ് ഇത്തരം ചോദ്യങ്ങ ൾക്ക് മറുപടി. ■



**പോറം കോപാൻ** *ഫ്ലോറിഡായിലെ അറ്റ്ലാന്റിക് യൂിവേഴ്സിറ്റി പ്രൊഫസറാണ്. അനേകം പുസ്തകങ്ങൾ എഴുതുകയും എഡിറ്റു ചെയ്യുയും ചെയ്തിട്ടുണ്ട്. ഇവാഞ്ചലിക്കൽ ഫിലൊസൊഫിക്കൽ സൊസൈറ്റിയുടെ പ്രസിഡന്റുമാണ് .*



# തിമൊഥെയോസിനെ തേടിക്കൊണ്ട്

**മേന്മയുള്ളതും ആദരവുനൽകുന്നതുമായ ശുശ്രൂഷയ്ക്ക് ആവശ്യമായ കുറിപ്പുകൾ**

**ടോണി കുക്**

പിതാവായ ദൈവവും യേശുവും എല്ലാവിധത്തിലും പൂർണതയുള്ളവരാകുന്നു. എന്നിരുന്നാലും ഇരുവരും തങ്ങളുടെ നേതൃത്വത്തിൽ പ്രശ്നങ്ങളെ നേരിടേണ്ടി വന്നു. മോശമായുള്ള നേതൃത്വം നിമിത്തമാണോ ഇവർക്ക് പ്രശ്നങ്ങൾ ഉണ്ടായത് ? വാസ്തവത്തിൽ നല്ല സഹായികളില്ലാതിരുന്നാൽ ശ്രേഷ്ഠരായ നേതാക്കൾക്കുപോലും ആത്യന്തികമായ ഫലം ഉണ്ടാക്കിയെടുക്കുവാൻ കഴിയുകയില്ല.



## നേതാക്കൾക്ക് സഹായം കുറയുമ്പോൾ

ദൈവവേലക്കാർ മിക്കപേർക്കും ആവശ്യമായ സഹായം ലഭിക്കാതിരുന്നാൽ അവർ മനഃസംഘർഷത്തിലായിത്തീരുന്നു. ഇത് ഒരു പുതിയ പ്രശ്നമല്ല. *ഈ ജനത്തെയെല്ലാം തനിയെ വഹിക്കുവാൻ എനിക്കു കഴിയുകയില്ല. ഇത് എനിക്ക് അതിഭാരമാണ്* (സംഖ്യ. 11: 14) എന്ന് മോശെ പരാതിപ്പെടുന്നു.

പൗലോസ് ഒരു വിലിയ നേതാവാണ്. എന്നാൽ എപ്പോഴും അദ്ദേഹത്തിന് ആവശ്യമായ സഹായം ലഭിച്ചു എന്നു പറയാനാവില്ല. *തിമൊഥയൊസിനെക്കുറിച്ച് എഴുതുമ്പോൾ അദ്ദേഹം ഇപ്രകാരം എഴുതുന്നു. നിങ്ങളുടെ നന്മക്കായി കരുതുവാൻ തുല്യചിത്തനായി എനിക്കു വേറെ ആരും ഇല്ല. എന്തെന്നാൽ , യേശുക്രിസ്തുവിന്റെ താല്പര്യമല്ല, സ്വന്തതാല്പ്പര്യമത്രെ എല്ലാവരും അന്വേഷിക്കുന്നത്. എന്നാൽ തിമൊഥെയോസ് തന്റെ വിശിഷ്ട സ്വഭാവം തെളിയിച്ചവനാണെന്ന് നിങ്ങൾക്ക് അറിയാമല്ലോ ?* (ഫിലി. 2 : 20 -22 ) . കൂട്ടുപ്രവർത്തനം ഇല്ലാതായിത്തീർന്നാൽ വലിയ നേതാക്കൾക്കുപോലും അനുയായികളെ ഉണ്ടാക്കിയെടുക്കുവാൻ കഴിയുകയില്ല. പൗലോസിന് ഇപ്രകാരമുള്ള പ്രവർത്തന സഹായം ലഭിച്ചിരുന്നുവെങ്കിൽ അദ്ദേഹം പത്തിലധികമെങ്കിലും തിമൊഥെയൊസുമാരെ ഉരുവാക്കിയേനേം. പല നേതാക്കളും ദൈവത്തിങ്കൽ നിന്നും പ്രചോദിപ്പിക്കപ്പെട്ട പ്രവർത്തന ഉത്തരവാദിത്വം ഉള്ളവരാണ്. സഹായികൾ നേതാവിന്റെ ദർശനത്തെ നിറവേറ്റുന്നതിന് സഹായകമാകാതെ തങ്ങളുടെ സ്വന്തകാര്യങ്ങളെ തേടുന്നതുകൊണ്ട് നേതാക്കൾ പോരാടേണ്ടി വരുന്നു.

## തിമൊഥിയോസിനെപ്പോലെ തുല്യചിത്തനായി വേറെ ആരും ഇല്ല

പൗലോസിന് അദ്ദേഹത്തിന്റെ ഹൃദയത്തെ പ്രതിഫലിപ്പിക്കുന്ന ഒരു പ്രതിനിധി ആവശ്യമുണ്ട്. ശബളത്തിനുവരുന്നവരെക്കൊണ്ട് ആ ആവശ്യം സാധിപ്പിച്ചെടുക്കുവാനാവില്ല. ഈ വ്യക്തി ജനങ്ങളെക്കുറിച്ച് യഥാർത്ഥമായ ഭാരമുള്ളവനായി അവർക്കുവേണ്ടി ശുശ്രൂഷ ചെയ്യുന്നവായിരിക്കേണം. ഇങ്ങനെ ചെയ്യുന്ന ഒരേ ഒരുവനായി കണ്ടത് തിമൊഥെയോസാണ്. പൗലോസ് തിമൊഥെയോസിനെക്കുറിച്ച് പറയുന്നത് *എനിക്കു തുല്യചിത്തനായവൻ* എന്നാണ് . പൗലോസിന്റെ ഹൃദയത്തിന്റെ മതിപ്പുകളെയും മുൻഗണനകളെയും ലക്ഷ്യത്തെയും നിശ്ചയങ്ങളെയും മനോഭാവങ്ങളെയും തിമൊഥെയോസ് മ നസിലാക്കി അത് പങ്കിട്ടു. തിമൊഥെയോസ് തന്നെത്തന്നെ ഉർത്തിക്കാട്ടിയില്ല. സ്വാർത്ഥതയുള്ളവനായി ഇരുന്നില്ല. സ്വന്തമായി പ്രവർത്തന പദ്ധതിയുമുണ്ടായിരുന്നില്ല. ഇതുതന്നെയാണ് അദ്ദേഹത്തെ പൗലോസ് അപ്പൊസ്തോലന്റെ പ്രിയങ്കരനാക്കിയത്. പൗലോസിന് സഹായി ആകുന്നതിലൂടെ അദ്ദേഹം ദൈവത്തിന് ശുശ്രൂഷ ചെയ്യുവാൻ ആഗ്രഹിച്ചു. എല്ലാവരും ഇപ്രകാരം ആയിരിക്കേണ്ട സമയത്ത് തിമൊഥെയോസ് മാത്രമാണ് ഇപ്രകാരം ആയിത്തീർന്നത് എന്നുള്ളത് ദുഖകരമായ കാര്യമാണ്. ദൈവം ചിലരെ നേതൃത്വത്തിന് സഹായികളായി എഴുന്നേല്പിക്കുന്നു എന്നുള്ളതും നാം മനസിലാക്കേണം. തിമൊഥെയോസിനെപ്പോലെ ആകുവാൻ പഠിച്ചിരിക്കുക. ഞാൻ ബൈബിൾ സ്ക്കൂളിൽ പഠിക്കുമ്പോൾ ദൈവം ഭാവികാല ശുശ്രൂഷയിൽ എപ്രകാരം പ്രയോജനപ്പെടുത്തേണം എന്നതു സംബന്ധിച്ച ചില താല്പര്യങ്ങൾ എനിക്കുണ്ടായിരുന്നു. പ്രസംഗപീഠത്തിൽ നിന്ന് പ്രസംഗിക്കുക എന്നതുപോലുള്ള , എല്ലാവരുടെയും മുമ്പിൽ ശോഭിക്കുന്ന, ശുശ്രൂഷയിൽ ദൈവം എന്നെ ആക്കിവെയ്ക്കാതെ ജ്ഞാനത്തോടെ സ്നേഹത്തിൽ വളരുവാ

# സഹായക ശുശ്രൂഷയിൽ

ൻ തക്കവണ്ണം സേവനത്തിന്റെ മുഖ്യത്തം അറിയുന്ന ഒരു സ്ഥലത്ത് എന്നെ ആക്കിവെച്ചു. ഒരു സഭയിൽ സഹായായി പ്രവർത്തിച്ചപ്പോൾ പല പ്രശ്നങ്ങൾ മനസിലാക്കുവാൻ എനിക്കു കഴിഞ്ഞു. പക്വതയോടെ ഞാൻ ഇടപെടേണ്ട ആ സ്ഥലത്ത് ഒരു സേവകന്റെ മനോഭാവം ഞാൻ വളർത്തേണ്ടിയിരുന്നു. ചില സമയങ്ങളിൽ എന്റെ മനോഭാവങ്ങൾ തെറ്റിപ്പോകുമ്പോൾ ദൈവം ഇടപെട്ട് അവകളെ ശരിയാക്കുകയും അവിടുത്തെ വചനം നിമിത്തം വാസ്തവമായ വിലമതിപ്പുകളെ ഉണ്ടാക്കിയെടുക്കുവാൻ അവിടുന്ന് എന്നെ സഹായിക്കുകയും ചെയ്യുന്നു. അങ്ങനെ ഒരു സഹായക ശുശ്രൂഷകനായിത്തീരുവാനുള്ള മനോഭാവത്തിലേക്ക് ദൈവം എന്നെ കൊണ്ടുവന്നു. ഈ ശുശ്രൂഷയെ ജീവിതത്തിലെ ഏറ്റവും വലിയ ശുശ്രൂഷയായി എണ്ണേണമെന്ന് ദൈവം എന്നെ പഠിപ്പിച്ചു.

വേദപുസ്തകം ഭയഭക്തിയുള്ള അനേകരുടെ സ്വഭാവ സവിശേഷതകളെക്കുറിച്ച് പറയുന്നുണ്ട്. ഇന്നത്തെ ദൈവവേലക്കാർക്ക് അവരുടെ മാതൃകകളെ ഇനിയും അധികമായി മേന്മപ്പെടുത്തുവാൻ കഴിയും. പൗലോസ് ഇപ്രകാരം പറയുന്നു. *സഹോദരരെ, എന്റെ അനുയായികളായി തീരുവിൻ. ഞങ്ങൾ നിങ്ങൾക്കു കാണിച്ചു തന്ന മാതൃകയനുസരിച്ചു ജീവിക്കുന്നവരെയും ശ്രദ്ധിച്ചുകൊൾവിൻ* (ഫിലി. 3 :17).1 കൊരി .11 : 1-ൽ *ഞാൻ ക്രിസ്തുവിന്റെ മാതൃക പിൻതുടരുന്നതുപോലെ നിങ്ങൾ എന്റെ മാതൃക പിൻതുടരുവിൻ* എന്നും അദ്ദേഹം പറയുന്നു. നാം പിൻതുടരേണ്ട ചില മാതൃകകൾ



**ടോണി കുക്,**
**ഒക്കലഹോമ**

1- വിശദാംശങ്ങളെ ശ്രദ്ധിക്കുക (യോസേഫ്)
2- ആത്മധൈര്യമുള്ള സഹായി (യോശുവ)
3- നേതാവിന് സഹായം ( ആരോനും ഊരും )
4- ബഹുമാനം കാട്ടുക (ദാവീദ് )
5- ഉടമ്പടിയുടെ മനുഷ്യൻ (യോനാദാൻ )
6- വിശ്വാസമുള്ളവൻ (ആമാസായി)
7- തീരുമാനത്തോടെ പിൻ തുടരുന്നവൻ (ഏലീശ)
8- അടുത്തവൻ വലുതാകുന്നതിന് തന്നെത്തന്നെ കുറക്കുന്നവൻ (യോഹന്നാൻ സ്നാപകൻ )
9- ഉത്സാഹിപ്പിക്കുന്നവൻ (ബർന്നബാസ്)
10- സഹശുശ്രൂഷകനും പങ്കാളിയും (തീത്തോസ്)
11- ഏകചിന്തയുള്ളവൻ (തിമൊഥെയോസ് )
12- പ്രയോജനമുള്ളവൻ (മർക്കൊസ്)
13-വിശ്വസ്തതയുള്ളവൻ (ലൂക്കൊസ് )
14-തുനിവോടെ ഇറങ്ങിതിരിച്ച് മറ്റുള്ളവർക്ക് മാതൃക കാട്ടുന്നവൻ (ഒനേസിഫോറസ് )
15-സമർപ്പണമുള്ളവൻ (പ്രിസ്കില്ലായും അക്വില്ലാവും )

മറ്റൊരുസമയത്ത് എന്റെ മനോഭാവത്തിൽ വീഴ്ച സംഭവിച്ചപ്പോൾ , ഞാൻ ബഹിരംഗമായി ജോലി ചെയ്തുകൊണ്ടിരുന്നാലും അന്തരംഗത്തിൽ പിറുപിറുപ്പുള്ളവനായി കാണപ്പെട്ടു. ഒരു വിശ്രമമുറിയുടെ കണ്ണാടി തുടച്ചുകൊണ്ടിരുന്നപ്പോൾ പരിശുദ്ധാത്മാവ് എന്നോടു സംസാരിച്ചു. യേശുവാണ് അടുത്തതായി ഈ മുറിക്കുള്ളിൽ വരുന്നതെന്ന് അവിടുന്ന് എന്നോടു സംസാരിച്ചു. ഞാൻ എന്റെ ആ ജോലി കർത്താവിനെന്നവണ്ണം മനസ്സോടെ അല്ല ചെയ്തതെന്ന് അപ്പോൾ മനസിലാക്കി.

## സഹായ ശുശ്രൂഷകന്മാരെ സംബന്ധിച്ച് കുറിപ്പ്

ഞാനൊരു സഹശുശ്രൂഷകനായ ശേഷം തിമൊഥെയോസിന് പൗലോസ് എഴുതിയ ലേഖനങ്ങൾ ആവർത്തിച്ചു വായിച്ചു. *മർക്കൊസ് തനിക്കു പ്രയോജനമുള്ളവനാകയാൽ അവരെയുംകൂടി കൂട്ടിക്കൊണ്ടു വരുവാൻ പൗലോസ്* തിമൊഥിയൊസിനോടു പറയുന്നത് ഞാൻ ശ്രദ്ധിച്ചു (2 തിമോഥി 4 :11) അത് എന്റെ പ്രാർത്ഥനയുടെ ഒരു മാതൃകയായിത്തീർന്നു. *കർത്താവേ നീ എന്നെ പ്രയോജനമുള്ളവനാക്കണമേ ..ഞാൻ ആർക്കുവേണ്ടി പ്രവർത്തിക്കുന്നുവോ ആ ദൈവപുരുഷന് പ്രയോജനമുള്ളവനാക്കി തീർക്കണമേ* എന്നു ഞാൻ കൂടെക്കൂടെ പ്രാർത്ഥിക്കുവാൻ തുടങ്ങി. ഓരോ സഭയിലും ഓരോ ഓഫീസുകളിലും സ്വമേധാപ്രവർത്തകരിലും ഇതുതന്നെയായിരിക്കട്ടെ അവരുടെ ഉൾവാഞ്ഛ. ഒരു പ്രയോജനമുള്ള സഹശുശ്രൂഷകന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണ് ? ഭയഭക്തി നിറഞ്ഞ സ്വഭാവം. പ്രവർത്തനത്തിൽ ഉത്സുകത,ബുദ്ധിക്ഷമത, തുടങ്ങിയ പലഗുണങ്ങളും അത്യാവശ്യമായുള്ളതാണ്. തങ്ങളുടെ പ്രവർത്തനത്തിൽ ക്രിയാത്മകതയോടെ മുന്നേറുന്ന സഹായക ശുശ്രൂഷകന്മാർക്ക് പത്ത് അത്യാവശ്യ ഗുണങ്ങൾ ഉണ്ടായിരിക്കേണം.

## ശ്രേഷ്ഠരായ സഹായികൾ കടപ്പാടുള്ളവരാണ്

ഞാൻ ആശുപത്രിയിൽ ചെന്ന് ഒരു വയസായ മാതാവിനെ കാണുവാനിടയായി. അവർ എന്നോട് ഇപ്രകാരം പറഞ്ഞു. *സഹോദരൻ കുക്ക് എന്നെ കാണുവാൻ വന്നതിനായി നന്ദി. നിങ്ങളുടെ സീനിയർ പാസ്റ്റർ ഇവിടെ വന്നില്ല.* അവർ സീനിയർ പാസ്റ്ററെ കുറ്റം ചുമത്തുകയാണെന്നുള്ളത് എനിക്ക് വളരെ സ്പഷ്ടമാണ്. എന്നെ ഇവിടെ ഉയർത്തി കാട്ടുവാൻ തക്കവണ്ണമുള്ള ഒരു നല്ല സന്ദർഭമായിരുന്നു. എന്നാൽ അപ്രകാരം ഞാൻ ചെയ്യുന്നത് ഒരിക്കലും നല്ല കാര്യമല്ല. സഹശുശ്രൂഷകനെന്ന നിലയിൽ നിങ്ങളുടെ സീനിയർ പാസറ്ററിന് യോജ്യമാം വിധത്തിൽ അദ്ദേഹത്തെ പ്രതിനിധാനം ചെയ്യുന്നതാണ് നിങ്ങളുടെ ഉത്തരവാദിത്വങ്ങളിൽ ഒന്ന്. പ്രത്യേകിച്ച് ന്യായമില്ലാത്ത കുറ്റങ്ങൾ ചാർത്തുമ്പോൾ അപ്രകാരം ചെയ്യേണം. ഒരു സഹായി എന്ന നിലയിൽ നിങ്ങളെ പ്രബലപ്പെടുത്തി കൊള്ളേണ്ടത് നിങ്ങളുടെ ജോലി അല്ല. സഭയ്ക്കുള്ളിൽ നിങ്ങൾക്ക് പിൻഗാമികളെ ഉണ്ടാക്കുവാൻ ശ്രമിക്കരുത്. മറ്റവരെ മോശക്കാരാക്കി നിങ്ങൾ നല്ലവരാകുവാനും ശ്രമിക്കരുത്.

### ശ്രേഷ്ഠരായ സഹായ ശുശ്രൂഷകർ മഹത്തായ മനോഭാവം ഉള്ളവരാണ്

ഒരാളിന്റെ മനോഭാവത്തെക്കുറിച്ച് നമുക്ക് കുറവു പറയാനാവില്ല. ഇത് ഒരു സഹായകൻ സഭയ്ക്കു നൽകുന്ന പങ്കാളിത്വത്തിന്റെ തരത്തെ തീരുമാനിക്കുന്നു. ഒരു സഹായകനായി സീനിയർ പാസ്റ്റർ തുടർന്ന് പല ഉത്തരവാദിത്വങ്ങളിലും പ്രശ്നങ്ങളിലും ഇടപെടേണ്ടിയിരിക്കുന്നുവെന്ന് ഞാൻ മനസിലാക്കി. അതുകൊണ്ട് അദ്ദേഹത്തിന് ഞാനൊരു പ്രശ്നമായിരിക്കുവാൻ കാരണമാകരുത് എന്നു കരുതി, അദ്ദേഹത്തിന്റെ ജോലികളെ കഠിനമാക്കുവാനല്ല, പിന്നെയോ ലഘൂകരിക്കുവാൻ ഞാൻ ആഗ്രഹിച്ചു. ശരിയായ മനോഭാവം ഉണ്ടായിരിക്കുക എന്നത് സഹായ ശുശ്രൂഷകനെ സീനിയർ ശുശ്രൂഷകന് ഒരു അനുഗ്രഹമായിതീർക്കുന്നതു മാത്രമല്ല, അതു കൂടെയുള്ളവർക്കു പ്രചോദനം നൽകുകയും ചെയ്യുന്നു. നല്ല മനോഭാവങ്ങൾ സാംക്രമികമാണ്. ഏതിന്മേലാണ് നമ്മുടെ ലക്ഷ്യം ഏകീകരിക്കപ്പെടേണ്ടതെന്ന് നിങ്ങൾ മനസിലാക്കും. ഓരോ കാര്യാലയങ്ങളിലും കുറ്റങ്ങളും കുറവുകളും ഉണ്ട്. ഇത്തരം കാര്യങ്ങളിലേക്ക് നിങ്ങൾ ശ്രദ്ധ ചെലുത്തിയാൽ നിങ്ങളുടെ മനോവീര്യം കുറയും. അതിനു പകരം നടക്കുന്ന നല്ല കാര്യങ്ങളിൽമേൽ ശ്രദ്ധ ചെലുത്തുക. നിങ്ങൾക്ക് കൂടുതൽ താലന്തുകൾ ഉണ്ടായേക്കാം. എന്നാൽ മേന്മയുള്ളൊരു മനോഭാവം ഇല്ലാതിരുന്നാൽ നിങ്ങളുടെ ആത്യന്തിക ഫലം വളരെ ചെറുതായിരിക്കും. മനോഭാവം എന്നത് ഒരു തെരഞ്ഞെടുപ്പാണ്. ഫലപ്രദമായതും ഉത്സാഹപ്പെടുത്തുന്നതും സഹയവും സഹായത്തിനു കൂട്ടായ പ്രവർത്തനത്തിനും ഉതകുന്നതുമായ ഒരു സാധാത്മക മനോഭാവത്തെ നാം വളർത്തിയെടുക്കണം.

### ശ്രേഷ്ഠരായ സഹ ശുശ്രൂഷകർ വിശ്വസ്തതയുള്ളവരാണ്.

തങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങൾ ചെറിയകാര്യങ്ങളാണെന്നു ചിന്തിക്കുന്ന ശുശ്രൂഷകർ വിശ്വസ്തതയില്ലാത്തവരാണ്. ദൈവം എനിക്ക് പ്രാധാന്യമുള്ള ശുശ്രൂഷകൾ നൽകുമ്പോൾ തങ്ങൾ വളരെ കഠിനമായും വിശ്വസ്തരായും പ്രവർത്തിക്കുമെന്ന് ഇക്കൂട്ടർ ചിന്തിക്കുന്നു. എന്നാൽ ചെറിയ കാര്യങ്ങളിലും വിശ്വസ്തരായിരിക്കുന്നത് അത്യാവശ്യകാര്യമെന്ന് യേശു ഊന്നിപ്പറഞ്ഞിരിക്കുന്നു (ലൂക്കൊ. 16:10-12). വിശ്വസ്തനായ മനുഷ്യൻ താഴെപറയുന്നപ്രകാരമുള്ളവനാണ്.

1- ഒരു വാഗ്ദാനം നിറവേറ്റുന്നതിൽ വിശ്വസ്തനായിരിക്കുന്നു. അദ്ദേഹം വിശ്വാസ്യത ഉള്ളവനാണ്.

2- തന്റെ കടമകളെയും ഉത്തരവാദിത്വങ്ങളെയും നിറവേറ്റുന്നതിൽ സമർപ്പണമുള്ളവനാണ്.

3- കഠിനമായി പ്രയത്നിക്കുന്നവനാണ്.

4- തന്റെ ഉത്തരവാദിത്വങ്ങളെ അയാൾ ചെയ്തെടുക്കുമെന്ന് നമുക്ക് വിശ്വസിക്കുവാൻ കഴിയും.

5- തന്റെ ജോലികൾ പൂർണമായും തീർക്കുന്നു.

6-അവർ വിശിഷ്ടമായി തുടങ്ങുന്നതു മാത്രമല്ല വിശിഷ്ടമായി ചെയ്തു തീർക്കുകയും ചെയ്യുന്നു.

7- വിവരങ്ങളുടെമേൽ ശ്രദ്ധ ചെലുത്തുന്നു. ശരിയായി ശ്രദ്ധിക്കാതെ കാര്യങ്ങൾക്ക് ഒരു തീരുമാനമെടുക്കുകയില്ല.

8-സമയനിഷ്ഠയുള്ളവനാണ്. ക്രിത്യ സമയത്ത് വരികയും കൃത്യസമയത്ത് ചെയ്തുതീർക്കുകയും ചെയ്യുന്നു.

9- ഒരിക്കൽ ഉണർവ്വോടും മറ്റൊരിക്കൽ വാടിതളർന്നും ഇരിക്കുന്നവനല്ല.

10- അകത്തും പുറത്തും നല്ലവനും വിശ്വസ്തനുമായി കാണപ്പെടുന്നു.

11- നേരുള്ളവനും വിശ്വസിക്കത്തക്കവനുമായി കാണപ്പെടുന്നു. ആരെയും ചതിക്കുന്നില്ല. പ്രതീക്ഷകളെ സന്ധിക്കുന്നു. ആവശ്യമായതിനെ മാത്രമല്ല, അതിലുപരിയായി ചെയ്തെടുക്കുന്നു.

### ശ്രേഷ്ഠരായ സഹശുശ്രൂഷകർ മറ്റുള്ളവരോട് നല്ല രീതിയിൽ പെരുമാറുന്നു

ചില നേഴ്സറി സ്ക്കൂളുകളിൽ കുട്ടികൾ മറ്റുള്ളവരോട് എങ്ങനെ ഇടപെടുന്നു എന്നുള്ളത് പ്രോഗ്രസ്കാർഡിൽ രേഖപ്പെടുത്തുക പതിവാണ്.ഒരു സഹ ശുശ്രൂഷകൻ മൂന്നു തരത്തിൽപ്പെട്ട ആളുകളോട് ആരോഗ്യകരമായ ബന്ധം പുലർത്തേണ്ടതുണ്ട്.

ഒന്നാമത് , സീനിയർ ശുശ്രൂഷകനോട് നന്നായി ഇടപെട്ട് പ്രവർത്തിക്കണം. സഹായം ചെയ്യുന്ന ശുശ്രൂഷകൻ കൂട്ടുപ്രവർത്തനത്തിന്റെ മനോഭാവം ഉൾക്കൊണ്ടുകൊണ്ട് സീനിയർ പാസ്റ്ററിനെ മനസിലാക്കണം. ഇപ്രകാരം സഹായം ചെയ്യുന്നവൻ സീനിയർ പാസ്റ്ററിന്റെ വിലമതിപ്പുകളെയും ദർശനങ്ങളെയും പ്രവർത്തന രീതിയെയും അറിഞ്ഞിരിക്കേണം. പ്രവർത്തനത്തിൽ അദ്ദേഹത്തിന്റെ തത്വങ്ങളെ എതിർത്തുകൊണ്ടല്ല, പിന്നയോ അതിനനുസരണമായി പ്രവർത്തിക്കേണം.രണ്ടാമതായി, സഹശുശ്രൂഷകന്മാർ കൂടെയുള്ള സഹ ശുശ്രൂഷകന്മാരോട് നന്നായി ഇടപെടണം. ഇതിന് ഒന്നിച്ച് പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. മൂന്നാമതായി, സഹശുശ്രൂഷകൻ സഭയിലുള്ളവരോട് നന്നായി ബന്ധം പുലർത്തേണം. ചിലപ്പോൾ ഒരാൾ തന്റെ പദവി നിമിത്തം അഹങ്കാരം കാണിച്ചാൽ ശുശ്രൂഷയിൽ അധികാര മത്സരമുണ്ടാകും. അവർ കോപം ഉണ്ടാക്കുന്നവനായിത്തീരും. ഒരു സഹശുശ്രൂഷകൻ ജനങ്ങൾക്കിടയിൽ പ്രശ്നങ്ങൾ ഉണ്ടാക്കി സീനിയർ പാസ്റ്റർക്ക് പ്രശ്നം തീർക്കുന്നതിനുവേണ്ടി ഒരു തലവേദന ഉണ്ടാക്കി കൊടുത്താൽ അയാൾ ഒരു സഹ ശുശ്രൂഷകനായി കാണുന്നില്ല.

### ശ്രേഷ്ഠരായ സഹശുശ്രൂഷകർക്ക് ഒരു ദാസന്റെ ഹൃദയമുണ്ട്

ശുശ്രൂഷ എന്നത് ബിരുദത്തെയോ പദവിയെയോ അംഗീകാരത്തെയോ അഭിമാനത്തെയോ സംബന്ധിച്ചുള്ളതല്ല. അതു ദൈവത്തിന്റെ സ്നേഹം നിമിത്തം മറ്റുള്ളവർക്ക് സേവചെയ്യുന്നതാണ് പൗലോസ് തിമൊഥിയോസിനെക്കുറിച്ച് ഇപ്രകാരം മേന്മപ്പെടുത്തുന്നു. *എന്നാൽ തിമഥിയോസ് തന്റെ വിശിഷ്ട സ്വഭാവം തെളിയിച്ചവനാണെന്ന് നിങ്ങൾക്കറിയാമല്ലോ*(ഫിലി.2 :22). വല്ലപ്പോഴും ശുശ്രൂഷ ചെയ്യുന്നവർ തങ്ങളുടെ ശുശ്രൂഷയിൽ ഉത്സാഹമില്ലാത്തവരായിത്തീരുന്നു. എന്തെല്ലാം പ്രവർത്തനങ്ങൾ തങ്ങൾക്കു ചെയ്യാം എന്നുള്ളതിൽ അവർ പ്രത്യേക തെരഞ്ഞെടുപ്പുള്ളവരായിരിക്കുന്നു. ചില ജോലികൾ തങ്ങൾ ചെയ്യുവാൻ പാടില്ല എന്നവർ കണക്കു കൂട്ടുന്നു. ചില സമയങ്ങളിൽ ഒരു പ്രത്യേക കാര്യത്തിൽ ശുശ്രൂഷ ചെയ്യത്തക്കവണ്ണമുള്ള പ്രത്യക പരിശീലനം ചിലർക്കുണ്ടായെന്നുവരാം. എന്നാൽ ശുശ്രൂഷയിടെ ആകമാന പ്രവർത്തനത്തിൽ പങ്കാളിയായിത്തീരേണ്ട സമയത്ത് അത്

ചെയ്തെടുക്കുവാൻ താല്പര്യമുള്ളവരായിരിക്കേണം.

## ശ്രേഷ്ഠരായ സഹശുശ്രൂഷകർ ഉത്സാഹികളും ഊർജ്ജിതരുമാണ്

ഒരു നേതാവും വിഴുപ്പുഭാരം ചുമക്കുവാൻ അനുവദിക്കുന്നില്ല. തങ്ങളുടെ പ്രവർത്തനത്തിന്റെ വാഞ്ഛയെയും ഉത്സാഹത്തെയും വീര്യത്തെയും ഊട്ടി ഉറപ്പിക്കുന്ന സഹശുശ്രൂഷകരെയാണ് അവർക്ക് ആവശ്യം. നന്ദായി പ്രയത്നിക്കുന്നവരെയാണ് അവർക്കു വേണ്ടത്. ഉത്സാഹത്തോടെ പ്രവർത്തിക്കുന്ന ശുശ്രൂഷകരെയാണ് പാസ്റ്ററന്മാർ തേടുന്നത്. ഇപ്രകാരം ഉള്ള ശുശ്രൂഷകന്മാർ പരപ്രേരണയില്ലാതെ പ്രവർത്തിക്കുന്നവരാണ്.

## ശ്രേഷ്ഠരായ സഹ ശുശ്രൂഷകർ വിട്ടുവീഴ്ചയുള്ളവരും വളരുന്നതിന് താല്പര്യമുള്ളവരുമാണ്

ശ്രേഷ്ഠരായ സഹശുശ്രൂഷകർ തങ്ങളുടെ ജീവിതത്തിൽ വിട്ടുവീഴ്ചയുള്ളവരാണ്. ഞങ്ങൾ മുമ്പ് ഇത് ചെയ്തിട്ടില്ല എന്നു പറഞ്ഞുകൊണ്ട് ഒന്നുതന്നെ ചെയ്യുന്നവരല്ല അവർ. വളർച്ചയ്ക്ക് നേരായി ചെല്ലുന്ന വിട്ടുവീഴ്ചയുള്ള ആളുകളുടെ ഗുണങ്ങൾ

1- ജീവിതം മുഴുവൻ അവർ പഠിതാക്കളാണ്.

2- തങ്ങളുടെ ജീവിതത്തിന്റെ ബലഹീനതകളെ മനസിലാക്കി അതിനെ അതിജീവിക്കുവാൻ ശ്രമിക്കുന്നവരാണ്.

3- പുതിയ ചിന്താഗതികളെയും കാര്യങ്ങളെയും ചെയ്യുന്നതിൽ പുതിയ വഴികൾ അവർ ഏറ്റുകൊള്ളുന്നവരാണ്.

4- അപ്രതീക്ഷിതമായ വികസനങ്ങളോട് ക്ഷമാപൂർവം ഐക്യപ്പെടുന്നു.

5-മറ്റുള്ളവരോട് ചേർന്നു പോകുന്നു.

6- ദൈവസഭയുടെ നന്മയ്ക്കുവേണ്ടി പുതിയ ചുമതലകളേറ്റെടുക്കുന്നു.

7-അഭിവൃദ്ധിക്കുവേണ്ടിയുള്ള വാഞ്ഛയോടെ മുന്നേറുന്നു.

## ശ്രേഷ്ഠരായ സഹ ശുശ്രൂഷകർ പ്രസംഗപീഠത്തിൽ തങ്ങളുടെ ജ്ഞാനം വെളിപ്പെടുത്തുന്നു

എല്ലാ സഹശുശ്രൂഷകന്മാർക്കും പ്രസംഗിക്കുവാനുള്ള അവസരം ലഭിച്ചു എന്നു വരികയില്ല. പ്രസംഗിക്കുന്നത് നിങ്ങളുടെ ഉത്തരവാദിത്തത്തിൽപ്പെട്ട കാര്യമാണെങ്കിൽ ചില മുഖ്യമായ കാര്യങ്ങൾ താഴെ കുറിക്കുന്നു.

1- മാർഗം കാട്ടുകയോ തിരുത്തുകയോ ചെയ്യുന്നത് ഒഴിവാക്കുക. ഇത്തരം കാര്യങ്ങൾ ചെയ്യേണ്ടത് സീനിയർ പാസ്റ്ററാണ്. വേദവാക്യത്തിനനുസൃമായ അടിസ്ഥാന സത്യങ്ങൾ പറഞ്ഞു കൊടുക്കുന്നതും ആത്മീയ വർദ്ധനയ്ക്ക് ആവശ്യമായ പ്രബോധനങ്ങൾ നൽകുന്നതുമാണ് സഹശുശ്രൂഷകന്റെ ഉത്തരവാദിത്വം.

2- വിവാദപരമായ കാര്യങ്ങളെ ഒഴിവാക്കുക മറ്റുപ്രസംഗകർ ചെയ്യുന്ന തെറ്റുകളെ തിരുത്തുന്ന ഒരു പണിയിലേക്ക് സീനിയർ പാസ്റ്ററെ തള്ളി വിടരുത്. ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് നിങ്ങൾക്ക് നിശ്ചയമില്ലാതിരുന്നാൽ അത് പ്രസംഗിക്കുന്നതിനു മുമ്പായി സീനിയർ പാസ്റ്ററുമായി ചർച്ച ചെയ്യുക.

3- നിങ്ങളുടെ കഴിവിനെ വെളിപ്പെടുത്തുന്നതിന് മുഖ്യത്തം കൊടുക്കരുത്. നിങ്ങളുടെ പ്രസംഗശൈലിയിലൂടെ കഴിവുവെളിപ്പെടുത്തി സീനയർ പാസ്റ്ററെ മറികടക്കുവാനോ സഭയിലുള്ളവരെ ആകർഷിക്കുവാനോ തുനിയരുത്. തനിക്കു അനുഗാമികളെ ഉണ്ടാക്കുക എന്നത് ഒരു സഹ ശുശ്രൂഷകന്റെ ലാക്കായിരിക്കരുത്. പ്രസംഗിക്കുന്നതിനുള്ള അവസരങ്ങൾ മറ്റുള്ളവരെ ആകർഷിക്കുന്നതിനായല്ല പിന്നയോ അവരെ അനുഗ്രഹിക്കുന്നതിനായി പ്രയെജനപ്പെടുത്തുക.

## സഭയുടെ സജ്ജീകരണത്തെ വ്യത്യാസപ്പെടുത്താതിരിക്ക

നാം അന്യവീട്ടിൽ ചെല്ലുമ്പോൾ അവിടുള്ള സജ്ജീകരണങ്ങളെ നമുക്കു വ്യത്യാസപ്പെടുത്തുവാൻ പാടില്ലാത്തതുപോലെയണിത്. നിങ്ങളുടെ പ്രബോധനം സഭയുടെയും സീനിയർ പാസ്റ്ററിന്റെയും വിശ്വാസത്തിനും ദർശനത്തിനും എതിരായിരിക്കരുത്.

## ശ്രേഷ്ഠരായ സഹശുശ്രൂഷകർ വിവേക ജ്ഞാനമുള്ളവരാണ്

ശരിയായ കാര്യങ്ങൾ പറയുന്നത് അഥവാ ചെയ്യുന്നത് സംബന്ധിച്ച ദൂരെ വ്യാപകമായ ബോധമാണ് വിവേചന ജ്ഞാനം. വിവേചനജ്ഞാനമുള്ള ഒരു വ്യക്തി തെറ്റായി ജീവിക്കുന്ന ജനങ്ങൾക്ക് തെറ്റായ സമയത്ത് തെറ്റായ കാര്യങ്ങൾ പറയുന്നതിനെ ഒഴിവാക്കും വിധം അറിവിനെ വെളിപ്പെടുത്തി ഏതാണ് യോജ്യമായത് എന്നത് മനസിലാക്കി അതിനുയോജ്യമാം വണ്ണം വേണം പെരുമാറുവാൻ.

ശ്രേഷ്ഠരായ സഹശുശ്രൂഷകൻ കാര്യലയത്തിലെ പ്രവർത്തകർക്കിടയിൽ ബുദ്ധിമുട്ടുകളുണ്ടാക്കുകയില്ല. യൂദയെപ്പോലെ കാണിച്ചുകൊടുക്കുന്നവനായാലും ഗേഹസിയെപ്പോലെ സത്യസന്ധതയില്ലാത്തവനായാലും അബ്ശാലേമിനെപ്പോലെ മത്സരിയായാലും ശരി വേദപുസ്തകം മുഴുവനും ഇത്തരക്കാർ തങ്ങളുടെ സ്വന്തഇഷ്ടത്തിനുവേണ്ടി ദൈവേഷ്ടം നഷ്ടപ്പെടുത്തിയവരായി കാണുന്നു. ആത്മീകമായ ബാധിപ്പുകളെ തടയുവാൻ സഹശുശ്രൂഷകൻ താഴെ പറയുന്നപ്രകാരം ആയിരിക്കേണം.

1- യാഥാർത്ഥ്യമല്ലാത്ത പ്രതീക്ഷകളെ വച്ചുകൊണ്ടിരിക്കരുത്.

2- സേവനംചെയ്യുന്നതിനുള്ള സന്തോഷം കാത്തുകൊള്ളുക.

3- പക്വതയാർന്നതും കരുത്താർന്നതുമായ വഴിയിലൂടെ നിരാശപ്പെടുന്നവരോട് ഇടപെടുവാൻ പഠിക്കുക.

4- മറ്റുള്ളവരുടെ എതിർപ്പു വാങ്ങികൂട്ടാതെ അഭിപ്രായവ്യത്യാസമുള്ളവനായിരിപ്പാൻ പഠിക്ക.

5- ഒരു കാര്യത്തെ നല്ലമനോഭാവത്തോടെ അതു ചെയ്യേണ്ട രീതിയിൽ തന്നെ ചെയ്യുക.

6-വികാരാധീനനാകാതിരിക്കുക, കോപിക്കാതിരിക്കുക.

7- പിണക്കങ്ങളെയും കുറ്റം ചാർത്തലുകളെയും ഒഴിവാക്കുക.

8- സാധാത്മാകമായ കാര്യങ്ങളിൽ കണ്ണുവെയ്ക്കുകയും സഭയുടെ നന്മക്കായി മുന്നോട്ടു ഗമിക്കുകയും ചെയ്യുക.

## ദൈവത്തിന്റെ സ്വപ്നസംഘമായിത്തീരുക

നിങ്ങൾ ഒരു സഹായ ശുശ്രൂഷകനാണെങ്കിൽ നിങ്ങളുടെ പാസ്റ്റർക്ക് പ്രയോജനപ്പെടുന്ന ഒരുവനായിരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു എന്നു ഞാൻ വിശ്വസിക്കട്ടെ. മേൽപ്പറഞ്ഞ ഗുണഗണങ്ങൽ ഉണ്ടെങ്കിൽ ദൈവത്തിന്റെ സ്വപ്ന സംഘത്തിലെ ഒരംഗമായിരിക്കുവാൻ നിങ്ങൾക്കു കഴിയും. ■

# ശ്രേഷ്ഠരായ ആത്മീയ നേതാക്കളെ ഉരുവാക്കുന്ന മാർഗദർശനം നൽകൽ

ജെ . ഡോൺ ജോർജ്

**ഫലപ്രദരായ ആത്മീയ നേതാക്കളായിരിക്കുവാൻ ആഗ്രഹിക്കുന്നവർ മാർഗ ദർശനം നൽകുന്നതിന്റെയും പരിശീലനം നൽകുന്നതിന്റെയും വ്യത്യാസം മനസിലാക്കേണം.**

**അറിവു** നൽകുന്ന അഥവാ മാർഗദർശനം നൽകുന്ന ഒരു മനുഷ്യൻ താൻ എന്തറിയുന്നുവോ അതിനെയാണ് മറ്റുള്ളവരുമായി പങ്കിടുന്നത്. ഒരു പരിശീലകൻ ചോദ്യങ്ഹൾക്ക് ഉത്തരം കണ്ടെത്തുവാനും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനും ആളുകൾക്ക് സഹായം നൽകുന്നു. ഞാൻ പ്രസംഗ ശുശ്രൂഷക്ക് ഇറങ്ങിയപ്പോൾ എനിക്ക് മാർഗ ദർശനം ആവിശ്യമായിരിക്കുന്നു എന്നത് ഞാൻ മനസിലാക്കി. പക്വതയും പാകതയും ഉള്ള മറ്റുള്ളവരിൽ നിന്ന്സഹായം ലഭിച്ചാൽ മാത്രമേ എന്റെ ശുശ്രൂഷ ഫലപ്രദമാകുകയുള്ളെന്ന് ഞാൻ സ്പഷ്ടമായി മനസിലാക്കി. എന്റെ പിതാവായ റോയി എഫ്. ജോർജ്ജും എന്റെ സഹോദരനായ ആർ. കെന്നസ് ജോർജ്ജും എന്റെ മാർഗദർശകരായി വർത്തിച്ചു. അവരോടുള്ള നന്ദി എനിക്ക് എപ്പോഴും ഉണ്ട് .ഫലപ്രദമായ ശുശ്രൂഷയ്ക്ക് അവരാണ് എന്നെ ഒരുക്കിയെടുത്തത്.

### മാർഗദർശനം നൽകൽ ആർക്കാണ് ആവശ്യമായിരിക്കുന്നത്?

ശുശ്രൂഷയിൽ വിജയകരമായി മുന്നേറുന്നതിന് മാർഗദർശനം നൽകുന്ന ബന്ധങ്ങൾ തികച്ചും അത്യാവശ്യമുള്ളതല്ല എന്ന് വാദിക്കാമെങ്കിലും ജനങ്ങളെ സംബന്ധിച്ച് ഉത്തരവാദിത്വമുള്ള ഏതു ശുശ്രൂഷകനും തന്റെ കാര്യാലയത്തിലുള്ള പ്രവർത്തകരോട് മാർഗ ദർശനാപൂർവ്വമുള്ള ഇടപെടൽ ഉള്ളവനായിരുന്നാൽ അത് അധികം ഫലവത്തായിരിക്കുമെന്നുള്ളതിന് സംശയമില്ല.

ജനങ്ങളെ പ്രവർത്തനക്ഷമമാക്കുക എന്നാൽ അവരെ ജോലിക്കുവെച്ച് അവർക്കു പരിശീലനം നൽകി അവർക്കു പ്രചോദനം നൽകി അവരെ പ്രയോജനപ്പെടുത്തുക എന്നുള്ളതാണ്. പ്രചോദനം നൽകുന്നവരും കൗശല പ്രയോഗമുള്ളവരും ഒരുപോലെ പ്രാധാന്യമുള്ള ആളുകളാണ്. ഈ രണ്ടു കൂട്ടരും ജനങ്ങളെ സ്വാധീനിക്കുന്നു. ഈ രണ്ടു കൂട്ടരും വ്യത്യസ്തമായ രീതിയിലാണ് ജനങ്ങളെ സ്വാധീനിക്കുന്നത്. എന്നാൽ പ്രചോദനം നൽകുന്ന വ്യക്തി ആളുകളുടെ നന്മയ്ക്കുവേണ്ടി അഥവാ അന്യോന്യം സമ്മതിക്കപ്പെട്ട ഉദ്ദേശത്തിനുവേണ്ടിയാണ് സ്വാധീനിക്കുന്നത്. എന്നാൽ ഒരു കൗശല പ്രയോഗക്കാരൻ തന്റെ സ്വന്ത പ്രയോജനത്തിനുവേണ്ടിയാണ് ആളുകളെ സ്വാധീനിക്കുന്നത്. ഈ രണ്ടുകൂട്ടരുടെയും വ്യത്യസ്തമായ ഉദ്ദേശങ്ങൾ രണ്ടുതരത്തിലാക്കിതീർക്കുന്നു. പാസ്റ്റർമാരും സഭാനേതാക്കളും കൗശലക്കാരായിരിക്കുവാനല്ല, പിന്നയോ പ്രചോദകരായിരിപ്പാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്.

21-ാം നൂറ്റാണ്ടിലെ ഫലപ്രദനായ നേതാവിന് യോജ്യമായ മാർഗ ദർശനം അധികം പ്രയോജനം ചെയ്യുന്നുവെന്നതാണ്. ഇന്നത്തെ സഭയിൽ ജനങ്ങളെ പ്രവർത്തനക്ഷമമാക്കുന്ന ജോലിയിൽ ഇവരായിരിക്കുന്നു. എന്നാൽ ഇവർ മാത്രമേ ഇപ്രകാരം ആയിരിക്കാവു എന്നില്ല.

1- അനേക പ്രവർത്തകരുള്ള സീനിയർ പാസ്റ്റർ

2- കൂടുതൽ പ്രവർത്തകരെ നേരിട്ടുമേൽനോട്ടം നൽകുന്ന പാസ്റ്റർ

3- ശമ്പളക്കാരായ പ്രവർത്തകരില്ലാത്ത പാസ്റ്റർ ആയിരിക്കുമ്പോൾ തന്നെ റിക്രൂട്ടുമെന്റ് ,ട്രെയിനിംഗ് , വാളണ്ടിയേഴ്സ് മറ്റുശുശ്രൂക പങ്കാളികൾ എന്നിവരുള്ളവർ

കഴിവുള്ളവരുടെ അപര്യാപ്തതയാണ് മിക്ക സഭാനേതാക്കളുടെയും നിപതനത്തിന് കാരണമായിരിക്കുന്നത്.

### മാതൃകാപരമായ മർഗദർശനം

യേശുക്രിസ്തു ഭൂമിയിൽ തന്റെ രാജ്യം സ്ഥാപിക്കുവാൻ തുടങ്ങിയപ്പോൾ അവിടുന്ന് സഭയുടെ അടിസ്ഥാന ശിലകളായി ജീവിതത്തിന്റെ പല മേഖലയിലുള്ളവരെ തെരഞ്ഞെടുത്തു. സാധാരണക്കാരായ മുക്കുവൻമാരെയും ഉയർന്ന നിലയിലുള്ള നികുതി പിരിവുകാരെയും തെരഞ്ഞെടുത്തു.

വരുവാൻ പോകുന്ന ചുമതലകൾക്കായി ഈ ആളുകൾ പരിശീലിപ്പിക്കപ്പെടേണ്ടതുണ്ട് എന്ന് യേശു മനസിലാക്കി. അങ്ങനെ മാർഗ ദർശനം പ്രാപിക്കുവാൻ ഇഷ്ടമുള്ള ചിലരെ അവിടുന്ന് തെരഞ്ഞെടുത്തു. തത്ഫലമായി യേശുക്രിസ്തുവിന്റെ മാർഗദർശന പ്രക്രിയയിലൂടെ തങ്ങളുടെ ശുശ്രൂഷ ചുമതലക്കായി ശിഷ്യന്മാർ ഒരുക്കപ്പെട്ടു.

യേശുവിനെക്കാൾ കഴിവുള്ള ഒരു മാർഗദർശിയെ നമുക്ക് എവിടെ കാണുവാൻ കഴിയും? അവിടുന്ന് സ്വർഗസ്ഥനായ പിതാവിങ്കൽ നിന്നു പഠിക്കുകയും ഭൂമിയിലുള്ള തന്റെ അനുഭവങ്ങളെ അതോടെ ചേർക്കുകയും ചെയ്ത് ജനങ്ങളെ ആത്മീക ഉത്തരവാദിത്വത്തിന്റെ ഉച്ചകോടിക്കായി ബലപ്പെടുത്തുന്നു. പ്രപഞ്ചത്തിന്റെ മാതൃകാ

## തോൽക്കുവാനുള്ള സ്വാതന്ത്ര്യം

ആ ദിവസം എനിക്ക് നന്നായി ഓർമ്മയുണ്ട്. ഞാൻ തെക്ക് ഡക്കോട്ടായിലെ ഹൂറോൺ അസംബ്ലിയിൽ ഗാനശുശ്രൂഷകനായി പ്രവർത്തിക്കുന്ന കാലം. എന്റെ സീനിയർ പാസ്റ്റർ തന്റെ ക്യാബിനിലേക്ക് സംസാരിക്കുവാനായി എന്നെ വിളിച്ചു. ശുശ്രൂഷയ്ക്ക് പുതിയതായി വന്നതുകൊണ്ട് അദ്ദേഹത്തെ പ്രീയപ്പെടുത്തുവാനുള്ള സന്തോഷത്തോടെ അവരുടെ അടുക്കലേക്കു ചെന്നു. എന്റെ ശുശ്രൂഷയിൽ കാര്യങ്ങൾ എങ്ങനെ നടക്കുന്നുവെന്നുള്ളത് ഞങ്ങൾ അന്യോന്യം സംസാരിച്ചു. അദ്ദേഹം എന്നോടു ചോദ്യങ്ങൾ ചോദിച്ചു. ഞാൻ ആവേശഭരിതനായി മറുപടികൾ നല്കി. ഉത്സാഹത്തോടെ പ്രവർത്തിക്കുന്നതിനെക്കുറിച്ച് എനിക്ക് മനസിലായില്ല എന്നോ അതോ അദ്ദേഹത്തിന്റെ നേതൃത്വത്തിന്റെ ശൈലിയെ ഞാൻ മനസിലാക്കുന്നില്ല എന്നോ എന്താണ് അദ്ദേഹം ചിന്തിച്ചത് എന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ അദ്ദേഹം പറഞ്ഞകാര്യം ഞാൻ മറന്നിട്ടില്ല. , ഡെന്നിസ് ഔരോ മാസത്തിലും നീ മൂന്നു വലിയ തെറ്റുകൾ ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആദ്യം അദ്ദേഹം പറഞ്ഞത് എനിക്കു മനസിലായില്ല. താങ്കൾ എന്താണ് പറഞ്ഞതെന്ന് ഞാൻ അദ്ദേഹത്തോടു ചോദിച്ചു. അപ്പോൾ അദ്ദേഹം താൻ പറഞ്ഞതുതന്നെ വീണ്ടും പറഞ്ഞു. എനിക്കതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ഓരോ മാസവും ഞാൻ മൂന്നു തെറ്റുകൾ ചെയ്യണം എന്ന് അദ്ദേഹം ആഗ്രഹിക്കുന്നുവോ ? ഞാൻ വിജയിക്കേണ്ടതിനായി ,യുവാക്കളുടെ ഇടയിൽ ഫലപ്രദനാകേണ്ടതിനായി അവർ ദൈവത്തോടും അന്യോന്യമായുള്ള ബന്ധത്തിലും വളർച്ച പ്രാപിക്കേണ്ടതിനുമായി അല്ലയോ ഞാൻ വിളിക്കപ്പെട്ടിരിക്കുന്നത് എന്നു ഞാൻ മറുപടി പറഞ്ഞു.

അതു ശരി തന്നെ. നിങ്ങൾ ശുശ്രൂഷയിൽ ഫലപ്രദന ായിതീരേണം എന്നുള്ളതാണ് എന്റെ ആഗ്രഹം എന്ന് അദ്ദേഹം മറുപടി പറഞ്ഞു.

അങ്ങനെയെങ്കിൽ ഞാൻ തെറ്റുകൾ ചെയ്യണമെന്നു പറയുന്നുത് എന്തുകൊണ്ടാണെന്ന് ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞ മറുപടി എനിക്ക് ഒരിക്കലും മറക്കുവാൻ കഴിയുക. 31 വർഷത്തെ എന്റെ ശുശ്രൂഷയിൽ അത് എനിക്കു സഹായമായിരിക്കുന്നു .

നിങ്ങൾ ശുശ്രൂഷയിൽ വിജയിക്കണെമെന്നുതന്നെയാണ് എന്റെയും താൽപര്യം. അതു നിങ്ങൾ ചെയ്യേണമെങ്കിൽ നിങ്ങൾ വ്യാപ്തി അടയണം. പുതിയ സ്വപ്നങ്ങൾ കാണണം. പിതിയ ചിന്താധാരകൾ ഉണ്ടാകേണം. പുതിയ കാര്യങ്ങൾ ചെയ്തു നോക്കേണം. നിങ്ങളുടെ സ്വപ്നങ്ങളിലും ചിന്താഗതികളിലും ചിലതുമാത്രമേ പ്രായോഗികമാകുകയുള്ളൂ. തോറ്റു കൊടുക്കുവാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ടാകേണം എന്നാണു ഞാൻ ആഗ്രഹിക്കുന്നത്. ചില കാര്യങ്ങളിൽ തോറ്റുപോകുന്നത് ശരിയാണെന്നാണോ താങ്കൾ കരുതുന്നത് എന്നു ഞാൻ ചോദിച്ചു. അതെ, ഞാൻ തോറ്റുപോയിട്ടുണ്ട് അതുകൊണ്ട് നിങ്ങളും തോറ്റുപോകും എന്ന് അദ്ദേഹം മറുപടി പറഞ്ഞു. എനിക്ക് ഏർപ്പെട്ട സമാധാനം എന്നെക്കൊണ്ട് വിവരിക്കാനാവില്ല. ഞാൻ തോറ്റുപോയാലും എന്റെ പാസ്റ്റർ എന്നോടു കോപിക്കയില്ല ആ വർഷം മുതൽ പല വർഷത്തിനുശേഷവും ദൈവം എന്നെ മറ്റൊരു ശുശ്രൂഷയ്ക്കു വഴി നടത്തുന്നതുവരേക്കും എനിക്കും എന്റെ ശുശ്രൂഷയ്ക്കും ഞാൻ അദ്ദേഹത്തിന്റെ സഹായം പ്രാപിച്ചതു മാത്രമല്ല വിജയം പ്രാപിക്കേണമെന്നുള്ള എന്റെ വാഞ്ഛരയേയും തോൽവിയെക്കുറിച്ചുള്ള എന്റെ ഭയത്തെയും മനസിലാക്കുന്ന ഒരു പാസ്റ്ററാണ് എനിക്കുള്ളത് എന്ന ബോധവും എനിക്കു ലഭിച്ചു. ഞാൻ വിജയിക്കുവാൻ പഠിക്കുന്നതിനുവേണ്ടി തോറ്റുപോകുന്നതിനുള്ള അനുവാദം അദ്ദേഹം എനിക്കു നൽകി. തോൽവിയെ സന്ധിക്കുന്നതുകൊണ്ട് ഞാൻ തോറ്റുപോകുന്നവനെന്ന് അർത്ഥമില്ല എന്നു ഞാൻ മനസിലാക്കി. ഞാൻ ചെയ്യുന്നതെല്ലാം വിജയം പ്രാപിക്കുന്നതിലാണ് ശുശ്രൂഷയുടെ ഫലദായകത്വം എന്ന് അർത്ഥമില്ല എന്ന് ഞാൻ മനസിലാക്കി.

ദൈവം തനിക്കു നൽകുന്ന ശുശ്രൂഷയിൽ തോറ്റുപോകുവാൻ ഒരു ശുശ്രൂഷകനും ഇഷ്ടമില്ല. ഒരു നേതാവായ നിങ്ങൾ നിങ്ങളോടുതന്നെ ചോദിക്കേണ്ട കാര്യങ്ങളാണ് താഴെ പറയുന്നത്.

1- എന്റെ സഹ ശുശ്രൂഷകർക്ക് തോറ്റുപോകാനുള്ള സ്വാതന്ത്ര്യമുണ്ടോ ?

2- എന്റെ മേൽനോട്ടത്തിലുള്ള ഒരാൾ തോറ്റുപോകുന്നതിനെ ഞാൻ എങ്ങനെയാണ് വീക്ഷിക്കുന്നത് ?

3-എന്റെ കോപമോ നിരാശയോ അവർ അനുഭവിക്കാത്തവിധം തെറ്റുകൾ ചെയ്യുവാനുള്ള അനുവാദം ഞാൻ അവർക്കു നല്കുന്നുണ്ടോ?

4- ഞാൻ അവർക്ക് തോറ്റുപോകാനുള്ള അനുവാദം കൊടുക്കാതിരുന്നാൽ അവരുടെ തെറ്റുകൾ എന്നെ അവരിൽ നിന്നും അകറ്റും. എന്നുള്ളത് ഞാൻ മനസിലാക്കിയിട്ടുണ്ടോ ? തോൽവി എന്നത് നാം ഇഷ്ടപ്പെടുന്ന കാര്യമല്ല. എന്നാൽ അത് അനുഭവിക്കുവാനുള്ള സ്വാതന്ത്ര്യം നാം പ്രാപിതച്ചിരിക്കണം.

**ഡെന്നിസ് ഫ്രാങ്ക്**

**പൂർവമായ മാർഗദർശി എന്നു പറയുന്നത് യേശുവാണ്. യേശുവിന്റെ മാർഗദർശന തത്വങ്ങളെ നാം നന്നായി പരിഗണിക്കേണ്ടതുണ്ട്.**

### കൂട്ടുപ്രവർത്തനത്തിന്റെ തത്വങ്ങൾ

**തന്നോടൊപ്പം വളരെ അടുത്തു പ്രവർത്തിക്കുവാനായി യേശു പന്ത്രണ്ടുപേരെ തെരഞ്ഞെടുത്തു. *യേശു മലയുടെ മുകളിലേക്കു കയറിപ്പോയി തനിക്ക് ഇഷ്ടപ്പെട്ടവരെ അടുക്കൽ വിളിച്ചു. അവർ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു . തന്നോടുകൂടെ ആയിരിക്കുവാനും പ്രസംഗത്തിന് അയക്കുവാനും ഭൂതങ്ങളെ പുറത്താക്കുവാൻ അധികാരം ഉണ്ടായിരിക്കുവാനും 12 പേരെ അദ്ദേഹം നിയമിച്ചു.* ഈ പന്ത്രണ്ടുപേർ ദൈവീകമായ ഉദ്ദേശത്തിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടവരാണ്. അവർ പ്രത്യേകിച്ചും അവിടുത്തോടുകൂടെ ആയിരിക്കേണ്ടതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടവരാണ്. യേശുക്രിസ്തു ഈ പന്ത്രണ്ടുപേരുമായി അടുത്തതും വളരെ തരമാർന്നതുമായ ബന്ധം പുലർത്തുവാൻ ആഗ്രഹിച്ചു. യേശു തന്റെ ശിഷ്യന്മാരുമായുള്ള അടുത്ത ബന്ധം തങ്ങൾ എപ്രകാരം ജീവിക്കണമെന്ന് അവരെ പഠിപ്പിക്കുന്നതിനായി പ്രയോജനപ്പെടുത്തി. യേശുവിന്റെ ശൈലിയെ പിൻപറ്റിക്കൊണ്ട് പ്രതിസന്ധികളെ തരണം ചെയ്യുവാൻ അവർ പഠിച്ചു. അനുദിന ജീവിതത്തിലെ ഓരോ തലങ്ങളെയും നിരീക്ഷിച്ചറിയുവാൻ അവിടുന്ന് തന്റെ ശിഷ്യന്മാരെ ആഹ്വാനം ചെയ്തു. കർത്താവ് തന്റെ ശിഷ്യന്മാരിൽ ക്രിയാത്മത കണ്ടെത്തി. അവർ ആയിരിക്കുന്ന അവസ്ഥയിൽ അല്ല പിന്നയോ മാർഗദർശനം നൽകുന്നതിലൂടെ അവർ ആയിരിക്കാവുന്ന അവസ്ഥയെ യേശു മനസിലാക്കി.**

**വിവിധ വിധങ്ങളിൽ അനുദിനവും അവർക്കു മർഗദർശനം നൽകിക്കൊണ്ട് േ യശു തന്റെ ശിഷ്യന്മാരുടെ ക്രീയാത്മകതയെ വികസിപ്പിച്ചെടുത്തു. പത്രൊസ് ധൃതിയുള്ളവനും ആവേശ ഭരിതനും ആയിരുന്നു. എന്നാൽ മാർഗദർശനം നൽകിയതുമൂലം അദ്ദേഹത്തെ യരുശലേംസഭയുടെ നേതാവാകുംവിധം ദൈവം ഒരുക്കിയെടുത്തു.**

**യേശുക്രിസ്തുവിന്റെ ഈ മാർഗദർശന ശൈലി ഇന്നത്തെ സഭാനേതാക്കന്മാർ മാതൃകയാക്കേണ്ടതാണ്. അനുഗാമികൾക്ക് തങ്ങളുടെ നേതാവുമായി സഹപ്രവർത്തനത്തിലേർപ്പെടു**

വാനുള്ള അവസരം നൽകണം. ഫല പ്രദമായ ജീവിതത്തിനു ഉതകുന്ന ജീവിത വ്യതിയാന തത്വങ്ങൾ പലപ്പോഴും പഠിപ്പിക്കുകയല്ല പിന്നയോ പ്രാപിക്കുകയാണു ചെയ്യുന്നത്. എല്ലാശനിയാഴ്ചയും 30 പേരടങ്ങുന്ന ഒരു കൂട്ടത്തെ ഞാൻ അഭിസംബോധന ചെയ്യുക പതിവായിരുന്നു. ഒന്നര വർഷമായപ്പോഴേക്കും 30 പേരടങ്ങിയ ആ കൂട്ടം പത്തുപേരായി കുറഞ്ഞു. എന്നാൽ ഞാൻ ഒരു മീറ്റിംഗിനുപോലും ഞാൻ ഹാജരാകാതിരുന്നില്ല. നേരത്തെ വന്നു കൊണ്ടിരുന്നവർ തുടർന്നു വരുവാൻ ഞാൻ അവരെ ഉത്സാഹിപ്പിക്കുകയും ചെയ്തു. എല്ലാ ശനിയാഴ്ചയും ശിഷ്യത്വത്തിന്റെ തത്വങ്ങളെക്കുറിച്ച് ഞാൻ അവരെ പഠിപ്പിച്ചു. സമർപ്പിതരായ ആളുകളിൽ അതിന്മൂലമുണ്ടായ വ്യത്യാസവും ആത്മീയ വളർച്ചയും എടുത്തു പറയത്തക്കതായിരുന്നു. അന്ന് ഉരുവാക്കിയെടുത്ത 35 പേരടങ്ങുന്ന ആ ചെറിയ സംഘം ഇന്നും ഞങ്ങളുടെ സഭയിലെ സജീവരായ നേതാക്കളാണ്.

### ചുമതലപ്പെടുത്തലിന്റെ തത്വം

യേശു തന്റെ ശിഷ്യന്മാർക്ക് പ്രത്യേകം ചുമതലകൾ നൽകി. *തന്നോടുകൂടെ ആയിരിക്കുവാനും പ്രസംഗത്തിനയക്കുവാനും ഭൂതങ്ങളെ പുറത്താക്കുവാൻ അധികാരമുണ്ടായിരിക്കുവാനും പന്ത്രണ്ടുപേരെ അദ്ദേഹം നിയമിച്ചു.,, അദ്ദേഹം ആ പന്ത്രണ്ടുപേരെ അടുക്കൽ വനിളിച്ചു അശദ്ധാത്മാക്കളുടെമേൽ അധികാരം നൽകി അവരെ ഈരണ്ടു പേരായി അയച്ചു. ,, അവർ പോയി ജനങ്ങൽ മാനസാന്തപ്പെടണമെന്നു പ്രസംഹിച്ചു. അനവധി ഭൂതങ്ഹളെ പുറത്താക്കുകയും അനേകം രോഗികളുടെമേൽ എണ്ണപൂശി അവരെ സൗഖ്യമാക്കുകയും ചെയ്തു.* (മർക്കൊ. 6: 7,12,13).

## മറ്റുള്ളവരെ തണുപ്പിക്കുക: പ്രവർത്തകരുടെ അവിധിക്കാല പരിപാടി

തങ്ങളുടെ സീനിയർ പാസ്റ്റർക്ക് കൂടുതൽ ഉത്തരവാദിത്വങ്ങളുണ്ട്. അതുകൊണ്ട് അദ്ദേഹം കൂടുതൽ ശമ്പളം വാങ്ങുന്നു. സഹ ശുശ്രൂഷകന്മാർക്കു ലഭിക്കാത്ത ചില പ്രയോജനങ്ങൾ സീനിയർ പാസ്റ്റർക്ക് ലഭിക്കുന്നു. ഇക്കാര്യങ്ങളൊക്കെ സഹ ശുശ്രൂഷകർ മനസിലാക്കുന്ന കാര്യങ്ങളാണ്. എന്നാൽ സഹശുശ്രൂഷകന്മാരുടെ ശുശ്രൂഷക്ക് വിലമതിപ്പും പ്രോത്സാഹനവും അധികരിപ്പിക്കുന്നതിന് സീനിയർ പാസ്റ്റർക്ക് അവസരങ്ങളുണ്ട്. അവിധിക്കാലങ്ങളിൽ ചില സ്ഥലങ്ങളിൽ നടക്കുന്ന പ്രത്യേക കാര്യപരിപാടികളെക്കുറിച്ചാണ് ഞാൻ പറയുന്നത്.

1 കൊരിന്ത്യർ 16 : 17-ൽ പൗലോസ് സ്തേഫാനോസിനെക്കുറിച്ചും പൊറുത്തനാത്തോസിനെക്കുറിച്ചും അഹായിക്കോസിനെക്കുറിച്ചും വളരെ സ്നേഹത്തോടും അംഗീകാരത്തോടുംകൂടെ സംസാരിച്ചിരിക്കുന്നു. ഇതിൽ പൊറുത്തനാത്തൊസിനെക്കുറിച്ചും അഹായോസിനെക്കുറിച്ചും നമുക്ക് അധികമായൊന്നും അറിയാൻ പാടില്ല. അവർ കൊരിന്തിൽ നിന്നുള്ള കത്ത് പൗലോസിന്റെ അടുക്കൽ കൊണ്ടുവന്നവരാകാം. അഖായയിലെ ആദ്യപരിവർത്തിതരാണ് സ്തേഫാനോസിന്റെ ഭവനം. ഈ മൂന്നുപേരും പൗലോസിന്റെ ആത്മാവിനെ തണുപ്പിച്ചതായി നാം വായിക്കുന്നു. മത്തായി. 11: 28-ൽ ഞാൻ *നിങ്ങൾക്ക് ആശ്വാസം നൽകാം* എന്ന് യേശു പറഞ്ഞിരിക്കുന്ന പദവും ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദവും ഒന്നാണ്. ഈ വ്യക്തികൾ മറ്റുള്ളവരെ തണുപ്പിക്കുന്നത് എങ്ങനെയെന്നു മനസിലാക്കുക മാത്രമല്ല, അത് പ്രായോഗികമാക്കുകയും ചെയ്തു. തങ്ങളുടെ പ്രവർത്തകരെ എപ്രകാരം കുളിർമപ്പെടുത്താം എന്നുള്ളത് സീനിയർ പാസ്റ്റർ അറിഞ്ഞിരിക്കേണം. താഴെ പറയുന്ന ചില നിരീക്ഷണങ്ങൾ അതിനു പ്രചോദനം നൽകുന്നവയാണ്.

### സഹ ശുശ്രൂഷകന്മാരുടെ അവിധിക്കാലപരിപാടികൾ കൂടുതൽ നാളുകളിലേക്ക് നീട്ടുക.

വർജീനിയായിലെ റിച്ച്മോഡിലുള്ള വെസ്റ്റ് എന്റ് അസംബ്ലി ഓഫ് ഗോഡ് സഭയിൽ ഓരോ സഹ ശുശ്രൂഷകനും ഒരോ അഞ്ചാണ്ടു കാലത്തിലൊരിക്കൽ സാധാരണ അവിധി കൂടാതെ രണ്ടാഴ്ചത്തെ പ്രത്യേക അവിധിയുണ്ട്. റ്റീമിൽ പാസ്റ്ററായി പ്രവർത്തിക്കുന്ന മിക്കവരും അഞ്ചുവർഷത്തിലധികം പൂർത്തീകരിച്ചിട്ടുള്ളവരാണ്. സീനിയർ പാസ്റ്റർ ഉൾപ്പടെ മൂന്നുപേർ 70 വർഷം തികച്ചവരാണ്.

### മറ്റുള്ളവർക്ക് മതിപ്പ് കൂടുതലായി നൽകുമ്പോൾ ഉദാരതയുടെ സംസ്ക്കാരം വളരുവാനിടയാകും.

നാം വിതക്കുന്നത് കൊയ്യുമെന്നുള്ളത് വേദപുസ്തകത്തിന്റെ തത്വങ്ങളിലൊന്നാണ്.ഉദാരതയുടെ സംസ്ക്കാരം സീനിയർ പാസ്റ്ററിൽ നിന്നു തുടങ്ങുന്നു. മറ്റുള്ളവർ എന്തു ചെയ്യേണമെന്ന് സീനിയർ പാസ്റ്റർ ആഗ്രഹിക്കുന്നുവോ മാതൃകയാകും വിധം അദ്ദേഹം തന്നെ അതു ചെയ്യേണം. ഒരു നേതാവിന്റെ ഏറ്റവും വലിയ മാനുഷീക ശക്തി എന്നു പറയുന്നത് മാതൃകാ ജീവിതമാണ്. തനിക്ക് കുളിർമ നൽകിയവർ അംഗീകരിക്കപ്പെടേണ്ടവരാണെന്ന് പൗലോസ് പറഞ്ഞു (1 കൊരി. 16 :18) അവർ ഒരിക്കലും ഒരു അംഗീകാരം ആവശ്യപ്പെട്ടില്ല. എന്നാൽ വിതക്കുന്നതുകൊയ്യും എന്നുള്ള തത്വമാണ് പൗലോസ് ഇവിടെ പ്രായോഗികമാക്കുന്നത്.

### ഏതെങ്കിലും ഒരിടത്തിൽ തുടങ്ങി പുരോഗമനത്തിനുള്ള പദ്ധതിയിടുക

ഒരുവൻ അവിധിക്കാല പദ്ധതികളിൽ നിന്നും ഉള്ള പ്രയോജനങ്ങളെക്കുറിച്ച് ഉറപ്പില്ലാത്തവനായി ഇരിക്കാം. അഥവാ സഭയുടെ നേതൃത്വം ഈ ചുവടു വയ്ക്കുവാൻ ഒരുക്കമല്ലായെന്നു വാരാം. സീനിയർ പാസ്റ്റർ സഹ ശുശ്രൂഷകന് വാരാന്ത്യങ്ങളിൽ വിശ്രമത്തിനായി അവസരംകൊടുത്ത് അതിന്റെ പ്രയോജനങ്ങളെ അളക്കുവാൻ കഴിയും.

### അവിധിക്കാല പദ്ധതികൾ ശക്തിയായി ചെയ്തുതീർക്കുന്നതിന് സഹായകമായിരിക്കും

ഒരു അത്‌ലറ്റിക് ടീമിന്റെ കോച്ചിന് ജയിക്കേണ്ടതിന് എന്തു ചെയ്യേണമെന്നറിയാം. ചില അത്‌ലറ്റുകൾക്ക് വിശ്രമം കൊടുക്കുമ്പോൾ അവർ ബലപ്പെട്ട് സംഘത്തിന് വിജയം നൽകിത്തരുവാൻ ഇടയാകുന്നു. എപ്പോഴാണ് തന്റെ കൂടെയുള്ള അറ്റ്ലറ്റിന് വിശ്രമം കൊടുക്കേണ്ടതെന്ന് േ കോച്ചിനറിയാം. ഈ കായിക വ്യവസ്ഥ നമുക്കും പൊരുത്തമാണ്. നമുക്കും മറ്റുള്ളവർക്കു കുളിർമ്മ നൽകാം അതു വേദപുസ്തകപരമാണ്.

നേതൃത്വത്തിൽ ഒന്നിലധികംപേർ ഉണ്ടയിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് യേശു മനസിലാക്കി. മാത്രമല്ല, ഈ പന്ത്രണ്ടുപേരോട് തങ്ങളുടെ ചുമതലയെക്കുറിച്ച് പറഞ്ഞുകൊടുക്കേണ്ട് ആവശ്യമാണെന്നും യേശു മനസിലാക്കി. മർക്കൊസ് 6: 8-11. യേശു അവരിൽ നിന്നും എന്താണ് പ്രതീക്ഷിക്കുന്നതെന്ന് അവിടുന്ന് അവരോട് സ്പഷ്ടമാക്കി. യേശു അവർക്കു നൽകിയ ശുശ്രൂഷ ചുമതലകളെ അവർ മനസിലാക്കുകയും അംഗീകരിക്കുകയും ചെയ്തു.

ചില ശിഷ്യന്മാർക്ക് കർത്തവ്യം നിറവേറ്റുന്നതിനുള്ള യോഗ്യതയില്ല എന്നുള്ള ചിന്ത ഉണ്ടായിരുന്നെങ്കിലും നല്ല നിർദ്ദേശങ്ങളും സ്നേഹാദരങ്ങളായ പ്രോത്സാഹനങ്ങളും നൽകി ആ അപര്യാപ്തതാ മനോഭാവത്തെ ജയിക്കുവാനും അങ്ങനെ വിജയകരമായ ശുശ്രൂഷ നൽകുവാനും യേശു തന്റെ ശിഷ്യന്മാർക്ക് അവസരം നൽകി.

ഇന്നത്തെ ബുദ്ധിയുള്ള നേതാവ് തന്റെ ലോക്കൽ സഭയ്ക്ക് മാർഗനിർദ്ദേശം നൽകുവാൻ ഈ തത്വങ്ങൾ പ്രായോഗികമാക്കും. ചില ചുമതലകൾ നൽകപ്പെടുമ്പോൾ തങ്ങൾ അതിനു പോരാത്തവരാണെന്നുള്ള ചിന്ത അത്മായ നേതാക്കൾക്കും സഹശുശ്രൂഷകർക്കും ഉണ്ടാകുമെന്നുള്ളത് മാർഗനിർദ്ദേശം നൽകുന്ന പാസ്റ്റേഴ്സ് മനസിലാക്കിയിരിക്കണം.

ആർക്കു മാർഗനിർദ്ദേശം നൽകുന്നുവോ ആ വ്യക്തിക്ക് മാർഗനിർദ്ദേശം നൽകുന്ന ആലിൽ നിന്നും എല്ലാ സഹായവും പ്രോത്സാഹനവും സംരക്ഷണവും ഉണ്ടാകുമെന്നുള്ള ഉറപ്പ് നൽകേണം. അത്മായ നേതാക്കന്മാരും സഭയിലെ പ്രവർത്തകരും തങ്ങളുടെ സീനിയർ പാസ്റ്റർ തങ്ങളെ വിശ്വസിക്കുന്നു എന്നുള്ള ചിന്ത വളർത്തിയെടുക്കണം. തങ്ങളുടെ മാർഗദർശകനിൽ നിന്നും സാധാത്മാകമായ കാര്യങ്ങൾ ലഭിക്കുമ്പോൾ അവരുടെ അരക്ഷിത ചിന്ത അകന്നുപോകുവാനിടയാകും.

തന്നോടൊപ്പമുള്ളവരുടെ ആത്മധൈര്യത്തെ ബലപ്പെടുത്തുന്നതിലേക്കായിരിക്കും ഫലപ്രദനായ ഒരു മാർഗദർശകന്റെ ശ്രദ്ധ. ഞാൻ നിങ്ങളെ വിശ്വസിക്കുന്നുവെന്നും നിങ്ങളുടെ വിജയത്തിനായി എന്റെ അധികാരത്തിലുള്ള എല്ലാം തന്നു സഹായിക്കുമെന്നുമുള്ള മന്ത്രണമായിരിക്കേണം തന്നിൽ നിന്നും മാർഗദർശനം പ്രാപിക്കുന്നവർ കേൾക്കേണ്ടത്.

## പുനർ വീക്ഷണത്തിന്റെ തത്വം

ഒരു കാലയളവിലെ ശ്രൂഷയ്ക്കു ശേഷം യേശുതന്റെ ശിഷ്യന്മാരെ വിളിച്ചു കൂട്ടി അവരുടെ ശുശ്രൂഷയുടെ ഒരു വിവരണം ആവശ്യപ്പെട്ടു. അപ്പൊസ്റ്റോലന്മാർ യേശുവിന്റെ അടുക്കൽ വന്ന് തങ്ങൾ ചെയ്തതും ഉപദേശിച്ചതും എല്ലാം അദ്ദേഹത്തെ അറിയിച്ചു. ധാരാളം ആളുകൾ വരികയും പോകുകയും ചെയ്തിരുന്നതുകൊണ്ട് അവർക്ക് ആഹാരം ക ഴിക്കുവാൻപോലും അവസരം ലഭിച്ചില്ല. *അതുകൊണ്ട് അദ്ദേഹം*

> **ഫല പ്രദമായ ജീവിതത്തിനു തകുന്ന ജീവിത വ്യതിയാന തത്വങ്ങം പലപ്പോഴും പഠിപ്പിക്കുകയല്ല പിന്നയോ പ്രാപിക്കുകയാണു ചെയ്യുന്നത്**

*അവരോട് നിങ്ങൽ എന്റെ കൂടെ ഒരു വിജനസ്ഥലത്തു വന്ന് അല്പം വിശ്രമിക്കുക എന്നു പറഞ്ഞു* (മർക്കൊ. 6 : 31) .

മാർഗദർശനം നൽകുന്ന ആളുകളെ സംബന്ധിച്ചിടത്തോളം പുനർവീക്ഷണം എന്നത് വളർച്ചാ പ്ര ക്രീയയുടെ ഭാഗമാണ്. താൻ പരിശോധിക്കേണ്ട വിഷയത്തെക്കുറിച്ച് പ്രതീക്ഷിക്കുകയല്ല ചെയ്യേണ്ടതെന്ന് ഞാൻ മിക്കപ്പോഴും എന്റെ കൂട്ടുപ്രവർത്തകരോടു പറയാറുണ്ട്. എല്ലാ ശുശ്രൂഷയും ആത്മീക നേതാക്കളാൽ പരിശോധിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. സേവനം ചെയ്യുന്ന എല്ലാവരും ആരുടെ ഉത്തരവാദിത്വത്തിൻ കീഴിൽ അവർ സേവനം ചെയ്യുന്നുവോ അവരോട് കണക്കുബോധിപ്പിക്കേണ്ടവരാണ്. തങ്ങൾക്ക് മാർഗദർശനം നൽകുന്ന വ്യക്തി താല്പര്യം കാണിക്കാതിരിക്കുകയും ഒരു പരിഗണനയില്ലാത്ത മനോഭാവം കാട്ടുകയും ചെയ്യുമ്പോൾ കൂടുതൽ ശ്രേഷ്ഠരാകുവാനുള്ള വൃദ്ധാശ്രമത്തിൽ അവർ വാടിപ്പോകുന്നു. തങ്ങളുടെ കീഴിലുള്ള ആളുകളുടെ ശുശ്രൂഷയെ പുനർവീക്ഷണം ചെയ്യുക എന്നുള്ളത് മാർഗദർശനം നൽകുന്നവരുടെ ചുമതലയാണ്. നിരാശയും താല്പര്യമില്ലായ്മയുമൊക്കെ ശുശ്രൂഷാ ചുമതലകൾ നിവൃത്തിയാകുമ്പോൾ മാർഗദർശകർ അതിൽ താല്പര്യം കാണിക്കാത്തതു നിമിത്തമാണുണ്ടാകുന്നത്.

പുനർവീക്ഷണത്തിന്റെ ഇത്തരം സമയങ്ങളിൽ യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുവാനും ഉന്നതമായ തത്വങ്ങൾ അവരിലേക്ക് ചെലുത്തുവാനുമുള്ള സമയമായി പ്രയോജനപ്പെടുത്തി. യേശു 70 പേരെ പ്രസംഗിക്കുവാൻ അയച്ചു. അവർ മടങ്ങി വന്നപ്പോൾ േ യശു അവരോട് ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടു.

ശിഷ്യന്മാർ യേശുവിനോട് വളരെ സന്തോഷത്തോടെ ഇപ്രകാരം പറഞ്ഞു ... *കർത്താവേ അങ്ങയുടെ നാമത്തിൽ ഭൂതങ്ങൾപോലും ഞങ്ങൾക്കു കീഴടങ്ങുന്നു.*

എന്നാൽ യേശു ഇപ്രകാരം പ്രതിവചിച്ചു , *എങ്കിലും ആത്മാക്കൾ നിങ്ങൾക്കു കീഴടങ്ങുന്നു എന്നതിലല്ല നിങ്ങളുടെ പേര് സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിപ്പിൻ* (ലൂക്കൊ. 10 :20).

മുറിവേറ്റ മനുഷ്യനെ നല്ലശമര്യാക്കാരൻ സത്രത്തിലെത്തിച്ച ശേഷം *അവനെ ശുശ്രൂഷിച്ചുകൊള്ളണം എന്തെങ്കിലും അധികചെലവുണ്ടാകുന്നത് ഞാൻ തിരിച്ചെത്തുമ്പോൾ തന്നുകൊള്ളാം എന്ന് സത്രക്കാരനോട് പറഞ്ഞു.* (ലൂക്കൊ. 10: 35). ഇതിലൂടെ ശമര്യാക്കാരൻ സത്രക്കാരനെ ആ മുറിവേറ്റ മനുഷ്യനെക്കുറിച്ചുള്ള ഉത്തരവാദിത്വമേൽപ്പിക്കുകയാണ്. മാത്രമല്ല, മുറിവേറ്റ മനുഷ്യന് ഉണ്ടാകുന്ന ചെലവ് താൻ തന്നുകൊള്ളാം എന്നു പറയുന്നതിലൂടെ ശമര്യാക്കാരന് അയാളോടുള്ള ഉന്നതമായ പരിഗണന വ്യക്തമാകുന്നു. ശിഷ്യന്മാരുടെ മാർഗദർശിയായ യേശു തന്റെ ശിഷ്യന്മാർക്ക് വിശ്രമവും നവീകരണവും ആവശ്യമാണെന്ന് മനസിലാക്കി. ശുശ്രൂഷയുടെ സമ്മർദ്ദങ്ങളെക്കുറിച്ച് അവിടുന്ന് അറിഞ്ഞിരുന്നു.

## വീണ്ടും ചുമതല നൽകുന്നതിന്റെ തത്വം

ഒരു ചുമതലയുടെ പുനർവീക്ഷണത്തിനുശേഷം തന്റെ ശിഷ്യന്മാർക്ക് ഒരു പുതിയ ചുമതലനൽകുന്നത് യേശുവിന്റെ പതിവായിരുന്നു.തന്റെ സ്വർഗാരോഹണത്തിനു മുമ്പ് യേശു തന്റെ ശിഷ്യന്മാർക്ക് താൻ മുമ്പു നൽകിയിട്ടുള്ളതിൽ നിന്നും എല്ലാം വ്യത്യസ്തവും പുതിയതുമായ ഒരു പുതിയ ചുമതല നൽകി. *നിങ്ങൾ ലോകത്തിലെല്ലാംപോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിക്കുയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. വിശ്വസിക്കുന്നവരാൽ ഈ അടയാളം നടക്കും : എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും പുതിയ ഭാഷകളിൽ സംസാരിക്കും. പാമ്പുകളെ കൈകളിൽ എടുക്കും. മാരകമായ വിഷം കുടിച്ചാൽ അത് അവർക്ക് ഹാനിവരുത്തുകയില്ല. അവർ രോഗികളുടെമേൽ കൈവെച്ചാൽ അവർക്കു സൗഖ്യം വരും.*

യജമാനന്റെ ഈ പുതിയ ചുമതലയുടെ ആക്കവും മഹത്വവും നോക്കുക. തന്റെ മാർഗദർശന പദ്ധതി ഫലപ്രദമായിരുന്നുവെന്ന് ഇതുനിമിത്തം ആർക്കും പറയാനാവും. ലോകത്തെ സുവിശേഷീകരിക്കുക എന്ന വെല്ലുവിളിയെ താൻ തന്റെ ശിഷ്യന്മാർക്കു നൽകുകയായിരുന്നു.

യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ അവിടുത്തെ മാർഗദർശനത്തിലൂടെ ആത്മീകവും വൈകാരികവുമായ വളർച്ചനേടി. തന്റെ ശിഷ്യന്മാരെ ഈ ചുമതല ഏർപ്പെടുത്തിയ ശേഷം അവിടുന്ന ് സ്വർഗാരോഹണം ചെയ്തു (മർക്കൊ. 16 :19). യേശു തങ്ങളുടെ അടുക്കൽ നിന്നുപോയെങ്കിലും അവിടുന്ന് തങ്ങളുടെ അടുക്കൽ ഉള്ളതുപോലെതന്നെ ശിഷ്യന്മാർ പ്രവർത്തനം തുടർന്നു. ശിഷ്യന്മാർ പോയി എല്ലായിടത്തും പ്രസംഗിച്ചു. *കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങളിലൂടെ വചനത്തെ ഉറപ്പിക്കുകയും ചെയ്തു.* വീണ്ടും ചുമതല നൽകുക എന്നുള്ളത് മാർഗദർശനം അഥവാ ദിശാബോധം നൽകുന്ന ശുശ്രൂഷയുടെ പ്രധാനഭാഗമാണ്. ശുശ്രൂഷയിലെ ഫലദായകത്വത്തിനു നൽകുന്ന വിരുത് ചെറിയ ചുമതലയിൽ നിന്നും വലിയ ചുമതലയിലേക്കുള്ള കയറ്റമാണ്. യേശു പറഞ്ഞു , *അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ.* ചെറിയ തുടക്കത്തെ ആർ തുച്ഛീകരിക്കുമെനന് സെഖറിയ 4 : 10-ൽ പറയുന്നു. എല്ലാ വലിയ ശുശ്രൂഷകൾക്കും ഒരു ചെറിയ തുടക്കമുണ്ട്.

ഇന്ന് ഞാൻ എന്റെ പിതാവിനോടും എന്റെ സഹോദരനോടും അവർ നല്കിയ മാർഗദർശനത്തിനും അഥവാ ദിശാബോധത്തിനും നന്ദിയുള്ളവനാണ്. ഇന്ന ് ഞാൻ ഒരു വലിയ ജനക്കൂട്ടത്തോടു സംസാരിക്കുന്നുവെങ്കിലും ടെക്സാസിൽ ഞാൻ ശുശ്രൂഷിച്ച ആ ചെറിയ സഭയെ ഞാൻ ഇന്നും ഓർക്കുന്നു. ശിഷ്യന്മാർക്ക് ഉത്തരവാദിത്വത്തിന്റെ അതിരുകളെ വിശാലപ്പെടുത്തിയതുപോലെതന്നെ ഇന്നു നമ്മുടെ ശുശ്രൂഷയിലും വളർച്ചയുടെ ഒരു പുതിയ അവസരം നൽകുന്ന പുതിയ വയലുകളിലേക്ക് അയക്കുവാൻ ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നു. പരേതനായ വിദേശ മിഷനറി ചാൾസ് ഗ്രീനാവെ എന്നോട് ഇപ്രകാരം പറഞ്ഞു. ഏതു സമയത്തും നിങ്ങളുടെ ശുശ്രൂഷയിൽ എന്തിനും തയ്യാറുള്ളവനായിരിക്കുക. ചിലപ്പോൾ നിങ്ങളുടെ യാത്രയിൽ 90ഡിഗ്രി തിരിയേണ്ടതിന് ദൈവം കല്പിച്ചേക്കാം .

സഭയുടെ ഉത്തരവാദിയായ യേശു തന്റെ ശുശ്രൂഷകർ എവിടെ കൂടുതലായി ഫലപ്രദരാകുമോ തക്കയിടത്തിൽ അവരെ ആക്കിവെയ്ക്കാനാഗ്രഹിക്കുന്നു.

ആത്മീയ പക്വതയും വളർച്ചയും പെട്ടെന്നുണ്ടാകുന്ന ഒന്നല്ല. ക്രിസ്തീയ ശുശ്രൂഷയിൽ താൻ എവിടേക്കു പോകുന്നുവെന്ന് തിരിച്ചറിയുന്നവനും മാർഗദർശനത്തിലൂടെയും ശിക്ഷണത്തിലൂടെയും വളരുവാൻ ഇഷ്ടപ്പെടുന്നവരുമാണ് വിജയത്തിന്റെ തലത്തിലെത്തുന്നത്. മാർഗദർശനം നൽകൽ ഓരോ ശുശ്രൂഷകനെയും അത്യധികം ക്രിയാത്മകതയുള്ളവനാക്കി തീർക്കുന്നു. അതിശ്രേഷ്ഠതയോടെ യജമാനന് സേവനം ചെയ്യുവാൻ ആഗ്രഹിക്കുന്ന ആർക്കും മാർഗദർശനം ആവശ്യമാണ്. കാൽവറി ചർച്ചിൽ പ്രവർത്തകരായിരുന്ന പലരും ഇങ്ങനെ മാർഗദർശനം ലഭിച്ചതിലൂടെ ഇവിടെ നിന്നും പോയി വിവിധ വയലുകളിൽ ശോഭിക്കുന്നു. എന്റെ പ്രാർത്ഥനയും താല്പര്യവും എന്തെന്നാൽ എല്ലാവഴിയിലും പത്തുപേർക്കെങ്കില ും മാർഗദർശനം നൽകുവാൻ കഴിവുള്ളവനായിരിക്കണമെന്നാണ്.

## അവർ ഒരു കെട്ടിടത്തെ ഇടിച്ചു തള്ളുന്നത് ഞാൻ കണ്ടു

ഒരു തിരക്കുള്ള പട്ടണത്തിൽ ഒരു പറ്റം ആളുകൾ പാരകൊണ്ട് ഒരു ചുവര് ഇടിക്കുന്നതു ഞാൻ കണ്ടു. ഇപ്പോൾ ഇതു ചെയ്യുന്നവർ ഈ കെട്ടിടത്തെ കെട്ടുന്നുവെങ്കിൽ അവരെ ജോലിക്കെടുക്കുവാൻ തക്കവിധം അവർ കഴിവുള്ളവരാണോ എന്നു ഞാൻ മേസ്തിരിയോടു ചോദിച്ചു. അയാൾ ചിരിച്ചുകൊണ്ട് ഇപ്രകാരം മറുപടി പറഞ്ഞു. , തീർച്ചയായും ഇല്ല. പലവർഷങ്ങളായി അദ്ധ്വാനിച്ച് കെട്ടിയെടുത്ത ഒരു കെട്ടിടത്തെ സാധാരണ തൊഴിലാളികളെക്കൊണ്ട് ഒന്നോ രണ്ടോ ദിവസംകൊണ്ട് ഇടിച്ചു തള്ളുവാൻ കഴിയും എന്ന് അയാ മറുപടി പറഞ്ഞു. ആ സ്ഥലത്തു നിന്നും മുമ്പോട്ടു പോയപ്പോൾ ഞാൻ ഇപ്രകാരം ചിന്തിച്ചു. ഞാൻ പണിയുന്നവനാണോ അതോ വളരെ സൂക്ഷമതയോടെ പ്രവർത്തിച്ച് മറ്റുള്ളവരെ പണിയുന്നവനായിരിക്കുന്നുവോ ? അതോ ഇടിച്ചു തള്ളുന്നതിൽ തൃപ്തിപ്പെന്നവനായിരിക്കുന്നുവോ ? മാർഗദർശനം നൽകുന്നത് ശ്രേഷ്ഠരായ നേതാക്കളെ എഴുന്നേല്പിക്കുവാനിടയാക്കുന്നു. അവർ യജമാനന്റെ സേവനത്തെ പ്രയോജനപ്രദമാംവണ്ണം കെട്ടിനിവർത്തീകരിക്കുകതന്നെ ചെയ്യും. ■



**ജെ.ഡോൺ ജോർജ്** ടെക്സാസിലെ കാൽവറി ചർച്ചിന്റെ പാസ്റ്ററാണ്. എ. ജി. ജനറൽ കൗൺസിൽ എക്സിക്യൂട്ടീവ് മെമ്പറുമാണ്.



# ഒഴിഞ്ഞു മാറ്റത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കേണ്ട സമയം ഇത്

**പോൾ വാട്ടർമാൻ**

*മിക്കവാറും പുരുഷന്മാരിൽ എപ്പോഴും ഒഴിഞ്ഞു മാറുന്ന സ്വഭാവമുണ്ട്. എതിർപ്പിന്റെ കാറ്റിനെ തനിയെ നിന്ന് എതിർക്കുന്നത് കാണുന്നവർക്ക് കവിതപോലെ തോന്നിയാലും വാസ്തവത്തിൽ അത് പരിതാപകരമായ കാര്യമാണ്.*

*അവരെല്ലാവരും സ്ത്രീകളോടും യേശുവിന്റെ അമ്മയായ മറിയയോടും യേശുവിന്റെ സഹോദരന്മാരോടും ഒരുമിച്ച് ഏകമനസ്സോടെ പ്രാർത്ഥനയിൽ മുഴുകിയിരുന്നു (അപ്പൊ. പ്ര. 1 14)*

ശുശ്രൂഷ ദുഷ്കരമായിരിക്കുമെന്നുള്ളത് ടേറൽ മനസിലാക്കിയിരുന്നു. ഒരു ബാലനായി തന്റെ പിതാവിന്റെ ശുശ്രൂഷയെ ശ്രദ്ധിച്ചപ്പോൾ അവനത് മനസിലാക്കി. *കുട്ടി ഇത് കഠിനമായ കാര്യമാണ്. അധികമായി ചുമക്കേണ്ടി വരുന്നു. അതും നീ തന്നെ ചുമക്കേണ്ടി വരുന്നു. ഇത് ഏകാന്തതയുടെ വിളിയാണ്. നീ തുനിഞ്ഞ് മുമ്പോട്ടു പോകേണ്ടി വരും,* എന്ന് പിതാവ് കൂടെക്കൂടെ പറയുമായിരുന്നു. എന്നാൽ അദ്ദേഹത്തെപ്പോലെ പ്രാദേശിക സഭയിൽ മുഴുസമയ ശുശ്രൂഷയ്ക്ക് ടേറൽ വിളിക്കപ്പെട്ടില്ല. എന്നാൽ ശുശ്രൂഷയ്ക്കുവേണ്ടിയുള്ള ദൈവവിളിക്ക് അയാൾ തന്നെത്തന്നെ ഏല്പിച്ചു കൊടുന്നു.

ഇപ്പോൾ 17 വർഷങ്ങളായി ദൈവത്തിന്റെ രാജ്യത്തിനുവേണ്ടി താൻ ചെയ്തുവരുന്ന കാര്യങ്ങളെക്കുറിച്ച് അദ്ദേഹം തൃപ്തനാണ്. എന്നാലും ശുശ്രൂഷയ്ക്കുവേണ്ടി അദ്ദേഹം കൂടുതൽ വില ചെലുത്തേണ്ടിയിരുന്നു. ചില സമയങ്ങളിൽ തന്റെ പിതാവ് പറയാറുള്ള ഏകാന്തതയുടെ വേദന അദ്ദേഹം മനസിലാക്കി. തന്റെ വികാരങ്ങളെ അദ്ദേഹം തന്റെ ഭാര്യയോട് പങ്കിട്ടു. അവരും തന്നാലാവുന്നിടത്തോളം അദ്ദേഹത്തിന് സഹായകമായി വർത്തിച്ചു. എന്നാൽ അദ്ദേഹം പിന്നെയും കൂടുതൽ മനസുതുറക്കുവാനായി ആഗ്രഹിച്ചു. മനസുനിരാശപ്പെട്ട് ഒറ്റപ്പെട്ടവനെന്ന ചിന്ത അദ്ദേഹത്തെ മഥിച്ചു. അദ്ദേഹം കൂടുതലായി പരീക്ഷിക്കപ്പെട്ടു. ശക്തി ക്ഷയിച്ചുപോകുന്ന അവസ്ഥയിലെത്തി. നാൾതോറും പല പ്രശ്നങ്ങളെ അദ്ദേഹം നേരിടേണ്ടി വന്നു. അദ്ദേഹം തന്റെ നിരാശയെയും ഭയങ്ങളെയും ഭാവി പ്രത്യാശയെയും കുറിച്ച് ആരോടെങ്കിലും പങ്കിടുവാൻ ഇടയായാൽ അത് നന്നായിരിക്കുമല്ലോ. എന്നാൽ ആരോട് ഇതു പങ്കിടുവാൻ കഴിയും.

## സമുദായം

നിങ്ങൾ ദൈവരാജ്യത്തിനുവേണ്ടി കാര്യങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്നവരാണെങ്കിൽ സമുദായത്തോട് സമർപ്പമുള്ളവരായിരിക്കണം. ശുശ്രൂഷയിൽ നിലനിൽക്കുവാനാഗ്രഹിക്കുന്ന നേതാക്കന്മാർ മറ്റുള്ള ശുശ്രൂഷകന്മാരോട് തങ്ങൾക്കുള്ള ബന്ധത്തിന് മുഖ്യത്തം കൊടുക്കും. ദൈവം ചരിത്രത്തിലെ ഏറ്റവും വെല്ലുവിളിയുള്ള കർത്തവ്യത്തിനായി തയ്യാറായപ്പോൾ അവിടുന്ന് അത് തികച്ചും വ്യത്യസ്തമായ വഴിയിൽ ചെയ്തു. നഷ്ടപ്പെട്ടുപോയ മനുഷ്യകുലത്തിന് തന്നോടു നിരപ്പിക്കേണ്ടതിന് ദൈവം തന്റെ പുത്രനായ യേശു നിമിത്തം മനുഷ്യകുലത്തെ നേർക്കുനേർ സന്ധിച്ചു.

പിതാവായ ദൈവം നമ്മെ തേടി വന്നപ്പോൾ ഇതു ചെയ്യെടുക്കുന്നതിന് ഒരു സംഘത്തെ തേടിയില്ല. എല്ലാവർക്കും ടെലഗ്രാം ചെയ്തില്ല. ഒരു സമ്മേളനം വിളിച്ചു കൂട്ടിയില്ല പകരം ദൈവം നമ്മെ പേർചൊല്ലി വിളിച്ചു. യെശ്ശയ്യാവ് പറഞ്ഞതിനെ റോമാലേഖനം 9: 27 ,28 വാക്യങ്ങളിൽ പൗലോസ് എടുത്തു പറയുന്നു. യൂജിൻ പീറ്റർ ഇതിനെക്കുറിച്ച് ഇങ്ങനെ പറയുന്നു.. .കടൽക്കരയിലെ മണൽ എല്ലാം ദൈവത്താൽ എണ്ണി *തെരഞ്ഞെടുക്കപ്പെട്ടവരെന്നു നാമകരണം ചെയ്താലും അത് എപ്പോഴും സംഖ്യയായിതന്നെ നിലകൊള്ളുന്നു വ്യക്തികളാകുന്നില്ല. രക്ഷ എ ന്നത് വ്യക്തിപരമായ തെരഞ്ഞെടുപ്പാണ്. ദൈവം നമ്മെ സംഖ്യാക്രമത്തിലെണ്ണുകയല്ല പിന്നെയോ പേർ ചൊല്ലിവിളിക്കുകയാണ് ചെയ്യുന്നത്.*

ഭയഭക്തിയുള്ള ഒരു നേതാവ് ജനങ്ങളോടുകൂടെ വസിക്കുന്നു. അന്തർമുഖരായിരിക്കുന്നവർക്ക് ജീവിത സത്യങ്ങളെ തിരികെ പ്രാപിക്കുവാൻ അധികനേരം വേണ്ടി വരാം. എന്നാൽ സമുദായം എന്നത് ഒരു നേതാവ് മേൽനോട്ടം വഹിക്കുന്ന ഒന്നു മാത്രമല്ല , താൻ ഇടപെടുന്ന രംഗംകൂടെയാണ്. ജനങ്ങൾ തന്റെ ജീവിതത്തിനുള്ളിലേക്കു വരേണ്ടതിന് അദ്ദേഹം ഇടം നൽകേണം.

ആദിമ തിരുസഭ വിശ്വാസികളുടെ സമുദായമായിരുന്നു. പെന്തക്കൊസ്തു നാളിനു മുമ്പുതന്നെ യേശുവിനെ പിൻപറ്റിയവർ ഒരു തീരുമാനമെടുത്തു. അവർ സഭയുടെ നന്മയ്ക്കുവേണ്ടി ഒരുമനപ്പെട്ട് ഏക ഹൃദയമുള്ളവരായിരുന്നു.

മനപരിവർത്തനം ലഭിച്ചവർ സകലതും പൊതുവെന്നെണ്ണി സന്തോഷത്തോടും നിർമ്മലതയോടുംകൂടെ അവർ വർത്തിച്ചു (അപ്പൊ.പ്ര. 2 44 ,46) . ഇത് ഒരു അത്ഭുതം എന്ന് നിങ്ങൾ പറഞ്ഞേക്കാം .അതെ ഒരത്ഭുതം തന്നെ. എന്നാൽ ഈ അത്ഭുതം അപ്പോസ്തൊലപ്രവർത്തികൾ രണ്ടാം അദ്ധ്യായത്തിൽ ക്രിസ്ത്യാനികൾ ആത്മാവിൽ ശിശുക്കളായിരിക്കുന്ന കാലത്ത് തുടങ്ങിയതല്ല. 1-ാം അദ്ധ്യായത്തിൽ ഈ ക്രിസ്ത്യാനികളും അവരുടെ നേതാക്കളും ഒരുമനപ്പെട്ട് കാത്തിരിക്കുവാൻ തീരുമാനിച്ചപ്പോഴാണ് ഈ അത്ഭുതം നടന്നത്.

ബന്ധങ്ങൾ ഉണ്ടാക്കുന്നതും അതിൽ നിലനിൽക്കുന്നതും പാസ്റ്ററന്മാർക്ക് അല്ലെങ്കിൽ ശുശ്രൂഷകന്മാർ ക്ക്

,മിക്കപ്പോഴും പുരുഷന്മാർക്ക് , ദുഷ്ക്കരമായ കാര്യമാണ്. മിക്ക പുരുഷന്മാരും എപ്പോഴെങ്കിലും ഒഴിഞ്ഞുമാറിയിരിക്കുന്ന സ്വഭാവമുള്ളവരായി കാണപ്പെടുന്നു. എതിർപ്പിന്റെ കാറ്റിനെ തനിയെ നിന്ന് എതിർക്കുന്നത് കാണുന്നവർക്ക് കവിത പോലെ തോന്നിയാലും വാസ്തവത്തിൽ അത് പരിതാപകരമായ കാര്യമാണ്. ഒഴിഞ്ഞുമാറി തനിച്ചിരിക്കുകയെന്നുള്ളത് ഭയഭക്തിക്ക് യോജ്യമായ കാര്യമല്ലെന്നുള്ളത് വേദപുസ്തകം സ്പഷ്ടമാക്കുന്നു.

*അനന്തരം യഹോവയായ ദൈവം മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല അവന് തക്ക ഒരു തുണയെ ഞാൻ നിർമ്മിക്കും എന്ന് അരുളി ചെയ്തു.* (ഉല്പ. 1:27)

ഒരു നേതാവ് എന്ന നിലയിൽ തനിക്കുണ്ടായിരുന്ന ഉത്തരവാദിത്വങ്ങൾ വർധിച്ചപ്പോൾ മോശെ ദൈവത്തോടെ ഇപ്രകാരം പറഞ്ഞു. *ഈ ജനത്തെയെല്ലാം തനിയെ വഹിക്കുവാൻ എനിക്കു കഴിയുകയില്ല. ഇത് എനിക്ക് അതിഭാരമാണ്* (സംഖ്യ 11 : 14). സങ്കീർത്തനങ്ങൾ 68 : 6-ൽ ദാവീദ് ഇപ്രകാരം പറയുന്നു. *അവിടുന്ന് ഏകാകികളെ ഭവനത്തിൽ പാർപ്പിക്കുന്നു.* ദൈവത്തിന്റെ നോട്ടത്തിൽ തനിച്ചു പ്രവർത്തിക്കുന്നതും തനിയെ ജീവിക്കുന്നതും തനിയെ ആരാധിക്കുന്നതും സാധാരണമല്ല. ദൈവത്തിന്റെ വീക്ഷണങ്ങളിലാണ് നാം എപ്പോഴും താല്പര്യം കൊണ്ടിരിക്കേണ്ടത്. സഭാപ്രസംഗിയായ ശലോമോൻ ഇപ്രകാരം പറയുന്നു. *ഒരുവനെക്കാൾ ഇരുവർ നല്ലത്. അവർക്ക് അവരുടെ അദ്ധ്വാനത്തിന് നല്ല പ്രതിഫലം ലഭിക്കും. ഒരുവൻ വീണാൽ അവന്റെ സ്നേഹിതന് അവനെ എഴുന്നേല്പിക്കുവാൻ കഴിയും. വീഴുമ്പോൾ എഴുന്നേല്പിക്കുവാൻ ആരുമില്ലാത്ത മനുഷ്യന്റെ അവസ്ഥ കഷ്ടംതന്നെ.*

## കണക്കു ബോധിപ്പിക്കേണ്ടുന്ന അവസ്ഥ

നാം ബന്ധങ്ങളിൽ നന്നായ രീതി നിലനർത്തുന്നതു മാത്രമല്ല നമുക്ക് അത് എഴുന്നേൽക്കുവാനുള്ള കാരണവുമായിത്തീരുന്നു. ഒരുവൻ വീണാൽ അവന്റെ സ്നേഹിതൻ അവനെ എഴുന്നേല്പിക്കുന്നു എന്ന് നാം വായിക്കുന്നു.

***ബന്ധങ്ങളിലൂടെ നാം ക്രിയ ചെയ്യുമ്പോൾ കൂടുതലായി ചെയ്തുതീർക്കുവാൻ കഴിയുമെന്നത് ബുദ്ധിയുള്ളനേതാവ് മനസിലാക്കിയെടുക്കേണ്ട കാര്യമാണ്.***

*രണ്ടുപേർ ഒരുമിച്ചു കിടന്നാൽ അവർക്കു കുളിരുമാറും. എന്നാൽ ഏകാകിക്ക് എങ്ങനെ കുലിരു മാറും? ഒരുവൻ ആക്രമിക്കപ്പെട്ടാൽ ഇരുവർക്കും ഒരുമിച്ച് എതിർക്കാം. മുപ്പിരിച്ചരട് വേഗത്തിൽ പൊട്ടുകയില്ല* (സഭാപ്രസംഗി 4 9-12).

നാം മറ്റൊരാളോടുകൂടെ ഒരുമിച്ചു പോകുമ്പോൾ അവരുടെ ക്രീയാത്മകതയെ വർദ്ധിപ്പിക്കുന്നു. ആവർത്തനപുസ്തകത്തിൽ ഒരുവൻ 1000 പേരെ ഓടിക്കുമെന്നും ഇരുവർ പതിനായിരം പേരെ ഓടിക്കുമെന്നും നാം വായിക്കുന്നു. ദൈവരാജ്യത്തിന്റെ വേലയിൽ നാം മറ്റൊരാളോടുകൂടെ പങ്കാളിയാകുമ്പോൾ ദൈവത്തിന്റെ ഗണിതം അവിശ്വസനീയമാം വിധം വർദ്ധിക്കുന്നു.

എല്ലാവരിലും ഇടയ്ക്കിടയ്ക്ക് വീഴ്ച്ച സംഭവിക്കുന്നു. അത് ബോധത്തോടുകൂടെയേ ാ ക്രമക്കേടായോ അല്ലെങ്കിൽ ആരോഗ്യം സാമ്പത്തീകം തുടങ്ങിയ മേഖലകളിലോ വീഴ്ച ഉണ്ടാവാം. എന്തായാലും മനുഷ്യരായ നമുക്കൊക്കെയും വീഴ്ചകൾ ഉണ്ടാകാം.
ആർക്കും കണക്കുബോധിപ്പിക്കേണ്ടാത്ത സ്ഥിതിയിലിരിക്കുമ്പോഴാണ് മിക്ക നേതാക്കളും വീണുപോകുന്നത്. അത് വലിയ വലിയ വീഴ്ചയായിരിക്കും. അവർക്ക് സ്നേഹിതരുണ്ടായിരുന്നുവെങ്കിൽ തങ്ങളുടെ വീഴ്ചയിൽ നിന്നും അവരെ താങ്ങി നിർത്തിയേനേം. വീഴുമ്പോൾ എഴുന്നേല്പിക്കുവാൻ ആരുമില്ലാത്ത മനുഷ്യന്റെ അവസ്ഥ കഷ്ടം തന്നെ. ജീവിതത്തിൽ പ്രലോഭനങ്ങളോടു പോരാടുമ്പോൾ അവയുടെമേൽ ജയംകൊള്ളേണ്ടതിന് വിശ്വസനീയനായ ഒരു സ്നേഹിതനാവശ്യമാണ്.

## ബന്ധങ്ങൾ

ബന്ധങ്ങളിലൂടെ നാം ക്രിയ ചെയ്യുമ്പോൾ കൂടുതലായി ചെയ്തുതീർക്കുവാൻ കഴിയുമെ



ന്നത് ബുദ്ധിയുള്ളനേതാവ് മനസിലാക്കിയെടുക്കേണ്ട കാര്യമാണ്. കഠിനമായ ചോദ്യങ്ങൾ ചോദിക്കുന്ന തങ്ങളുടെ ജീവിതത്തിലെ വിഴ്ചകളെ അംഗീകരിച്ചുകൊടുക്കാത്ത അഥവാ ബന്ധക്കാരുടെ പ്രാധാന്യത്തെ അവർ മനസിലാക്കുന്നു. ജീവിതത്തെ മറ്റുള്ളവരുമായി പങ്കിടുമ്പോൾ അത് കൂടുതൽ സന്തോഷം നൽകുന്നുവെന്നും അവർ മനസിലാക്കുന്നു. സഭാപ്രസംഗി 4:
11-ാം വാക്യം ചൂടുണ്ടാകുന്നതിനെക്കുറിച്ച് പറയുന്നു. മറ്റുള്ളവരോടു ചേർന്ന് ഉറങ്ങുക എന്ന കേവല അർത്ഥമല്ല ഇതിനുള്ളത്.

ഞാൻ ശുശ്രൂഷക്കായി സഞ്ചരിച്ച സമയങ്ങളിൽ ഞാൻ കണ്ട് രസിച്ച ഇടങ്ങളുടെയും കാഴ്ചകളുടെയും ഫോട്ടോ എടുത്ത് എന്റെ ഭാര്യയെ കാണിക്കുന്നതിന് കൊണ്ടു വരിക പതിവായിരുന്നു. കഴിവുള്ള ഒരു ഫോട്ടോഗ്രഫർ അല്ലാതിരുന്നതുകൊണ്ട് ഞാൻ കണ്ട കാര്യങ്ങളെ അതിന്റേതായ വികാരവായ്പോടെ ഒപ്പിയെടുക്കുവാൻ എനിക്കു കഴിഞ്ഞില്ല. എന്നാൽ ഇതിനു പകരമായി ജോൺ എന്നോടുകൂടെ വന്നപ്പോൾ അക്കാര്യങ്ങൾ പകർന്നുകൊള്ളുന്നത് സന്തോഷമുള്ളതും വാസ്തവമുള്ളതുമായി കാണപ്പെട്ടു. വീഴ്ചയുടെ കാലങ്ങൾ മാത്രമല്ല സന്തോഷത്തിന്റെ കാലങ്ങളും അന്യോന്യം പകർന്നു കൊള്ളേണം.

### സമുദായത്തോടുള്ള അർപ്പണം

ഒരു പാസ്റ്റർ ഒരു ഏകാംഗ നാടകക്കാരനെപ്പോലെ ഇരുന്നാൽ എപ്രകാരമാണ് സമുദായത്തോട് അർപ്പണമുള്ളവനായിരിക്കുന്നത്? താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1- സഹകരണത്തിന്റെയും പങ്കാളിത്തത്തിന്റെയും ആത്മാവിനെ നൽകുവാൻ ദൈവത്തോടു യാചിക്കുക. ഞാൻ തനിയെ അല്ല പിതാവ് എന്നോടുകൂടെ ഉണ്ട് എന്ന് യേശു പറഞ്ഞപ്പോൾ അവിടുത്തേക്ക് ഉണ്ടായ മനോഭാവത്തെ നമുക്കും ഉണ്ടാകാൻ പ്രാർത്ഥിക്കുക (യോഹ . 16 32).

2- നിങ്ങളുടെ ബന്ധുതയിലുള്ള ഒരാളോടു സഹായം തേടുക. നിങ്ങൾ ശുശ്രൂഷ ചെയ്ത ഇടങ്ങളെക്കുറിച്ച് പലപ്പോഴും വേണ്ടത്ര കാഴ്ചപ്പാട് ലഭിക്കാതെ പോകുന്നതുകൊണ്ട് അവസരങ്ങൾ നിങ്ങൾക്കു ലഭിക്കാതെ വരാം. കാഴ്ചപ്പാടുള്ള ബന്ധു നിങ്ങൾക്ക് ആവശ്യമാണ്. നിങ്ങൾ വിവാഹിതനാണെങ്കിൽ നിങ്ങളുടെ ജീവിതപങ്കാളിയുടെ സഹായം തേടാം.

3- ശുശ്രൂഷാ സംഘത്തെ നോക്കുക. നിങ്ങൾ ഒരു സഭയുടെ ശുശ്രൂഷകനായി തനിയെ ആയിരിക്കുന്നുവെങ്കിൽ നിങ്ങളുടെ ചുറ്റുപാടുള്ള മറ്റു ശുശ്രൂഷകന്മാരെ ശ്രദ്ധിക്കുക. നിങ്ങളെക്കുറിച്ച് ഒരു മുതലാളിയെപ്പോലെ കരുതാതെ സഹോദരനെപ്പോലെ അവരോട് ഇടപെടുക. നിങ്ങളും നിങ്ങളുടെ സഭയും വളർച്ച പ്രാപിക്കുന്നതിന് അവരുടെ ജീവിതത്തിലുള്ള വരങ്ങളെ അംഗീകരിക്കുവാൻ പഠിക്കുക. നിങ്ങളുടെ സഹായികൾ ഒരു ലക്ഷ്യത്തിനുവേണ്ടിയും ഒന്നായി ചേർത്തിരിക്കപ്പെട്ടിരിക്കയാണ്. നിങ്ങളുടെ പ്രവർത്തകരെ സഹാദരീ സഹോദരന്മാരായി കാണാതിരുന്നാൽ അവരുടെ വരങ്ങളെയും പോരാട്ടങ്ങളെയും ശുശ്രൂഷയിലെ താലന്തുകളെയും മനസിലാക്കാതിരുന്നാൽ സാധാരണ തിരക്കുകളൊക്കെയും വിട്ട് അവരുമായി സമയം ചെലവിടുവാൻ തുനിയുക. നിങ്ങൾ എപ്രകാരമാണ് ഒന്നു ചേർന്നു പ്രവർത്തിക്കുന്നത് . ആത്മീയമണ്ഡലത്തിൽ പോരാടുന്ന കാര്യങ്ങളെ മനസിലാക്കും വിധം ആത്മാവിലൊന്നിച്ച് ഒരു സംഘമായിതീരും വരേക്കും കെട്ടുപണി തുടരുക.

4- നിങ്ങൾക്കും നിങ്ങളുടെ സഭാകമ്മറ്റികൾക്കും ഇടയിൽ ഒരു നല്ല ബന്ധം ഉണ്ടാകേണം. മിക്ക സമയങ്ങളിലും പാസ്റ്ററും സഭാകമ്മറ്റിയും അന്യോന്യം എതിർക്കുന്നതായി കാണുന്നു. മിക്കവാറും അന്യോന്യം അറിയാത്തതാണ് ഇതിനു കാരണം. അവർ മത്സരിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നു. നിങ്ങൾക്കും സഭാകമ്മറ്റികൾക്കും ഇടയിൽ ഐക്യം കൊണ്ടുവരേണ്ടതിന് ദൈവത്തോടു പ്രാർത്ഥിക്കുക. അത് നിങ്ങളുടെ സഭയിൽ ശുശ്രൂഷയെ ശക്തിപ്പെടുത്തുന്നു.

5-ദിവസത്തിനൊടുവിൽ നടന്ന കാര്യങ്ങളെക്കുറിച്ച് ചിന്തിച്ച് അതിന് വിലയിടുമ്പോൾ നിങ്ങൾ ഇനിയും അധികമായി ബന്ധങ്ങളെ ഊട്ടി ഉറപ്പിക്കുന്നവരായി തീരേണ്ടതുണ്ടോ എന്ന് സ്വയപരിശോധന ചെയ്യുക. ഒരു സഹായിയോടുകൂടെ ചെയ്യേണ്ട കാര്യങ്ങളെ താങ്കൾ തനിയെ ചെയ്തിട്ടുണ്ടോ. ഒരാളോടെങ്കിലും ആലോചന ചോദിക്കാതെ നിങ്ങൾ തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ ? ഈ വിഷയങ്ങളിൽ മുന്നേറിവരേണ്ടതിന് സഹായിക്കുവാൻ ദൈവത്തോട് പ്രാർത്ഥിക്കുക.

പ്രിയ ശുശ്രൂഷകനേ, ഒഴിഞ്ഞു മാറിയിരിക്കുന്ന അവസ്ഥയെ വിട്ടുകളയുക. സ്നേഹിതൻ എല്ലാക്കാലത്തും സ്നേഹിക്കും അനർത്ഥകാലത്ത് അവൻ സഹോദരനായിതീരുന്നു (സദൃ. 17: 17) .



**പോൾ വാട്ടർമാൻ**
കാലിഫോർണിയായിലുള്ള ഫസ്റ്റ് ഹാർട്ട് മിനിസ്ട്രിയുടെ നേതാവാണ്.

# വിശ്വസ്ഥരെ ശിഷ്യരാക്കുക അവിശ്വസ്ഥർക്ക് ശുശ്രൂഷ ചെയ്യുക



**ഹാർവേ. എ. ഹെർമൻ**

**ഇരുപത്തിയഞ്ച് വർഷങ്ങൾക്ക തികമായുള്ള ശുശ്രൂഷയെ തിരിഞ്ഞുനോക്കുമ്പോൾ വിശ്വസ്ഥർക്ക് അധികാരം നൽ കുന്നതാണ് അത്യാവശ്യമായ കാര്യം എന്ന് ഞാൻ മനസിലാ ക്കി.**

എന്റെ ജീവിതത്തെ വ്യത്യസ്ഥമാക്കി തീർത്ത മുഖ്യമായ അഞ്ചു കാര്യങ്ങ ൾ 1953 മെയ്മാസത്തിൽ ഞാൻ അനുഭവിച്ചു. സർവകലാശാലയിലു ള്ള വിദ്യാർത്ഥികൾക്കിടയിൽ ഫല പ്രദമായ ശുശ്രൂഷ ചെയ്യുവാനാഗ്ര ഹിക്കുന്ന എല്ലാവരും ഈ വ്യക്തിപ രമായ മാറ്റത്തെ അനുഭവിക്കേണമെ ന്ന് ഞാൻ ആശിക്കുകയാണ്.

മിക്കശുശ്രൂഷകന്മാർക്കും ഇടക്കിടെ ഉണ്ടാകുന്ന ചിന്താക്കുഴപ്പമുണ്ടാക്കു ന്ന ഒരു ചോദ്യം ഞാനും അഭിമുഖീക രിക്കേണ്ടി വന്നു. ഈ ശുശ്രൂഷ എന്റെ ജോലിയായി ഞാൻ ഏറ്റെടു ത്തതിൽ ഞാൻ തെറ്റുചെയ്തിട്ടുണ്ടോ ? ഒരു മെതിവണ്ടി വലിക്കുന്ന കഷ്ടം ഞാൻ അനുഭവിച്ചു. ഞാൻ വാടി തള ർന്നുപോയി. ഞാൻ ഇപ്രകാരം ചിന്തിച്ചു. സർവകലാശാലയിലുള്ള എന്റെ ശുശ്രൂഷയിൽ പത്തുവർഷങ്ങ ൾക്കുശേഷമെങ്കിലും ഒരു ഫലം കാണുവാനാും. എന്നാൽ വാട്ടവും നിരാശയും മാത്രമാണ് എനിക്കു ലഭി ച്ചത്. കാരണമെന്ത് ? കഴിഞ്ഞ അഞ്ചുമാസങ്ങളായി വളരെ കഠിന മായി പ്രയത്നിക്കുകയാണ് എപ്പോഴ ത്തേതിലും അധികമായ ആലോചന കളെ ഇക്കാലങ്ങളിൽ ഞാൻ കൊടു ത്തിട്ടുണ്ട്. എന്നാൽ ആരും നന്നായ തായി അറിയില്ല. വാസ്തവത്തിൽ ചിലർ അധികം മോശമായിപ്പോയി എന്നുവേണം പറയുവാൻ. എപ്പോ ഴും അനുകൂലമായി പ്രതികരിച്ചിരുന്ന വിദ്യാർത്ഥികൾപോലും വർഷാവസാ നം ദിശമാറിപോകുന്നതായി എനി ക്കുതോന്നി. കർത്താവേ എന്താണ് സംഭവിക്കുന്നത്. സർവകലാശാലയി ലെ കുട്ടികൾക്കിടയിൽ പ്രവർത്തി ക്കുവാൻ ഒരു ചിലപ്പോൾ എനിക്കു യോഗ്യതയില്ലായിരിക്കാം. എന്നാൽ 1രാജാ. 19 9-18 വരെ യുള്ള വാക്യങ്ങ ളിൽ , നിരാശനായിരുന്ന ഏലിയാവി ന്റെ അടുക്കൽ കർത്താവ് വന്നതു പോലെ എന്റെ അടുക്കൽ വന്നും കർ ത്താവ് സംസാരിക്കുവാൻ തുടങ്ങി. *നീ നിന്റെ കലണ്ടർ നോക്കുക. നീ എവി ടെയാണ് നേരം ചെലവഴിച്ചത്? ആരോടുകൂടെയാണ് നേരം ചെലവഴി ച്ചത് ?* ഞാൻ ആത്മാവിന് പ്രാർത്ഥ നാപൂർവം ചെവികൊടുത്തപ്പോൾ ഒരു ചില കാര്യങ്ങൾ അവിടുന്ന് എനി ക്കു പറഞ്ഞു തന്നു.

ഞാൻ ഉത്ക്കണ്ഠയും മനസലിവുമു ള്ള ഒരുവനാണെന്നുള്ളത് പരിശുദ്ധാ ത്മാവ് എനിക്കുറപ്പിച്ചു തന്നു. തീവ്ര മായതും വ്യക്തിപരമായതുമായ ആവശ്യങ്ങളിലായിരിക്കുന്ന വിദ്യാർ ത്ഥികളോട് സ്നേഹം കാട്ടുന്നതിന് ഞാൻ അധികനേരം ചെലവഴിച്ചിട്ടു ണ്ട്. ഇത് അറിഞ്ഞ് ആവശ്യത്തിലിരി ക്കുന്ന അനേക വിദ്യാർത്ഥികൾ എന്റെ അടുക്കൽ വരുവാൻ തുടങ്ങി. അവർക്കുവേണ്ടി എന്നാൽ കഴിയുന്ന തൊക്കെയും ചെയ്യുവാൻ ഞാൻ ശ്രമി ച്ചു. എന്നാലും എന്നെക്കൊണ്ട് നൽ കുവാൻ സാധിക്കുന്നതിലും മുകളി ലായിരുന്നു അവരുടെ ആവശ്യങ്ങൾ. പിന്നീട് ആത്മാവിനാൽ ഞാൻ ഉണ ർത്തപെട്ടു. ആദ്യമായി അവർക്ക് അവരുടെ ആവശ്യത്തെ മാനിക്കുവാ ൻ എന്നെക്കൊണ്ടു മാത്രമേ സാദ്ധ്യമാ കൂ എന്ന് ഞാൻ വിചാരിച്ചു. രണ്ടാമത് ആ സംഘത്തിലുള്ള വിശ്വസനീയരും അനുകമ്പയുള്ളവരും സ്ഥിരതയുള്ളവ രുമായ വിദ്യാർത്ഥികളെ പരിഹാരിക ളായും സേവകരായും കാണുന്നതിൽ ഞാൻ പരാജയപ്പെട്ടു. ഏലിയാവിനെ പ്പോലെ അവർ കൃപയുടെ ശുശ്രൂഷ യ്ക്ക് െ കൊള്ളരുതാത്തവരെന്ന് ഞാൻ ഊഹിച്ചു. എന്റെ ഇരുമനസിനെക്കു റിച്ച് ഞാൻ മാനസാന്തരപ്പെടേണ്ടതു ണ്ടായിരുന്നു.

**ഈ വെളിപാട് എത്രമാത്രം അത്യാവശ്യമായിട്ടുള്ളതാണെന്ന് അപ്പോൾ എനിക്ക് ബോദ്ധ്യപ്പെ ട്ടില്ല**

ചിന്തയിലും നേതൃത്വ പ്രക്രിയകളി ലും ഏർപ്പെട്ട ഈ മാറ്റം എന്റെ ജീവി തത്തിലെ ഒരു നിരന്തമാറ്റമായിരു ന്നു.എന്റെ ശുശ്രൂഷയെ25 ആണ്ടുകളാ

യിട്ട് തിരിഞ്ഞു നോക്കുമ്പോൾ ഇരുപത്തിയഞ്ച് വർഷങ്ങൾക്കതികമായുള്ള ശുശ്രൂഷയെ തിരിഞ്ഞുനോക്കുമ്പോൾ വിശ്വസ്തർക്ക് അധികാരം നൽകുന്നതാണ് അത്യാവശ്യമായ കാര്യം എന്ന് ഞാൻ മനസിലാക്കി. നേതൃത്വത്തെക്കുറിച്ചുള്ള എന്റെ വീക്ഷണത്തിന് ഇതുനിമിത്തം മാറ്റമുണ്ടായി. എനിക്കു പുതിയ വഴികാട്ടിയായി തീർന്ന മൂന്നുവേദഭാഗങ്ങളെ ഞാൻ ഇവിടെ കുറിക്കുന്നു.

## നീ ചെയ്യുന്നത് നല്ലതല്ല

ജനത്തിനുവേണ്ടി മോശെ ചെയ്യുന്നതെല്ലാം കണ്ടിട്ട് അദ്ദേഹത്തോടെ അമ്മാവിയപ്പൻ ചോദിച്ചു .. നീ ജനത്തിനുവേണ്ടി ചെയ്യുന്നതെന്താണ്? രാവിലെ മുതൽ വൈകുന്നേരുംവരെ ജനങ്ങൾ മോശെക്കുചുറ്റും നിൽക്കുന്നതുകണ്ട് മോശെയുടെ അമ്മാവിയപ്പനായ യിത്രോ ചോദിച്ചതാണിത്. *നീ ചെയ്യുന്നതു നന്നല്ല . നീയും നിന്റെ അടുക്കൽ വരുന്ന ഈ ജനങ്ങളും തളർന്നുപോകും. ഈ ജോലി നിനക്കു വഹിക്കാവുന്നതിലുമധികമാണ്. നിനക്ക് തനിയെ ഇതു കൈകാര്യം ചെയ്യുവാൻ സാദ്ധ്യമല്ല. സകല ജനത്തിലും നിന്ന് പ്രാപ്തരും ദൈവഭയമുള്ളവരും സത്യസന്ധരും ദുരാദായം വെറുക്കുന്നവരുമായ പുരുഷന്മാരെ തെരഞ്ഞെടുത്ത് അവരെ ആയിരം പേർക്കും നൂറുപോർക്കും അൻപതു പേർക്കും പത്തുപേർക്കും അധിപന്മാരായി നിയമിക്കുക* എന്നു യിത്രോ മോശെക്ക് ആലോചന പറഞ്ഞു കൊടുത്തു. ജനങ്ങൾക്ക് ദൈവത്തെക്കുറിച്ച് ബോധനം നൽകി ദൈവത്തിനുവേണ്ടി ജീവിക്കേണ്ടത് എപ്രകാരമെന്നു കാട്ടികൊടുക്കയും ചെയ്യേണ്ടത് മോശെയുടെ ചുമതലയായിരുന്നു.

ഇതുതന്നെയാണ് നേതാക്കന്മാർക്ക് ദൈവം കൊടുത്ത ഉത്തരവാദിത്വം. ആത്മീക രീതിയിൽ നേരുള്ളവരെ നേതൃത്വ ചുമതലയിൽ ആക്കിവെയ്ക്കേണം. മോശെയെക്കൊണ്ട് എല്ലാ യിസ്രയേലിനെയും ഒരുമിച്ചു നയിക്കുവാൻ കഴിയാതിരുന്നതുപോലെ വിദ്യാർത്ഥികളുടെ എല്ലാ ആവശ്യങ്ങളെയും സന്ധിക്കുവാൻ ഞാൻ അപര്യാപ്തനായിരുന്നു.

## ശുശ്രൂഷക്കായി കൂടെയുള്ള ദൈവമക്കളെ ഒരുക്കുക

അപ്പൊസ്തോലനായ പൗലോസ് തന്റെ മിഷണറിയാത്രയിലൊക്കെത്തന്നെ ഈ തത്വം പ്രായോഗികമാക്കി. എഫെ. 4 :11-ൽ പൗലോസ് സഭയിലുള്ള നേതൃത്വ ചുമതലകളെക്കുറിച്ചു പറയുന്നു. നേതാക്കന്മാർ ആത്മാവിന്റെ ഐക്യം കാത്തുകൊള്ളേണമെന്ന് പൗലോസ് ആശിക്കുന്നു. വിവിധ വീക്ഷണങ്ങൾ വിടുതലിലേക്കും ക്രീയാത്മകത്വത്തിലേക്കും നയിക്കുമെന്ന് പൗലോസ് കരുതി. എന്നിരുന്നാലും 12-ാം വാക്യം വ്യാഖ്യാനിക്കുന്നവിധമാണ് എല്ലാ വ്യത്യാസങ്ങളും ഉണ്ടാക്കിയെടുക്കുന്നത്. 12- 16 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന കടമകൾക്ക് 11-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന നേതാക്കന്മാരാണ് ഉത്തരവാദികൾ എന്ന് ചിലർ കരുതുന്നു. വിശുദ്ധന്മാരെ സജ്ജരാക്കുക. സേവനം ചെയ്യുക, ക്രിസ്തുവിന്റെ സഭയെ കെട്ടുപണിയുക. ഐക്യതയെ ദാർഢ്യപ്പെടുത്തുക, ക്രിസ്തു ദൈവത്തിന്റെ പുത്രനാണെന്നു പഠിപ്പിക്കുക. സ്നേഹത്തിൽ സത്യം സംസാരിക്കുക. എന്നിത്യാദികൾ ആ ചുമതലകളിൽ പെട്ടതാണ്. ചിലർ വിചാരിക്കുന്നത് പാസ്റ്ററന്മാർ ഇപ്രകാരം ചെയ്താൽ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ പക്വത പ്രാപിക്കും എന്നാണ്. വിശുദ്ധന്മാരെ സജ്ജരാക്കുന്നതും നേതാക്കന്മാരുടെ കർത്തവ്യമാണെങ്കിൽ സജ്ജരാക്കപ്പെട്ട വിശുദ്ധന്മാരാൽ സഭയിൽ സേവനത്തിന്റെ പ്രവർത്തികൾക്കായി അവർ ഒരുങ്ങുന്നതിലൂടെ നേതൃത്വം സഭയിലേക്കു വ്യാപിക്കുന്നു. പൗലോസിനെ സംബന്ധിച്ചിടത്തോളം േനതൃത്വം എന്നത് ഒരു ചിലരിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. പത്രോസിന്റെ വാക്കുകളിൽ ഇതു ധ്വനിക്കുന്നുണ്ട്. *നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ജനതയും രാജകീയ പുരോഹിത വർഗവും വിശുദ്ധ വംശവും ദൈവത്തിന്റെ സ്വന്ത ജനവുമാകുന്നു.*

| തലമുറകൾ | ആര്? |
|---|---|
| ഒന്നാമത് | പൗലോസ് |
| രണ്ടാമത് | തിമൊഥെയോസ് |
| മൂന്നാമത് | വിശ്വസ്തർ |
| നാലാമത് | മറ്റുള്ളവർ |

## മറ്റുള്ളവരെ പഠിപ്പിക്കുവാൻ പ്രാപ്തരായ വിശ്വസ്തരെ ഭരമേൽപ്പിക്കുക

പൗലോസ് തിമൊഥിയോസിന് ഇപ്രകാരം എഴുതി , *അനേകം സാക്ഷികളുടെ മുമ്പാകെ നീ എന്നിൽ നിന്നു കേട്ടതെല്ലാം മറ്റുള്ളവരെ പഠിപ്പിക്കുവാൻ കഴിവുള്ള വിശ്വസ്തരായ മനുഷ്യനെ പരമേൽപ്പിക്കുക.*

ശിഷ്യത്വത്തിന്റെ തലമുറ കൈമാറ്റം പൗലോസിന്റെ വാക്കുകളിൽ നമുക്കു കാണുവാൻ കഴിയുന്നു.പൗലോസ്

> **ഞാൻ എന്റെ ശ്രദ്ധ അവിശ്വസ്തരായ വിദ്യാർത്ഥികളിൽ നിന്നും വിശ്വാസത്താൽ നിറഞ്ഞ വിദ്യാർത്ഥികളിലേക്കു മാറ്റുകയും അവരുമായി കൂടുതൽ സമയം ചിലവഴിക്കുകയും ചെയ്തു.**

തിമൊഥിയൊസിനോട് താനനുഭവിച്ച കഷ്ടങ്ങളെ ഓർക്കുകയും താൻ പഠിപ്പിച്ച കാര്യങ്ങളെ മറക്കാതിരിക്കുകയും ചെയ്യുവാൻ ഉത്ബോധിപ്പിക്കുന്നു. (11 തിമൊഥി. 3: 10-15). പൗലോസ് തിമൊഥിയൊസിന് എഴുതുന്ന അവസാനത്തെ ലേഖനത്തിൽ എഫെസൊസിലെ സഭയിൽ നിന്നും ഒരു ചിലരെ ശിഷ്യന്മാരായിട്ടെടുക്കുവാൻ പൗലോസ് തിമൊഥിയൊസി

നോടു പറയുന്നു. തിമൊഥിയൊസിന് ഇവിടെ വളരെ സൂക്ഷ്മതയോടെ ഒരു തെരഞ്ഞെടുപ്പ് നടത്തേണ്ടതായുണ്ട്. ഫലപ്രദമായ നേതൃത്വത്തിന്റെ രഹസ്യം തിമൊഥെയോസ് ഇവിടെ പഠിക്കുവാൻ പോകുകയാണ്. അപ്പോൾ മാത്രമേ തിമൊഥിയൊസിന്റെ വിശ്വസ്തരായ ശിഷ്യന്മാർ മറ്റുള്ളവരെയും വിശ്വസ്തരായ ശിഷ്യന്മാരായി സജ്ജമാക്കുന്നതു കാണുവാൻ കഴിയുകയുള്ളൂ.

## വിശ്വസ്തരായിരിക്കുക എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

യിത്രൊ മോശെയോട് , ദൈവത്തെ ഭയവും വിശ്വസ്തതയുമുള്ള പുരുഷന്മാരെ തെരെഞ്ഞെടുക്കുവാൻ പറഞ്ഞു. പൗലോസ് തിമൊഥിയോസിനോട് വിശ്വസ്തന്മാരെ പരമേൽപ്പിക്കുവാൻ പറയുന്നു. ഇതിൽ ***വിശ്വസ്തതയുള്ള*** എന്ന പദം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. വിശ്വസ്തതയിൽ പല പ്രത്യേക ഗുണങ്ങൾ കാണുവാൻ കഴിയും. ഒന്നാമതായി വിശ്വസ്തയുള്ള മനുഷ്യൻ വിശ്വാസമുള്ളവനാണ്. വിശ്വാസമുള്ളമനുഷ്യൻ ദൈവം ഒരു വ്യത്യാസമുണ്ടാക്കുമെന്ന് ഉറപ്പുള്ളവനാണ്. പ്രാർത്ഥന കാര്യങ്ങൾക്ക് മാറ്റമുണ്ടാക്കുന്നു എന്ന് അവൻ മാനസിലാക്കുന്നു.

രണ്ടാമതായി വിശ്വസ്തരായിരിക്കുക എന്നാൽ വിശ്വസനീയരായിരിക്കുക എന്നാണർത്ഥം. വിശ്വനീയരായിരിക്കുക എന്നത് നേതൃത്വ പ്രക്രിയയിൽ വിശ്വസ്തതയോടെ ജീവിച്ചു കാണിക്കുന്നതാണ്.

ഇപ്പോൾ വിശ്വസ്തനായ മനുഷ്യർ ആരാണ് ? മിക്കവാറും നാം കർത്താവിനെ ഈയിടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ച ചിലരെ നാം അങ്ങനെ കണക്കാക്കിയേക്കാം. എന്റെ എയും അനുഭവത്തിൽ മനപരിവർത്തനം ചെയ്ത് അധികനാളാകാത്ത കുട്ടികൾ മുറ്റും വിശ്വസ്തരായിരിക്കുന്നതു കാണാൻ കഴിഞ്ഞിട്ടുണ്ട്. ഒരു പുതിയ വിശ്വാസിക്ക് ദൈവത്തിന്റെ കാര്യങ്ഹളെ മാറ്റുവാൻ കഴിയുമെന്നുള്ള വിശ്വാസം ഏറെയാണ്. അവർക്ക് ഒരു ചിലപ്പോൾ നേതൃത്വ പാഠവും ഇല്ലായിരിക്കാം. സ്വഭാവത്തിൽ ദാർഢ്യത കുറവായിരിക്കാം. നേതൃത്വ പാഠവം ഇല്ലായിരിക്കാം. ക്രിസ്തുവിലുള്ള അവരുടെ പരിപക്വതയല്ല ഇവിടെ പ്രഥമ വിഷയമായുള്ളത്. ആ വ്യക്തി വിശ്വാസത്താൽ നിറഞ്ഞിരിക്കും എന്നുള്ളതാണ് ഇവിടെ പ്രഥമ ഗണനീയം. ശിഷ്യത്വപ്പെടുത്തുക എന്നാൽ ദൈവത്തോടൊപ്പം നടക്കുന്നവരാക്കിതീർക്കുക എന്നർത്ഥം.
അങ്ങനെ ഒരു ശിഷ്യനെ തെരഞ്ഞെടുക്കുമ്പോൾ നിങ്ങൾ വിശ്വാസത്താൽ നിറഞ്ഞവനാണോ എന്ന ചോദ്യമാണ് അവനോടു ചോദിക്കേണ്ടത്.

## വിശ്വസ്തരെ ശിഷ്യരാക്കുക, അവിശ്വസ്തർക്കു ശുശ്രൂഷ ചെയ്യുക

1983-ലെ എന്റെ രൂപാന്തര നിമിഷിങ്ങളിൽ ഞാൻ മനസിലാക്കിയ കാര്യമിതാണ്. വിശ്വസ്തരെ ശിഷ്യരാക്കുക. അവിശ്വസ്തർക്കു ശുശ്രൂഷചെയ്യുക.ഇത് എന്റെ ജീവിതത്തെ വളരെയധികം വ്യത്യാസപ്പെടുത്തി. എന്നാൽ ഇതിനു മുമ്പ് ഞാൻ അവിശ്വസ്തരായ വിദ്യാർത്ഥികൾക്കൊപ്പം പ്രാർത്ഥനയ്ക്കും കൗൺസെലിംഗിനുമായി സമയം ചെലവഴിച്ചു. അവിശ്വസ്തനായ ഒരു വിദ്യാർത്ഥിയെകൊണ്ട് ദൈവം കാര്യങ്ങൾക്കു മാറ്റമുണ്ടാക്കുമെന്നു വിശ്വാസിക്കുവാൻ കഴിയുകയില്ല. വർഷാവസാനത്തിങ്കിൽ അവിശ്വസ്തതയുടെ ഫലം കൂടുതൽ അവിശ്വസ്തതയായി കാണുവാനിടയായിട്ടുണ്ട്. അപ്പോൾ തന്നെ വിശ്വസ്തരായ വിദ്യാർത്ഥികളെ അവഗണിച്ചു കളയുവാനും ഇടയായി. എന്നാൽ 1983-നു ശേഷം ഞാൻ എന്റെ ശ്രദ്ധ അവിശ്വസ്തരായ വിദ്യാർത്ഥികളിൽ നിന്നും വിശ്വാസത്താൽ നിറഞ്ഞ വിദ്യാർത്ഥികളിലേക്കു മാറ്റുകയും അവരുമായി കൂടുതൽ സമയം ചിലവഴിക്കുകയും ചെയ്തു.

വിശ്വസ്തരെ ശിഷ്യരാക്കുക. അവിശ്വസ്തർക്ക് ശുശ്രൂഷ നൽകുക എന്നത് നേതൃത്വ മുൻഗണനയിലെ രണ്ടു പ്രധാന വിഷയങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. ഒരു നേതാവ് ശിഷ്യത്വത്തിലേക്കാണ് തന്റെ പ്രഥമ ശ്രദ്ധ ചെലുത്തേണ്ടത്.ശിഷ്യത്വം എന്നതും ശുശ്രൂഷ എന്നതും രണ്ടു ക്രിയാപദങ്ങളായാണ് ഞാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഇവ രണ്ടും ഒരു ജീവിത പാദയാണ്. നയിച്ചുകൊണ്ടുപോകേണ്ടവഴിയാണ്, എന്റെ നേരത്തിന്റ എ കൂടതൽ സമയങ്ങളും ഊർജ്ജവും വിശ്വസ്തരെ സജ്ജമാക്കുവാൻവേണ്ടി ഉപയോഗിച്ചു. അങ്ങനെ ചെയ്തതിലൂടെ ശിഷ്യരാക്കുക എന്ന യേശുവിന്റെ ശ്രേഷ്ഠകല്പനയെ ാൻ അന്വർത്ഥമാക്കുകയാണ് ചെയ്തത്.

ഈ തീരുമാനത്തിലെത്തുവാൻ ഞാൻ അത്യധികം മനഃപോരാട്ടം കഴിക്കേണ്ടി വന്നു. എന്തുകൊണ്ടെന്നാൽ ആദ്യമൊക്കെ അത് അനുകമ്പാപൂർവമല്ലാത്ത ഒരു കാര്യമായി എനിക്കു തോന്നി. സത്യത്തിൽ അതു ഞാൻ ചെയ്താൽ ഏറ്റവും അനുകമ്പാപൂർവമായ ക്രിയയാകുന്നു. വിശ്വസ്തരെ ശിഷ്യരാക്കുന്ന ജീവിതത്തെ ഞാൻ തിരിഞ്ഞു നോക്കുമ്പോൾ ഇന്ന് അധികം ഫലദായകത്വത്തോടെ മറ്റുള്ളവരെ വഴികാട്ടി അവരോട് അനുകമ്പകാട്ടത്തക്ക വിദ്യാർത്ഥികളും കോളേജു മിഷണറിമാരും അധികാരങ്ങളിലിരിക്കുന്നത് എനിക്കു കാണുവാൻ കഴിഞ്ഞു.

അവഗണിക്കപ്പെട്ടവരും ഹാനിക്കപ്പെട്ടവരും ആവശ്യത്തിലിരിക്കുന്നവരുമായ കുട്ടികളെ സന്ധിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ വിശ്വാസത്താൽ നിറഞ്ഞ വിദ്യാർത്ഥികളെ കണ്ടുപിടിച്ച് അവരെ ശിഷ്യരാക്കി. ഇങ്ങെ ചെയ്യുന്നതിലൂടെ കോളേജിലുള്ള നഷ്ടപ്പെട്ടവരെ നേടത്തക്കവണ്ണം ഒരു സൈന്യത്തെയാണ് നിങ്ങൾ ഇവിടെ ഉണ്ടാക്കിയെടുക്കുന്നത്. അവർ ആവശ്യത്തിലായിരിക്കുന്നവരെ ശുശ്രൂഷിക്കുകയും അവരെ ശിഷ്യരാക്കുകയും ചെയ്യും. ഇത് തലമുറകൾ കടന്ന് ഒഴുകി ചെല്ലുന്ന ഒന്നാണ്. ഇത് ആരാഞ്ഞു മനസിലാക്കിയ ഒന്നാണ്. ഇത് തലകീഴായ ഒന്നായി തോന്നിയാലും യേശുവിന്റെ വാക്കുകളായി എനിക്കു ധ്വനിക്കുന്നു. വിശ്വസ്തന്മാരെ ശിഷ്യരാക്കുന്നതിലൂടെ കൂടുതൽ ഫലം ലഭിക്കുവാനിടയാകും.

# ശക്തിയായി തീർക്കുക



**നാം ജനങ്ങളെ സ്നേഹിക്കുമ്പോൾ അവർ നമ്മെ സ്നേഹിക്കുകയും നമ്മുടെ ദർശനത്തിന് താങ്ങായിരിക്കുകയും ചെയ്യുന്നു.**



ഞാൻ 29-ാമത്തെ വയസിലാണ് ഇടയ ശുശ്രൂഷ ഏറ്റെടുത്തത്. ആദ്യത്തെ രണ്ടു വർഷം ഞാ എന്റെഎ കോളേജിലോ സെമിനാരിയിലോ പഠിക്കാത്ത പല കാര്യങ്ങളും പഠിക്കുവാനിടയായി. നാം അനുഭവത്തിലൂടെ കടന്നു പോകാത്തിടത്തോളം മനസിലാക്കാത്ത പല കാര്യങ്ങളുമുണ്ട്. ചില തത്വങ്ങൾ ഞാൻ താഴെ കുറിക്കുന്നു. അത് ഫലപ്രദമായ ശുശ്രൂഷയ്ക്ക് നിങ്ങളെ ഒരുക്കുമെന്നു പ്രത്യാശിക്കുന്നു.

**നിങ്ങളുടെ വിളി നിങ്ങളെ ദുഷ്ക്കരമായ സമയങ്ങളിലൂടെ കടത്തിക്കൊണ്ടു പോകുന്നു.** ഞാൻ ദൈവത്തിന്റെ ഹിതത്തിനുള്ളിലാണ് എന്ന് ഞാൻ മനസിലാക്കിയിരുന്നില്ലയെങ്കിൽ ശുശ്രൂഷയിലെ എന്റെഎ ആദ്യത്തെ രണ്ടുവർഷം എനിക്കു തുടർന്നു കൊണ്ടു പോകുവാൻ കഴിയുമായിരുന്നില്ല. ഇപ്പോൾ നിങ്ങൾ ആയിരിക്കുന്ന സ്ഥലത്ത് പ്രതിഫലമോ ആയിരിക്കുന്ന സ്ഥാനത്തിന്റെ ശ്രേഷ്ഠതയെ നോക്കാതെ ദൈവം നിങ്ങളെ ആക്കി വെച്ചിരിക്കുന്നു എന്നുള്ളത് നിശ്ചപ്പെടുത്തുക.

**നിങ്ങളുടെ സ്വന്തബലത്തിൽ കെട്ടുപണിയുക.** ഒരു യവ്വനക്കാരനായ പാസ്റ്ററിൽ അരക്ഷിതബോധമുണ്ടാവുക സാധാരണമാണ്. ഇത് ജയളാകളും മുതിർന്നവരുമായ മറ്റുള്ളവരെ അനുകരിപ്പാൻ അവരെ പ്രചോദിപ്പിക്കും. നിങ്ങൾ ഏതിലാണ് കഴിവുള്ളവനായിരിക്കുന്നത്. എന്തു വരങ്ങളാണ് നിങ്ങൾക്കുള്ളത് എന്നു മനസിലാക്കുക. അങ്ങനെ നിങ്ങൾക്കുള്ള ബലത്തിൽ ശ്രദ്ധചെലുത്തി മുന്നോട്ടു പോവുക.

**ദൈവം പിന്നീട് നിങ്ങൾക്കു തരുന്ന ഉത്തരവാദിത്വത്തെയും താങ്ങത്തക്കവണ്ണമുള്ള ശക്തമായ അടിസ്ഥാനമിടുക.** കെട്ടിടത്തിന് ആഴമായ അടിസ്ഥാനം ആവശ്യമാണ് . നിങ്ങളുടെ ശുശ്രൂഷയുടെ തുടക്കത്തിൽ ശുശ്രൂഷക്കായുള്ള തയ്യാറെടുപ്പിനും വളർച്ചക്കും സമയം ചെലവഴിക്കുക. പല ശുശ്രൂഷകരും പ്രസംഗികരും കഴിവിനെയും സ്വകാര്യ പ്രാർത്ഥനയെയും പഠിക്കുന്ന സ്വഭാവത്തെയും വളർത്തിക്കൊണ്ടു വരാത്തതിനാൽ മദ്ധ്യവയസ് ആകുമ്പോഴേക്കും വാടിപോകുവാനിടയാകും. ഇത് സഭയിൽ ആത്മീയ പഞ്ഞത്തിനു കാരണമായിത്തീരും.

**നിങ്ങളുടെ ബലം മതിയായതല്ല.** നിങ്ങളുടെ വിദ്യാഭ്യാസത്തിനും പരിശീലനത്തിനും വരങ്ങൾക്കും ചെയ്യെടുക്കാവുന്ന ഒരു പരിധിയുണ്ട്. നിങ്ങൾ ചെയ്യുന്ന ജോലി നിങ്ങളുടേതല്ല പിന്നയോ ദൈവത്തിന്റേതാണ്. വിവിധ താലന്തുകളുള്ള പൗലോസ് ഒരു കാര്യം മനസിലാക്കി. ഞങ്ങളുടെ സുവിശേഷം വചനമായി മാത്രമല്ല , ശക്തിയോടും പരിദ്ധാത്മാവോടും ഏറെ നിശ്ചയത്തോടുംകൂടെയായിരുന്നു നിങ്ങളുടെ അടുക്കൽ എത്തിയത്. ദൈവത്തിന്റെ ശക്തിയില്ലാതെ ഒരു ശുശ്രൂഷ വളരുകയില്ല.

**കാര്യങ്ങളെ ശ്രദ്ധിക്കുക.** എന്റെ ശുശ്രൂഷയുടെ ആദ്യകാലത്ത് ദൈവം എന്നോട് ഈ പുൾത്തകിടിയെ കാത്തുസൂക്ഷിക്കുവാൻ കഴിയാത്ത നിനക്ക് എങ്ങനെ ആളുകളെ കാത്തുസൂക്ഷിക്കുവാൻ കഴിയുമെന്ന് ചോദിച്ചു. ഉടൻ തന്നെ അവിടെ പുതിയ പുല്ലുകളെ വെച്ചുപിടിപ്പിച്ച് ഞാൻ അതിനെ ശരിയാക്കി. ആറുമാസങ്ങൾക്കുള്ളിൽ സഭയിൽ ആത്മാക്കൾ മൂന്നു മടങ്ങായി വർദ്ധിച്ചു. ഇതിനു കാരണം പുൽത്തകിടിയാണോ? ഒരിക്കലും അല്ല. കരുതുക എന്നുള്ള തത്വമാണ് ഇവിടെ പ്രായോഗികമായത്.

**നിങ്ങളുടെ ദർശനത്തെക്കാളധികം ആളുകളെ സ്നേഹിക്കുക.** എന്റെ ശുശ്രൂഷയുടെ ആദ്യകാലത്ത് എന്റെ ദർശനത്തിന് ജനങ്ങളെക്കാളധികം പ്രാധാന്യം കൊടുക്കുകയും അതു ചെയ്യെടുക്കുന്നതിന് പലപ്പോഴും ഞാൻ ജനങ്ങളെ അവഗണിക്കുകയും ചെയ്തു. അതിനായി സഭയെ ഭിന്നിപ്പിക്കുന്നതിനുപോലും ഞാൻ തയ്യാറായിരുന്നു. എന്നാൽ നാവ് അടക്കുവാൻ പരിശുദ്ധാത്മാവ് എന്നോടു പറഞ്ഞു. ഭിന്നിപ്പിക്കുവാനല്ല പിന്നയോ ഒന്നിപ്പിക്കുവാൻ പരിശുദ്ധാത്മാവ് എന്നെ സഹായിച്ചു. നാം ജനങ്ങളെ സ്നേഹിക്കുമ്പോൾ അവർ നമ്മെ സ്നേഹിക്കുകയും നമ്മുടെ ദർശനത്തിന് താങ്ങായിരിക്കുകയും ചെയ്യുന്നു.

**നേതൃത്വം ഐക്യപ്പെടാതിരുന്നാൽ ആ ുകം ഭിന്നിക്കപ്പെടും.** നേതൃത്വത്തിലെ ഐക്യതയിലല്ലാതെ നിങ്ങൾ തീരുമാനമെടുത്താൽ അത് ജനങ്ങളുടെ ഇടയിൽ ഭിന്നിപ്പിനു കാരണമാകും . തീരുമാനങ്ങൾക്കു മുമ്പ് ഉപവസിച്ചു പ്രാർത്ഥിക്കുക.

**രാജാവിനെയും രാജ്യത്തെയും സ്നേഹിക്കുക .** നമ്മുടെ സഭ നമ്മുടെ പേരിൽ വളർത്തുവാനാഗ്രഹിക്കരുത്. അത് ദൈവത്തിന്റെ പേരിൽ വളർത്തണം ദൈവരാജ്യത്തിന് മുഖ്യത്വം കൊടുക്കണം. വൈത്തിന്റെ ശ്രേഷ്ഠകല്പനയ്ക്ക് നാം മുൻഗണന നൽകണം. പ്രേഷിത മനസ്സുള്ള സഭയെയും ശുശ്രൂഷകനെയും ദൈവം അനുഗ്രഹിക്കും.

**ജോർജ് ഒ. വുഡ്,** *ജനറൽ കൗൺസിൽ ഓഫ് അസംബ്ലീസ് ഔഫ് ഗോഡിന്റെ ഝനറൽ സൂപ്പറിന്റഡറാണ്.*